# തഴക്കര ഗ്രാമ പഞ്ചായത്ത്

## ജനകീയ ആസൂത്രണം



## സമഗ്ര വികസന രേഖ




# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

# തഴക്കര ഗ്രാമ പഞ്ചായത്ത്





4-4-1.

# ഒമ്പതാം പദ്ധതി-ജനകീയ പദ്ധതി

## തഴക്കര ഗ്രാമപഞ്ചായത്ത്

## പഞ്ചായത്ത് വികസന സെമിനാർ

## സമഗ്ര വികസന രേഖ

# തഴക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി



മുരളി തഴക്കര
പ്രസിഡന്റ്



റ്റി.കൃഷ്ണൻ
വൈസ് പ്രസിഡന്റ്



കെ. വാസുദേവൻ
സെക്രട്ടറി



ഡോ.പി.എൻ.വിശ്വനാഥൻ
സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ



എലിസബത്ത് കുര്യൻ



മുരളിവൃന്ദാവനം



കെ.വി. ബാലകൃഷ്ണപിള്ള



വിലാസിനി
കൃഷ്ണൻകുട്ടി



ജോൺ പീടികയിൽ



റ്റി.പി. വിക്രമനുണ്ണിത്താൻ



കെ.മിനി



കെ കെ.മനോജ്



സരസുസാറാമാത്യു



ലേഖാവിജയകുമാർ

# തഴക്കര പഞ്ചായത്തിലെ
# മുൻ പ്രസിഡന്റന്മാർ



സി.കെ. കൃഷ്ണപിള്ള



തുണ്ടുപറമ്പിൽ ദാമോദരൻപിള്ള



പി.കെ. കുര്യൻ



മുരളി തഴക്കര

കോശി എം.കോശി.

## തഴക്കര പ്രദേശത്തുനിന്നുള്ള
## ജില്ലാ,ബ്ലോക്ക്, പഞ്ചായത്ത് പ്രതിനിധികൾ



അഡ്വ.ഇറവങ്കര വിശ്വനാഥൻ
ജില്ലാസ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ



കെ.രഘുപ്രസാദ്
ബ്ലോക്ക് വൈസ് പ്രസിഡന്റ്



പ്രദീപ് കാവിൽ



ഷീലാ
രവീന്ദ്രനുണ്ണിത്താൻ

ഇവിടെ തുടങ്ങുന്നു....

# വികസനരേഖ തയ്യാറാക്കിയ സബ് കമ്മിറ്റി

- മുരളിതഴക്കര
- റ്റി. കൃഷ്ണൻ
- ഡോ.പി.എൻ. വിശ്വനാഥൻ
- റ്റി.പി.വിക്രമനുണ്ണിത്താൻ
- ജോൺ പീടികയിൽ
- കെ.മിനി.
- കെ.ജി.ഷാ
- ജി.അജയൻ
- ശ്രീമതി. ഓമനക്കുട്ടിയമ്മ
- കെ.ജി.മഹാദേവൻ
- രാധാകൃഷ്ണൻ തകിടിയിൽ

# വികസന റിപ്പോർട്ട്

## ഉള്ളടക്കം

ആമുഖം

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിലെ മറ്റ് പൊതുവിവരണം

സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

ഭൂപ്രകൃതിയും വിഭവങ്ങളും

സാമൂഹിക സാമ്പത്തിക മേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളവും പൊതുജനാരോഗ്യവും
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്, റോഡ്
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്ക്കാരം
9. വനിത
10. സഹകരണം
11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
12. വിഭവസമാഹരണങ്ങൾ

ഉപസംഹാരം

നന്ദി

# ആമുഖം

സ്വാതന്ത്യാനന്തരഭാരതത്തിലെ ഏറ്റവും ശ്രദ്ധേയമായ ഒരു മുഹൂർത്തത്തിന് സാക്ഷ്യം വഹിക്കുവാൻ ഭാഗ്യം സിദ്ധിച്ച കേരളീയ ജനതയുടെ സന്തോഷവും ചാരിതാർത്ഥ്യവും നമ്മെ കർമ്മോത്സുകരാക്കുന്നു. സ്വാതന്ത്ര്യസുദിനത്തിന്റെ 50-ാം വാർഷികം കൺമുമ്പിൽ എത്തിനിൽക്കുന്ന ഈ അവസരത്തിലെങ്കിലും ജനാധിപത്യത്തിന്റെ വ്യാഖ്യാനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും അധികാരവും ആസൂത്രണവും അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക് ദിശാമാറ്റം നടത്തുവാൻ ഇടയാക്കിയതിലും നമുക്ക് അഭിമാനിക്കാം.

ഒൻപതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയാക്കി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത് നമ്മുടെ വികസന ചരിത്രത്തിലെ സുപ്രധാനമായ ഒരു സംഭവമാണ്. സർക്കാരിന്റെ പദ്ധതി വിഹിതത്തിന്റെ 40 ശതമാനം സമ്പത്ത് പഞ്ചായത്തുകൾക്ക് കൈമാറുന്നതിനുള്ള നിർദ്ദേശവും അതിനുള്ള പരിശ്രമവും ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ സഹായകരമാണ്. മാത്രമല്ല സമൂഹത്തിലെ വിവിധ സ്രോതസ്സുകൾ (പണം, അധ്വാനം, വിഭവങ്ങൾ) ഉപയോഗപ്പെടുത്തിയും വികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയത്തക്കവണ്ണം ആസൂത്രണ പ്രക്രിയ വിപുലപ്പെടുത്തുന്നതുകൊണ്ട് കേരളവും പഞ്ചായത്തുകളും ഇന്ന് നേരിടുന്ന വികസന പ്രതിസന്ധികൾക്ക് ഒരു അളവുവരെ പരിഹാരം കാണുവാൻ കഴിയും എന്നുള്ളത് യാഥാർത്ഥ്യമാണ്. ഒരു പുത്തൻ ഇച്ഛാശക്തിക്ക് കേരളത്തിന് പുതിയ രൂപഭാവങ്ങൾ നൽകാൻ കഴിയുമെന്നുള്ളത് ഉറപ്പാണ്.

ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ തഴക്കര ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത് 1996 സെപ്റ്റംബറിലാണ്. ചുരുങ്ങിയ നാളുകൾക്കൊണ്ട് പഞ്ചായത്തിൽ ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യവും ആവശ്യകതയും ജനങ്ങളിലേക്ക്എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 13 വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചുചേർത്തത് കൂടാതെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് നിരവധി ബോധവത്ക്കരണ ക്യാമ്പുകൾ, പ്രത്യേകം പ്രത്യേകം സബ് കമ്മിറ്റികൾ, വിവര ശേഖരണ പ്രസ്ഥാനങ്ങൾ, ഇവയെല്ലാം രൂപീകരിക്കുവാനും പ്രവർത്തനക്ഷമമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. കാലത്തിന്റെ കുത്തൊഴുക്കിൽപെട്ട് പുത്തൻതലമുറയ്ക്ക് നഷ്ടപ്പെട്ട ലക്ഷ്യബോധവും ദിശാബോധവും • സന്നദ്ധ പ്രവർത്തനതല്പരതയും വീണ്ടെടുക്കുവാനുള്ള ആശയ പ്രചരണത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടാണ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്.

ആധുനികവത്ക്കരണത്തിന്റെയും കമ്പോളവത്ക്കരണത്തിന്റെയും പിടിയിലമർന്നുപോയ നമ്മുടെ സമൂഹവും ചുറ്റുപാടുകളും ഇന്ന് ഏതുതരം പ്രവർത്തനത്തിലും നിസംഗരായി നോക്കിനിൽക്കുന്ന ദയനീയമായ കാഴ്ച അമ്പരപ്പോടെ മാത്രമേ കാണാൻ കഴിയൂ. ഇന്നത്തെ ഈ ദയനീയ അവസ്ഥക്ക് മാറ്റം വരുത്തുവാൻ ജനകീയ ആസൂത്രണം പ്രസ്ഥാനത്തിന് കഴിയുമെന്ന പ്രത്യാശയാണ് ഞങ്ങളെ നയിക്കുന്നത്.

തഴക്കര ഗ്രാമപഞ്ചായത്തിലെ ബഹുജന രാഷ്ട്രീയ ബോധത്തിന്റെയും മുൻകാല ജനസേവകരുടെ ഉത്തമപാരമ്പര്യ സംഭാവനകളുടെയും ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട് സന്നദ്ധസേവന തല്പരതയ്ക്ക് പഴയകാല ദിശാബോധം ഉണ്ടാക്കിയെടുക്കുവാനും ജനകീയ ആസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കുവാനും ചരിത്രത്തിന്റെ വർത്തമാനകാല വെല്ലുവിളികൾ നമ്മെ പ്രേരിപ്പിക്കുന്നു. ഈ വെല്ലുവിളികളെ നേരിടാനുള്ള അവസരം കൈവന്നതിലുള്ള അത്യാഹ്ളാദത്തോടെ തഴക്കര ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന രേഖ നാളെയുടെ ചരിത്രയാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ പങ്കെടുക്കുവാനുള്ള ദൃഢനിശ്ചയത്തോടെ നമ്മുക്ക് കൈകോർത്ത് മുന്നോട്ട് നീങ്ങാം.

# പഞ്ചായത്ത്

# പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | തഴക്കര ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | തഴക്കര, വെട്ടിയാർ |
| ബ്ലോക്ക് പഞ്ചായത്ത് | - | മാവേലിക്കര |
| താലൂക്ക് | - | മാവേലിക്കര |
| ജില്ല | - | ആലപ്പുഴ |
| അസംബ്ലി മണ്ഡലം | - | പന്തളം ( എസ്.സി.) |
| വിസ്തീർണ്ണം | - | 25.26 ച.കി.മീ. |
| അതിരുകൾ | - | വടക്ക് അച്ചൻകോവിലാറ്, പടിഞ്ഞാറ് മാവേലിക്കര മുൻസിപാലിറ്റി തെക്ക് മാവേലിക്കര തെക്കേക്കര, ചുനക്കര പഞ്ചായത്തുകൾ, കിഴക്ക് നൂറനാട് പഞ്ചായത്ത്. |
| ജനസംഖ്യ | - | 35126 |
| പുരുഷൻമാർ | - | 16730 |
| സ്ത്രീകൾ | - | 18396 |
| പട്ടികജാതി - പട്ടികവർഗ്ഗം | - | 7093 |
| ജന സാന്ദ്രത | - | 1391 |
| അക്ഷരാഭ്യാസമുള്ളവർ | - | 27734 |
| വാർഡുകൾ | - | 13 |
| പ്രസിഡന്റിന്റെ പേര് | - | മുരളി തഴക്കര, വല്ല്യയ്യത്ത് വീട് |
| വൈസ് പ്രസിഡന്റിന്റെ പേര് | - | റ്റി. കൃഷ്ണൻ, പ്രേം നിവാസ്, വെട്ടിയാർ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | - | ഡോ.പി.എൻ.വിശ്വനാഥൻ, അരവിന്ദ് ഭവനം, കല്ലിമേൽ. |

# പഞ്ചായത്തിലെ മറ്റ് പൊതുവിവരണം

| | | |
|---|---|---|
| കോളേജുകളുടെ എണ്ണം | - | 1 |
| ഹയർ സെക്കന്ററി സ്കൂൾ | - | 1 |
| മറ്റ് ഹൈസ്കൂൾ | - | 2 |
| അൺ എയിഡ്ഡ് ഹൈസ്കൂൾ | - | 1 |
| യു.പി. സ്കൂൾ | - | 3 |
| എൽ.പി.സ്കൂൾ | - | 11 |
| പോസ്റ്റാഫീസുകൾ | - | 6 |
| റേഷൻ കടകൾ | - | 21 |
| റേഷൻ ഹോൾസെയിൽ | - | 1 |
| മാവേലിസ്റ്റോർ | - | 1 |
| സർവ്വീസ് സഹകരണ സംഘം | - | 4 |
| കൺസ്യൂമർ സഹകരണസംഘം | - | 1 |
| വനിതാ സഹകരണസംഘം | - | 1 |
| ഹൗസിംഗ് സഹകരണസംഘം | - | 1 |
| ക്ഷീരോത്പാദക സഹകരണ സംഘം | - | 5 |
| പട്ടികജാതി നെയ്ത്തു സഹകരണസംഘം | - | 1 |
| പ്രിന്റിംഗ് പ്രസ്സുകൾ | - | 7 |
| വ്യവസായ സ്ഥാപനങ്ങൾ | - | 49 യൂണിറ്റ് (ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്) |
| മറ്റ് വ്യവസായ സ്ഥാപനങ്ങൾ | - | 15 |
| ഫാമിംഗ് സൊസൈറ്റി | - | 3 |
| കൃഷി ഫാം | - | 1 |
| സീഡ് ഫാം | - | 1 |
| ഖാദി യൂണിറ്റ് | - | 1 |
| പ്രാഥമിക ആരോഗ്യകേന്ദ്രം | - | 1 |
| ആയുർവ്വേദ ആശുപത്രി | - | 1 |
| സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ | - | 1 |

# സാമൂഹ്യ സാംസ്കാരിക ചരിത്രം

ഈ പഞ്ചായത്തിന്റെ തഴക്കരയെന്ന പേരുമായി ബന്ധപ്പെട്ടു നിരവധി ഐതീഹ്യങ്ങൾ നാട്ടിൽ പറഞ്ഞുകേൾക്കുന്നുണ്ട്. മഹാബലി തമ്പുരാന്റെ രാജഭരണകാലത്ത് അദ്ദേഹത്തിന്റെ ആസ്ഥാനമായിരുന്ന മഹാബലിക്കരയോട് ചേർന്നുകിടന്ന പ്രദേശങ്ങളിൽ അദ്ദേഹത്തിന് ഏറെ പ്രിയമുണ്ടായിരുന്ന പ്രദേശമെന്ന നിലയിൽ 'തലക്കര' എന്നു പരിഗണിച്ചിരുന്ന പ്രദേശമാണ് പിൽക്കാലത്ത് തഴക്കരയെന്നറിയപ്പടുന്നത് എന്നു കരുതുന്നവർ ഏറെയുണ്ട്. കൂടാതെ ഇടപ്പള്ളി സ്വരൂപം ഈ പ്രദേശമാകെ വാണരുളിയ കാലത്ത് സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും കലാപരമായും മുന്നിൽനിന്ന പ്രദേശമെന്ന നിലയിൽ തലക്കരയായി കണ്ടിരുന്ന പ്രദേശമാണ് പിന്നീട് തഴക്കരയായത് എന്ന് പറഞ്ഞുകേൾക്കുന്നുണ്ട്. ചേരമാൻ പെരുമാളിന്റെ കാലത്ത് കരകൗശലത്തൊഴിലുമായി ബന്ധപ്പെട്ട് ഒരു സംഘമാളുകൾ ഈ ഈ പ്രദേശത്ത് വന്ന് താമസം ഉറപ്പിച്ചിരുന്നുവെന്നും കൈത ഓലകൾ ഉണക്കി മനോഹരമായ അലങ്കാരവസ്തുക്കൾ നെയ്ത് ഉണ്ടാക്കി ചേരമാൻപെരുമാളിന്റെ നാട്ടിൽ കൊണ്ടുപോയിരുന്നുവെന്നും അന്ന് ഈ പ്രദേശമാകെ കൈത പ്രത്യേകമായും നട്ടുവളർത്തിയിരുന്നുവെന്നും ഉണങ്ങിയ കൈത ഓലയെ തഴയെന്നാണ് പറഞ്ഞിരുന്നതെന്നും ആ കാലം മുതലാണ് ഈ പ്രദേശത്തെ തഴക്കരയെന്ന് വിളിക്കുന്നതെന്നും കരുതുന്നവരുണ്ട്.

ഇന്ന് ഈ പഞ്ചായത്ത് പ്രദേശത്ത് രണ്ടു റവന്യൂവില്ലേജുകളുണ്ട്. തഴക്കര, വെട്ടിയാർ എന്നിവയാണ് ഈ വില്ലേജുകൾ . വെട്ടിയാറിനും ഒരു ചരിത്രപശ്ചാത്തലമുണ്ട്. വെൺമണി ഇല്ലത്ത് മേപ്പുറത്ത് ഇന്നുള്ള പ്രാഥമിക ആരോഗ്യകേന്ദ്രം നിൽക്കുന്ന ഭാഗത്തെ വരട്ടാറ് എന്നറിയപ്പെടുന്ന നീരൊഴുക്ക് പ്രദേശം പണ്ട് അച്ചൻകോവിലാറ് ഒഴുകിയിരുന്ന പ്രദേശമായിരുന്നുവെന്ന് അന്നത്തെ സന്നദ്ധതല്പരതയുള്ള കർഷകർ സംഘടിതമായി പണിയായുധങ്ങളുമായി ഇറങ്ങി അച്ചൻകോവിലാറിന്റെ ഗതിവെട്ടിമാറ്റി. അവരുടെ കാർഷിക -കാർഷികേതര ആവശ്യങ്ങൾക്ക് ജലലഭ്യത ഉണ്ടാക്കുവാൻ നടത്തിയ കഠിനാദ്ധ്വാനത്തിന്റെ ഫലമായിട്ടാണ്. അച്ചൻകോവിലാറ് ഈ പ്രദേശത്തുകൂടി ഒഴുകുന്നതെന്നും അന്നുമുതലാണ് ഈ പഞ്ചായത്ത് പ്രദേശത്തിന്റെ കിഴക്കുള്ള ഭൂപ്രദേശത്തെ വെട്ടിയാർ എന്നറിയപ്പെടുന്നതെന്നും കരുതുന്നു. മനുഷ്യാദ്ധ്വാനത്തിന്റെയും കർഷകസമൂഹത്തിന്റെ സംഘം ചേരലിന്റെയും പൈതൃകപാരമ്പര്യമാണ് വെട്ടിയാറിനുള്ളത്.

മാവേലിക്കര രാജകുടുംബങ്ങളുമായി ബന്ധപ്പെട്ട സ്വാധീനങ്ങളുടെയും സഹകരണത്തിന്റെയും പൈതൃകം ഈ പ്രദേശത്തിനുണ്ട്. കാലാകാലത്ത് രാജഭരണം നടത്തിക്കൊണ്ടിരുന്ന തമ്പുരാക്കൻമാർ അവരുടെ വേനൽക്കാലവസതിയായി ഉപയോഗിച്ചിരുന്ന ബംഗ്ലാവാണ് ഇന്നു കൊച്ചാലുംമൂട് ജംഗ്ഷനിൽ ഇലക്ട്രിസിറ്റി ഓഫീസായി ഉപയോഗിക്കുന്ന പഴയ കെട്ടിടം എന്ന് ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. ഈ കെട്ടിടത്തിന് 200 മീറ്റർ തെക്കുമാറി ഇന്ന് കാണാൻ കഴിയുന്ന 'പൊയ്കയിൽ കുളം' തമ്പുരാക്കന്മാർ നീരാട്ടിനുപയോഗിച്ചിരുന്ന കുളമാണെന്നാ കരുതുന്നു. കുളത്തിന്റെ നിർമ്മാണ ഭംഗിയും അതിന്റെ ജീർണ്ണിച്ച കൽക്കെട്ടുകളും ഈ ധാരണ സ്ഥിതീകരിക്കുന്നു.

അധിപുരാതനമായ മാവേലിക്കര-ശബരിമല റോഡ് കടന്നുപോകുന്നത് ഈ പഞ്ചായത്തിന്റെ 2-ാം വാർഡിലൂടെയാണ് ശബരിമലയുമായി ബന്ധപ്പെട്ടുള്ള 'പേട്ടമേൽ' കടവാണ് ഇന്ന് പൊറ്റമേൽ കടവായി അറിയപ്പെടുന്നതും ഈ പ്രദേശത്തെ മുതിർന്ന കാരണവന്മാർ പറയുന്നു. ഈ കടവിന് പടിഞ്ഞാറ് മാറിയുള്ള പ്രശസ്തവും വിശാലവുമായ മണൽപ്പുറം പുരാതനകാലത്തെ ശബരിമല തീർത്ഥാടകരുടെ വിശ്രമകേന്ദ്രമായിരുന്നുവെന്ന് ഈ പ്രദേശത്തെ ആളുകൾ പറയുന്നു.

വെട്ടിയാർ 5-ാം വാർഡിലെ പ്രസിദ്ധമായ കൊട്ടാരത്തിൽ 'പുരയിടത്തിനും' ഒരു കഥ പറയാനുണ്ട്. നൂറ്റാണ്ടുകൾക്കപ്പുറത്ത് ഇവിടെ ഒരു മനോഹരമായ കൊട്ടാരമുണ്ടായിരുന്നുവെന്നും പന്തളം കൊട്ടാരത്തിലെ രാജാക്കന്മാർ വിനോദകാര്യങ്ങൾക്കായി ഒത്തുകൂടാറുണ്ടായിരുന്ന ഈ കൊട്ടാരവും പരിസരവും- കാലപ്പഴക്കത്തിൽ കർഷകത്തൊഴിലാളികൾ സംഘടിതമായി പിടിച്ചെടുക്കുകയും താവളമുറപ്പിക്കുകയും മാസങ്ങൾക്കുശേഷം പന്തളം കൊട്ടാരത്തിലെ സേനാഅംഗങ്ങൾ ആയുധങ്ങളുമായിലവന്ന് ഈ തൊഴിലാളികളെ നേരിട്ടുവെന്നും കുറെപ്പേരെ വെണ്മണി ഭാഗത്തേക്ക് രക്ഷപ്പെടുന്നുവെന്നും പുലയരായിരുന്ന ആകർഷകത്തൊഴിലാളികൾ വെണ്മണിപഞ്ചായത്ത് പ്രദേശത്ത് താവളമുറപ്പിച്ച ഭാഗത്തെയാണ് ഇന്നും 'പുലക്കടവ്' എന്ന് അറിയപ്പെടുന്നത് എന്നും പറഞ്ഞുകേൾക്കുന്നു.

തഴക്കര വാർഡിലെ സുബ്രഹ്മണ്യക്ഷേത്രവും വഴുവാടിയിലെ പനയന്നാറുകാവ് ക്ഷേത്രവും കുന്നത്തെ ധർമ്മശാസ്താക്ഷേത്രവും ഇറവങ്കരയിലെ തലേൽക്കാവിൽ ക്ഷേത്രവും വെട്ടിയാർ പള്ളിയറകാവുക്ഷേത്രവും രാമല്ലൂർ ക്ഷേത്രവും അറുനൂറ്റിമംഗലത്തെ ഇരുത്തിക്കാവ് ക്ഷേത്രം, വെട്ടിയാറ്റെ കണ്ടാളൻ കാവ് ക്ഷേത്രം, പ്രസിദ്ധമായ വഴുവാടിയിലെ

കിരാതൻകാവും അവിടുത്തെ ശിവക്ഷേത്രവും വെട്ടിയാറ്റെ മുസ്ലീം പള്ളിക്കുളം അറനൂറ്റിമംഗലത്തെ മൂലേൽ പള്ളിയുംഎല്ലാം ഈ പ്രദേശത്തിന്റെ നൂറ്റാണ്ടുകളുടെ പാരമ്പര്യത്തിന്റെയും സംസ്ക്കാരത്തിന്റെയും സാമൂഹ്യപശ്ചാത്തലത്തിന്റെയും പ്രതീകങ്ങളായി ഇന്നും നിലനിൽക്കുന്നു. കടമുറ്റത്ത് കത്തനാരുടെ ചരിത്രവുമായി ബന്ധപ്പെട്ട് കിടക്കുന്ന പുഞ്ചമൺമഠവും തലേക്കാവിൽ ക്ഷേത്രവും വൈനും മൂടിനുപടിഞ്ഞാറുവശമുള്ള കൊച്ചുവള്ളിയും ഇന്നത്തെ അഗ്രകൾച്ചർ ഫാമിന്റെ മതിൽക്കെട്ടിനകത്ത് പ്രത്യേകമായി സൂക്ഷിക്കുന്ന കല്ലിരിക്കും പള്ളിയും എല്ലാം ഈ പ്രദേശത്തിന്റെ നൂറ്റാണ്ടുകളുടെ കഥവറയുന്ന സ്മാരകമാണ്.

കഥകളി പ്രസ്ഥാനം ഉടലെടുത്തകാലത്ത് കഥകളിപ്പാട്ടിന് പോകമേമ്പാടും പ്രസിദ്ധി നേടുവാൻ കഴിഞ്ഞ കഥകളിലപ്പാട്ടിന്റെ വ്യക്താക്കളും പ്രോക്താക്കളുമായിരുന്ന ഇറവങ്കര ഉണ്ണിത്താന്മാർ ജീവിച്ചിരിന്നത് ഈ പഞ്ചായത്ത് പ്രദേശമാണ്. നാടൻ കലകളുടെ ഉപജ്ഞാതാവ് എന്നുവിശേഷിപ്പിക്കപ്പെട്ടിരുന്ന ശ്രീ. വെട്ടിയാർ പ്രേംനാഥ് ഈ പ്രദേശത്തിന്റെ ഒരു കാലഘട്ടത്തിന്റെ ജ്വലിക്കുന്ന ഓർമ്മയാണ്. നാട്ടുംപുറത്തുകാരുടെ കഥാകാരനെന്ന പ്രശക്തിയും അംഗീകാരവും നേടി മലയാളനോവൽ സാഹിത്യത്തിന് അരനാഴികനേ

രവും പണിതീരാത്തവീടും, നിണമണിഞ്ഞ കാൽപ്പാടുകളും എല്ലാം സംഭാവന ചെയ്ത ശ്രീ. പാറപ്പുറവും, കഥാപ്രസംഗകലാപ്രസ്ഥാനത്തിന് എന്നും അഭിമാനിക്കുവാൻ കഴിയുന്ന ശ്രീ. വെട്ടിയാർ പി.കെ.യും നാടകകലാകാരനായ ശ്രീ. എം.എൻ.ഇറവങ്കരയും താളമേളങ്ങളിൽ പ്രത്യേകിച്ച് ചെണ്ട ശ്രേഷ്ഠമായ സംഗീതോപകരണമാക്കി സംഭാവന ചെയ്ത ശ്രീ. ഗോവിന്ദപണിക്കർ, മൃദംഗ വിദഗ്ദ്ധൻ ശ്രീ. പത്തരാശാൻ ഇവരെല്ലാം ഈ പഞ്ചായത്തിന്റെ സാംസ്ക്കാരിക പശ്ചാത്തലത്തിൽ എന്നും നിലനിൽക്കുന്ന അഭിമാനസതംഭങ്ങളാണ്.

ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് പ്രസിദ്ധമായ വിദ്യാർത്ഥി സമരത്തിൽ പങ്കെടുത്ത് ജയിലിലടക്കപ്പെട്ട ശ്രീ. മൊട്ടക്കൽ വി. കെ.നാരായണനും ശ്രീ. വെട്ടിയാർ ഗോപാലപിള്ള, കൊച്ചുകളീയ്ക്കൽ ഗോപാലനുണ്ണിത്താൻ , അറനൂറ്റിമംഗലം വേലുപ്പിള്ള സാർ , ശ്രീ. ഇറവങ്കര ഗോപാലക്കുറുപ്പ്, ശ്രീ. സി.വെളുത്തകുഞ്ഞ്, ശ്രീ,സി.കെ. കൃഷ്ണപിള്ള, ശ്രീ. മത്തായി ജോസഫ്, ശ്രീ. കെ. കൃഷ്ണനുണ്ണിത്താൻ, ശ്രീ. തുണ്ടുപറമ്പിൽ ദാമോദരൻ പിള്ള , ശ്രീ. മണ്ഡലം ദാമോദരൻപിള്ള ഇവരെല്ലാം ഈ പഞ്ചായത്ത് പ്രദേശത്തെ രാഷ്ട്രീയ സാമൂഹ്യ ചരിത്രത്തിന്റെ ഈടുറ്റ ഏടുകളായി ഇന്നുഓർമ്മകളിൽ ജീവിക്കുന്നു.

ജനകീയ ഗവൺമെന്റുകളുടെ കാലത്തുപോലും തൊഴിലാളി വർഗ്ഗത്തിന്റെ നിരവധി അവകാശ പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ ഈ പ്രദേശത്തിന് ഇടയായിട്ടുണ്ട്. തഴക്കരയിലെ കർഷകത്തൊഴിലാളി സമരം ഇന്നും ഓർമ്മിക്കപ്പെടുന്നു. നൂറ്കണക്കിന് തൊഴിലാളികൾ പോലീസിന്റെ ഭീകരമായ മർദ്ദനത്തിന് ഇരയായി ജയിലിലടക്കപ്പെട്ട സംഭവമാണിത്. അതിനെത്തുടർന്ന് ശ്രീ. ഏ.കെ. ഗോപാലൻ, ശ്രീ. ജ്യോതി ബാസു എന്നിവർ ഈ പ്രദേശം സന്ദർശിച്ചിട്ടുണ്ട്.

ഭൂസ്വത്തിക്കളിൽ 90 ശതമാനവും ഏതാനം ജന്മികുടുംബങ്ങളുടെ കൈവശത്തിലായിരുന്നു. ഇടശ്ശേരി തമ്പുരാക്കന്മാരുടെയും പുഞ്ചമൺ തിരുമേനിമാരുടെയും, തഴക്കര വാര്യത്തെയും പുത്തൻപുരയ്ക്കൽ കുടുംബാങ്ങളുടെയും പാലപ്പള്ളി കുടുംബക്കാരുടെയും കൈവശത്തിലായിരുന്നു ഈ പ്രദേശത്തിന്റെ ഏറിയ ഭാഗവും. കാർഷിക ബന്ധനിയമത്തിന്റെയും ഭൂപരിഷ്ക്കരണ നിയമത്തിന്റെയും കാരണമായി അടിമ ഉടമ ബന്ധത്തിലുണ്ടായിരുന്ന മാറ്റത്തിന്റെയും പരിണിത ഫലമ്യി ഈ പ്രദേശത്തെ ഭൂ അവകാശ സാമൂഹ്യചരിത്രം. എന്നാൽ വ്യത്യസ്ഥമായി എടുത്ത്പറയേണ്ടുന്ന ചില വസ്തുതകൾകൂടി നമ്മുടെ പഞ്ചായത്തിന്റെ ഭൂചരിത്രത്തിലുണ്ട്.

കൃഷിയുമായി ബന്ധപ്പെട്ടാണങ്കിലും സാമൂഹ്യമായ പിന്നോക്കാവസ്ഥയുടെ ഭാഗമായിട്ടാണങ്കിലും പട്ടികജാതിവിഭാഗത്തിൽപ്പെട്ട ജനസമൂഹം കൂട്ടമായിട്ടാണ് പ്രദേശങ്ങൾകേന്ദ്രീകരിച്ച് താമസിച്ച് വന്നിരുന്നു. മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് തഴക്കര പഞ്ചായത്തിൽ ഭൂസ്വത്ത് ഏറെയുണ്ടായിരുന്ന പട്ടികജാതി കുടുംബങ്ങൾ ഉണ്ടായിരുന്നു. തഴക്കര വാർഡിലെ മരുത്വം പള്ളിൽ കുടുംബം ഏക്കറുകണക്കിന് സ്വന്തം ഭൂമിയുണ്ടായിരുന്ന കുടുംബമാണ്. വഴുവാടിയിലെ ആമ്പല്ലിത്തറയിൽ കുന്നത്ത് കാവിൽ, കല്ലിമേൽ കോണത്ത് 5-ാം വാർഡിൽ കരിവേലിൽ, പുതുച്ചിറയിൽ 6-ാം വാർഡിൽ ചെറുമല, ആക്കനാട്ട് തറ, 7-ാം വാർഡിൽ പയ്യമ്പള്ളിൽ, 8-ാം വാർഡിൽ മേലാത്തറ 9-ാം വാർഡിൽ നിരവിനാൽ, കരുവേലിൽ, കൂരംചിറ 10-ാം വാർഡിൽ മലമുറ്റത്ത്, 11-ാം വാർഡിൽ തെങ്ങുംതറ, 12-ാം വാർഡിൽ ഭൂതക്കുഴി, 13-ാം വാർഡിൽ പുറ്റമ്പാട്ട ഈ കുടുംബങ്ങളൊക്കെ വസ്തുവകകൾ സ്വന്തമായി ഉണ്ടായിരുന്ന കുടുംബങ്ങളാണ്.

ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ദേവസ്വത്തിന്റെ അവകാശികളും സഹായികളുമൊക്കെയായി ധാരാളം ഭൂമി കൈവശം വച്ചു. പണ്ടുമുതലേ അനുഭവിക്കുന്ന കൈത്തൊഴിലുകാരുടെയും കുടുംബങ്ങളും നമ്മുടെ പഞ്ചായത്തിൽ ഏറെയുണ്ട്. ■

# പഞ്ചായത്തിന്റെ ഭരണചരിത്രം

പഴയ കൊല്ലം ഡിസ്ട്രിറ്റിന്റെ കീഴിലായിരുന്ന തഴക്കര വില്ലേജിൽ ആദ്യത്തെ പഞ്ചായത്ത് ബോർഡ് നിലവിൽവന്നത് 1952-53 -ൽ ആയിരുന്നു. ആ കാലത്ത് തഴക്കര പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തി പുതിയകാവ് പാലം വരെയായിരുന്നു. കരം തീരുവയുള്ള വരെ ഒരുഭാഗത്ത് വിളിച്ചുകൂട്ടി കൈപ്പൊക്കി വോട്ട് ചെയ്യിച്ചാണ് തെരഞ്ഞെടുപ്പ് നടത്തിയുന്നത്. നാട്ടുകാറ് ഇതിനെ കൈപൊക്കി പഞ്ചായത്ത് എന്നാണ് വിളിച്ചിരുന്നത്. അന്തരിച്ച പോളച്ചിറക്കൽ ശ്രീ. പി.സി. കോശിയായിരുന്നു തഴക്കര പഞ്ചായത്തിന്റെ പ്രസിഡന്റ്. ശ്രീ. പുത്തൻപുരയ്ക്കൽ കുട്ടൻപിള്ള , ശ്രീ. സി.കെ. കൃഷ്ണപിള്ള, ശ്രീ. പി.കെ. കോരുത്, ശ്രീ. വേലുപ്പിള്ള സാർ, ശ്രീ. കേശവനുണ്ണിത്താൻ, ശ്രീ. അപ്പുക്കുട്ടപണിക്കർ, ശ്രീ. വൈക്കത്തേത്ത് കൊച്ചുകുഞ്ഞ് കുറുപ്പ് എന്നിവരായിരുന്നു കൈപൊക്കി പഞ്ചായത്തിലെ മറ്റ് മെമ്പറന്മാർ ശ്രീ.പി.കെ.കോരുത് എന്ന അന്നത്തെ പഞ്ചായത്ത് മെമ്പറാണ് ഇന്നു നമ്മുടെ പഞ്ചായത്താഫീസ് നില്ക്കുന്ന വസ്തു പഞ്ചായത്തിന് സൗജന്യമായി വിട്ടുകൊടുത്തിട്ടുള്ളത്.

അതിനുശേഷം 1953-54 -ൽ പഞ്ചായത്ത് പുനഃർസംഘടിപ്പിച്ചു തഴക്കര ഇന്നത്തെ ഓവർബ്രിഡ്ജിന് പടിഞ്ഞാറുവശം മുൻസിപാലിറ്റിക്ക് വിട്ടുകൊടുത്തുകൊണ്ട് 10 വാർഡുകൾ ഉള്ള പഞ്ചായത്ത് രൂപീകരിക്കുകയും തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.പ്രായപൂർത്തി വോട്ടവകാശം വിനിയോഗിച്ച് തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പഞ്ചായത്ത് കമ്മിറ്റിയുടെ പ്രസിഡന്റ് ശ്രീ. സി.കെ. കൃഷ്ണപിള്ളയായിരുന്നു. വൈസ് പ്രസിഡന്റ് ശ്രീ. കേശവനുണ്ണിത്താനും ആയിരുന്നു . ശ്രീ.വി.കെ . നാരായണൻ കെ.ആർ. രാമകൃഷ്ണപിള്ള, എം. പി.രാഘവൻപിള്ള, കെ.അച്ചുതൻപിള്ള , കമലാക്ഷിയമ്മ, ജി. ഭാസ്ക്കരൻ പിള്ള, കെ. ഗോപാലപിള്ള, സി. വെളുത്തകുഞ്ഞ്, എം. അപ്പുക്കുട്ടപണിക്കർ എന്നിവരായിരുന്നു തെരഞ്ഞെടുക്കപ്പെട്ട മറ്റ് മെമ്പറന്മാർ. പിന്നീട് 1963 -ൽ നടന്ന തെരഞ്ഞെടുപ്പിൽ 3-ാം വാർഡിൽനിന്ന് തിരഞ്ഞെടുക്കപ്പെട് ഡോ.എം. മാധവപ്പണിക്കർ പ്രസിഡന്റായുള്ള. കമ്മിറ്റി അധികാരത്തിൽ വന്നു. ശ്രീ. കെ. അച്ചുതൻപിള്ളയായിരുന്നു വൈസ് പ്രസിഡന്റ്. ശ്രീ.വി. കെ. നാരായണൻ, മത്തായി ജോസഫ്, വി.കെ. ഗ്രേസിക്കുട്ടി, സി.വെളുത്തകുഞ്ഞ്, ശ്രീ. കെ. കെ.കൃഷ്ണൻകുട്ടി, ദാമോദരപ്പണിക്കർ, തുണ്ടുപറമ്പിൽ എൻ. ദാമോദരൻപിള്ള, എൻ. ദാമോദരൻ പിള്ള, കെ.കെ. കൃഷ്യണുണ്ണിത്താൻ,

പികെ. കുര്യൻ, എന്നിവരായിരുന്നു മെമ്പർമാർ 1979 വരെ നിലനിന്നിരുന്ന് ആ കമ്മറ്റിയടെ കാലത്ത് ശ്രീ. എൻ ദാമോദരൻ പിള്ളയും ഏറ്റവും അവസാനം ശ്രീ പി.കെ. കുര്യനും പഞ്ചായത്തു പ്രസിഡന്റുമാരായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

1979ൽ നിടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. മുരളി തഴക്കര പ്രസിഡന്റും ശ്രീ. പി.എം. കാസിം റാവുത്തർ വൈസ് പ്രസിഡന്റായും അധികാരമേറ്റു. ശ്രീ മത്തായി ജോസഫ്, പി,ജെ ജോർജ്ജ്, കോശി എം കോശി എൻ ദാമോദരൻ പിള്ള എസ്. രാമകൃഷ്ണ കുറുപ്പ്, ശ്രീമതി എം. കെ. ചെല്ലമ്മ, സി കണ്ണൻ, കെ അച്ചുതൻ, പി. ബാലകൃഷ്ണക്കുറുപ്പ്, സി.ജെ. അന്നമ്മ എന്നിവരായിരുന്നു മെമ്പറന്മാർ 1984 സംസ്ഥാനത്ത് പഞ്ചായത്തു കമ്മറ്റികൾ പിരിച്ചു വിട്ടതിന്റെ ഭാഗമായി തഴക്കര പഞ്ചായത്തു കമ്മിറ്റിയും പിരിച്ചുവിട്ടു. പിന്നീട് 1988ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ. കോശി എം കോശി പ്രസിഡന്റും ശ്രീ.വി.എം. കാസിം റാവുത്തർ വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ മുരളി തഴക്കര, കെ പൊന്നമ്മ, സി രവീന്ദ്രൻ'പിള്ള, ഡി ജി.ബോയ്, വിസ് പ്രസന്നകുമാരി, ഉണ്ണികൃഷ്ണപ്പിള്ള, പി ബാബു, എൻ വിനയചന്ദ്രൻ,കെ. കൃഷ്ണനുണ്ണിത്താൻ, ഒ. മനോഹരി, അഡ്വ. എം രാഘവൻ നായർ എന്നിവരായിരുന്നു മറ്റ് അംഗങ്ങൾ. ഈ കമ്മറ്റി 1995 വരെ നിലനിന്നു. ഇപ്പോൾ നിലവിലുള്ള പഞ്ചായത്തു കമ്മറ്റി അധികാരമേറ്റത് 1995 ഒക്ടോബർ 2 നാണ്. ഒക്ടോഹർ നാലാം തീയതി ശ്രീ മുരളി തഴക്കര പ്രസിഡന്റും ശ്രീ. കൃഷ്ണൻ വൈസ് പ്രസിഡന്റുമായി തെരഞ്ഞെടുക്കപ്പെട്ടു. ഡോ. പി.എൻ വിശ്വനാഥൻ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനായും തെര്ഞ്ഞെടുക്കപ്പെട്ടു. ശ്രീമതി. എലിസബത്ത കുര്യൻ, മുരളി വൃന്ദാവനം, കെ.വി. ബാലകൃഷ്ണപിള്ള, വിലാസിനി കൃഷ്ണൻകുട്ടി, ജോൺ പീടികയിൽ, റ്റി.പി. വിക്രമനുണ്ണിത്താൻ, കെ മിനി, കെ.കെ. മനോജ്, സരസു സാറാ മാത്യു, ലേഖ വിജയകുമാർ എന്നിവരാണ് മറ്റ് അംഗങ്ങൾ നാളിതുവരെയുള്ള ഭരണ സമിതികളുടെ കാലത്തും പഞ്ചായത്തിന്റെ പൊതുവായ വളർച്ചയുടേയും വികസനത്തിന്റേയും കര്യത്തിൽ കാലാകാലത്തിൽ സാധ്യതയ്ക്ക് അനുസരണമായി പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട് എന്നച് സ്മരണീയമാണ്.

## മറ്റു ചില കാര്യങ്ങൾ

തഴക്കരയിലെ സംസ്കൃത സ്കൂളും കുന്നം ഗവ: ഹൈസ്കൂളും ആയിരുന്നു വിദ്യാഭ്യാസ മേഖലയിൽ ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങൾ പിന്നീടാണ് റ്റി.എം. വി.എം ഹൈസ്കൂളും അതിനുശേഷം ഇറവങ്കര ഹൈസ്കൂളും ഉണ്ടായത് 1964ൽ തഴക്കര പഞ്ചായത്തിന്റെ ഇന്നത്തെ 13-ാം വാർഡിൽ ബിഷപ്പ മൂർ കോളേജ് ആരംഭിച്ചു. അതിനോടനുബന്ധിച്ച് ബിഷപ്പ മൂർ വിദ്യാപീഠം എന്ന പേരിൽ ഒരു ഹൈസ്കൂൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. അറനൂറ്റിമംഗലം യു.പി.സ്കൂളും നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തിൽ തെളിഞ്ഞുനിൽക്കുന്ന സരസ്വതീ ക്ഷേത്രമാണ് വിശ്വകർമ്മ സമുദായത്തിന് ഈ സംസ്ഥാനത്ത് സ്കൂളുള്ളത് നമ്മുടെ പഞ്ചായത്തിലെ വഴുവാടി വാർഡിലാണ്.

"നമ്മുടെ സംസ്ഥാനത്തിന്റെ മുൻ ചീഫ് സെക്രട്ടറിയായ ശ്രീ കെ. ബി. രബീന്ദ്രൻ നായർ നമ്മുടെ പഞ്ചായത്തിലെ ഒമ്പതാം വാർഡിലെ താമസക്കാരനും പഞ്ചായത്തിലെ ആദ്യത്തെ ഐ.എ.എസ് കാരനുമാണ്. ദേശീയ രാഷ്ട്രീയ രംഗത്ത് നിറഞ്ഞുനിന്ന ശ്രീ. പി.സി. അലക്സാണ്ടർ നമ്മുടെ പഞ്ചായത്തിലെ 13 വാർഡിലെ താമസക്കാരനാണ്. നമ്മുടെ പഞ്ചായത്തിലെ മറ്റൊരു ഐ.എ.എസ് കാരനായിരുന്ന ശ്രീ. പി.ജെ കോശി ചാലാശ്ശേരിൽ, അദ്ദേഹം അന്തരിച്ചുപോയി. പശ്ചിമ ബംഗാളിലെ ഹോംസെക്രട്ടറി ശ്രീ ജോസഫ് ഐ.എ.എസ്. നമ്മുടെ പഞ്ചായത്തിലെ 8 വാർഡിലെ താമസക്കാരനാണ്.

■

# ഭൂപ്രകൃതിയും വിഭവങ്ങളും

കിഴക്കുനിന്ന് ഒഴുകിയെത്തുന്ന അച്ചൻ കോവിലാറ് വിവിധ പഞ്ചായത്തുകളിലൂടെ കടന്ന് വെട്ടിയാർ പ്രദേശത്തെത്തി വടക്കുപടിഞ്ഞാറോട്ട് വഴിതിരിയുന്ന ഭാഗം മുതൽ അച്ചൻ കോവിലാറിന്റെ തെക്കേ തീരത്ത് വിസ്തൃതമായി പരന്നു കിടക്കുന്ന തഴക്കര ഗ്രാമപഞ്ചായത്ത് വെട്ടിയാർ പാാ ശേഖരവും പെരുവേലിൽ ചാൽ പുഞ്ചയും വടക്കു പടിഞ്ഞാറുഭാഗം കീച്ചേരിയത്ത് പാടശേഖരവും തണ്ണിമുക്കം വയലും കുന്നത്തുമൂല പുഞ്ചയും, ആമ്പലിത്തര പാട ശേഖരവും, തഴക്കര പുഞ്ചയും, ചിറത്താഴെ പാടശേഖരവും, താന്നിക്കുന്ന്മലയും, കോട്ടേമലയും ഇറവംകരയും വരുവാടി പൂഴിമണൽ പ്രദേശവും ഉൾപ്പെടെ വ്യത്യസ്ഥ ഭൂപ്രകൃതി ഉൾക്കൊള്ളുന്ന ഭുപ്രദേശമാണ്. പ്രകൃതി മനോഹരനായ അച്ചൻകോവിലാറിന്റെ ഈ തീരഭൂമിയുടെ പടിഞ്ഞാറെ അതിർത്തി മാവേലിക്കര മുനിസിപ്പൽ ടൗൺ പ്രദേശമാണ്. തഴക്കര പുഞ്ചയുടെ തെക്കേക്കര ഉൾപ്പടെ ആക്കിനാട്ടുകര പ്രദേശവും, തഴക്കര ഗ്രമാപഞ്ചായത്തിന്റെ ഭാഗമാണ്. എന്നാൽ ഭൂമിശാസ്ത്രപരമായ ഒരു വിടവ് ഈ ഭാഗത്തെ പഞ്ചായത്തിന്റെ മെയിൻലാന്റിൽ നിന്നും വേർപെടുത്തിയിരിക്കുകയാണ്.

അക്ഷാംശം വടക്ക് 9° 14' രേഖാംശം കിഴക്ക് 76° 33' നും ഇടയിൽ ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്ക് ഭാഗത്താണ് തഴക്കര പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

ഭൂപ്രകൃതിയനുസരിച്ച് തഴക്കര പഞ്ചായത്തിനെ മുന്നു മേഖലകളായി തിരിക്കാം.

1. **സമതലം**

2. **വെള്ളം കയറുന്ന പ്രദേശം**

3. **ഉയർന്ന സമതലം**

ഇവയിലോരോന്നിന്റെയും വിസ്തൃതി ചുവടേ ചേർക്കുന്നു,.

| നമ്പർ | ഭൂപ്രകൃതി മേഖലകൾ | വിസ്തീർണ്ണം ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 | സമതലം | 1572 | 62% |
| 2 | വെള്ളംകയറുന്ന മേഖല | 576 | 23 % |
| 3 | ഉയർന്ന സമതലം | 378 | 15 % |
| | **ആകെ** | **2526** | **100 %** |

**ഉപരിതല മൺതരങ്ങളുടെ ഇനവും വിസ്തൃതിയും താഴെ ചേർക്കുന്നു.**

| നമ്പർ | ഉപരിതല മൺതരങ്ങൾ ഹെക്ടർ | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1. നദീതീരഎക്കൽ മണ്ണ് | 650 | 25% | |
| 2. ചെങ്കൽ മണ്ണ് | 1256 | 49 % | |
| 3 പൂഴിമണ്ണ് | 20 | 2% | |
| 4. ജലാശയങ്ങൾ | 600 | 24% | |
| **ആകെ** | **2526** | **100 %** | |

അവലംബം : പഠന പര്യടനം റവന്യൂരേഖകൾ

# ജനപ്രകൃതി

അവസാനമായി സെൻസസ് കണക്കുകൾ ശേഖരിച്ചത് 1991 ലാണ് അന്നത്തെ കണക്കുകൾ പ്രകാരം തഴക്കര പഞ്ചായത്തിലെ ജനസംഖ്യ35126 ആണ്. ഇതിൽ പുരുഷന്മാർ 16730 ശ്ത്രീകൾ 18396 ഉമാണ്. പുരുഷന്മാരേ അപേക്ഷിച്ച് 1666 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകളുടെ എണ്ണം 8538 ആണ്. അതായത ശരാശരി വീട് ഒന്നിന് നാല് ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ച: കീ:മീറ്ററിന് 1391 ആണ്. 6 വയസ്സിന് താഴെയുള്ള കുട്ടികൾ 4063 ആണ്

ഇതിൽ 1927 ആൺ കുട്ടികൾ 2736 പെൺകുട്ടികളുമാണ്. ആകെ ജനസംഖ്യയിൽ പട്ടികജാതി ജനംസാംഖ്യ 7093 ആൺ. ഇതിൽ 3321 പുരുഷന്മാരും 3772 സ്ത്രീകളുമാണ്. തഴക്കര ഗ്രാമ പഞ്ചായത്തിൽ 27734 പേർ സാക്ഷരരാണ്. അതിൽ 14204 പേർ പുരുഷന്മാരും 13530പേർ സ്ത്രീകളുമാണ്. എന്നാൽ 1990ലെ സാക്ഷരതാ പ്രവൃത്തനിത്തിനുവേണ്ടി നടത്തിയ സർവ്വേപ്രകാരം 3289 പേരാണ് 18 വയസ്സിനുമേൽ നിരക്ഷരരായി ഉണ്ടായിരുന്നത് ഇതിൽ 73ശതമാനം പേരെ സാക്ഷരരാക്കി മാറ്റുവാൻ കഴിഞ്ഞു എന്നാണ് രേഖകൾ സുചിപ്പിക്കുന്നത്.

എന്നാൽ ഇപ്പോൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടന്ന പഠനപര്യടനത്തിന്റേയും വാർഡു തല വിവരശേഖരണത്തിന്റേയും അടിസ്ഥാനത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ. 42137 ആണ്. ഇതിൽ 20349 പുരുഷന്മാരും 21788 സ്ത്രീകളുമാണ്.

**വാർഡുതല ജനംസംഖ്യാ വിവരണ പട്ടിക**

| വാർഡ് | പുരുഷ. | സ്ത്രീ | ആകെ | പട്ടിക ജാതി | പട്ടികജാതി പുരു. | പട്ടികജാതി സ്ത്രീ |
|---|---|---|---|---|---|---|
| 1 | 1690 | 1722 | 3412 | 829 | 366 | 463 |
| 2 | 1685 | 2228 | 3913 | 483 | 214 | 269 |
| 3 | 1419 | 1563 | 2982 | 588 | 232 | 356 |
| 4 | 1789 | 1894 | 3673 | 619 | 292 | 327 |
| 5 | 1604 | 1780 | 3384 | 617 | 284 | 333 |
| 6 | 1572 | 1703 | 3275 | 495 | 305 | 190 |
| 7 | 1397 | 1484 | 2851 | 332 | 160 | 172 |
| 8 | 1295 | 1298 | 2593 | 534 | 187 | 347 |
| 9 | 1974 | 1851 | 3825 | 691 | 256 | 433 |
| 10 | 1330 | 1428 | 2758 | 617 | 268 | 349 |
| 11 | 1514 | 1558 | 3072 | 535 | 241 | 294 |
| 12 | 1354 | 1371 | 2725 | 425 | 222 | 203 |
| 13 | 1785 | 1893 | 3674 | 320 | 180 | 170 |
| **ആകെ** | **20349** | **21788** | **42137** | **7093** | **3187** | **3906** |

ഇന്ന് തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമാണെങ്കിലും മണൽവാരൽ, ഇഷ്ടികനിർമ്മാണം. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യ സാമ്പത്തിക സ്ഥാപ നങ്ങൾ തുടങ്ങിയ മേഖലകളിൽ നിരവധി അഭ്യസ്ഥ വിദ്യർ സ്വയം തൊഴിൽ എന്നനില യിൽ കാലുറപ്പിച്ച് പോകുന്നതുകൊണ്ടാണ്. തൊഴിലില്ലായ്മയുടെ രൂക്ഷത പ്രകടമാകാത്ത ത്. ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായി രുന്ന കാർഷിക രംഗം ആദായകരമല്ലാതായ തോടെയാണ് മുകളിൽ സൂചിപ്പിച്ച മറ്റ് മേഖല കളിലേക്കും കടന്നുകയറിയത്. തൊഴിലില്യ്മ കൂടുതൽ അനുഭവപ്പെടുന്നത് സ്ത്രീകളിലാണ്. തൊഴിലെടുക്കുവാൻ ശേഷിയുള്ളവരിൽ നാലിൽ ഒരു ഭാഗത്തിന് യാതൊരു തൊഴിലു മില്ല.

ജനകീയ മായ ഉച്ച നീചത്വങ്ങൾ വള രെയേറെ നിലനിന്നിരുന്നു എങ്കിലും അതിനെ തിരായി നടന്ന ഉജ്ജ്വലമായ സമരങ്ങളിൽ പങ്കെടുക്കുകയും അതിനനുസൃണമായ ഒരു സാംസ്കാരിക പശ്ചാത്തലം വളർത്തിയെടു ക്കാനും കഴിഞ്ഞ ചരിത്രമാണ്. ഈ പ്രദേശ ത്തിനുള്ളത്,. അതിന്റെയെല്ലാം ഫലമായി ഉട ലെടുത്ത ഒരു മതനിരപേക്ഷാ സംസ്കാരം മുറുകെ പിടിക്കുവാൻ ഇവിടെ എല്ലാവർക്കും കഴിയുന്നുണ്ട്.

## ജലപ്രകൃതി

വർഷത്തിൽ ശരാശരി 3279 മില്ലീലിറ്റർ മഴ ലഭിക്കുന്നുണ്ട്. ജൂൺ. ജൂലൈ മാസങ്ങളിലാണ് കൂടുതൽ മഴലഭിക്കുന്നത്. ഏറ്റവും കുററവ് മഴ ലഭിക്കുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളി ലാണ്. പഞ്ചായത്തിന്റെ വടക്കേഅതിർത്തിയിൽ കൂടി ഒഴുകുന്ന അച്ചൻകോവിലാറും കാപ്പി ച്ചാലും, പണയിൽതോടും. തണ്ണിമുക്കതോടും. വലിയതോടും അടക്കം 57.21 കിലോമീറ്റർ നീളം ആകെവരുന്ന ചെറുതും വലുതുമായ തോടുകളും കൂടാതെ പൊതുവായതും സ്വകാ ര്യമായതുമായ 128 കുളങ്ങളും കൂടി ചേർന്ന താണ് ഈ പഞ്ചായത്ത് പ്രദേശത്തെ ഉപരി തല ജല സ്രോതസ്സുകൾ.

പ്രധാനകുളങ്ങളേക്കുറിച്ചുള്ള വിവരങ്ങൾ

| പേര് | വാർഡ് | വില്ലേജ് |
|---|---|---|
| താഴേക്കുളം | 1 | തഴക്കര |
| പുന്നക്കുളം, കോയിക്കൽ കുളം | 2 | തഴക്കര |
| കണ്ണംകര കുളം, വടുവൻചിറ ചാൽ | 3 | തഴക്കര |
| വെട്ടിയാർ-തേവരി ചാൽ | 5 | വെട്ടിയാർ |
| പഴഞ്ചിറകുളം | 4 | വെട്ടിയാർ |
| വെട്ടിയാർ പണയിൽ ചാൽ | 6 | വെട്ടിയാർ |
| കുരുട്ടി കുളം | 6 | വെട്ടിയാർ |
| പുന്നമൂട്ട് ചിറ | 6 | വെട്ടിയാർ |
| പുത്തൻകുളം | 7 | വെട്ടിയാർ |
| രാമല്ലൂർകുളം | 7 | വെട്ടിയാർ |
| തലേൽകാവിൽകുളം | 10 | തഴക്കര |
| മാഞ്ഞാലികുളം | 10 | തഴക്കര |
| കോതറകുളം | 12 | തഴക്കര |
| കണ്ണാട്ടുമുറികുളം | 13 | തഴക്കര |
| ശാസ്താംകുളം | 3 | തഴക്കര |
| പോരടികുളം | 12 | വെട്ടിയാർ |
| കുറ്റിയിൽകുളം | 9 | വെട്ടിയാർ |
| പാറക്കുളങ്ങര കുളം | 9 | വെട്ടിയാർ |
| കണ്ടാളൻകുളം | 5 | വെട്ടിയാർ |
| പനച്ചക്കുളം | 13 | തഴക്കര |

ഏകദേശം 17.14 ചതു:കി:മീറ്റർ പ്രദേശങ്ങളിൽ സാധാരണ ശുദ്ധജലം പ്രകൃത്യാ ലഭിക്കുന്നുണ്ട്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത് . ഇവിടുത്തെ ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. മണൽ വാരിയും ചെളിയെടുത്തും ആറിന്റെ ആഴം കൂടുന്നതുകൊണ്ട് അച്ചൻകോവിലാറിലെ ജലനിരപ്പ് അടിക്കടി താഴുന്നു. മാത്രമല്ല ഭൂഗർഭ ജലസ്രോതസ്സ് വറ്റുന്നു. ഈ കാരണങ്ങളാൽ മേൽ സൂചിപ്പിച്ച മാസങ്ങളിൽ ഈ പ്രദേശത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.

# സാമൂഹ്യ സാമ്പത്തിക മേഖലകൾ

വികസനം തേടുന്ന
ഇതര മേഖലകൾ........!

# കൃഷിയും ജലസേചനവും

തഴക്കര പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. അച്ചൻ കോവിലാറിന്റെ തീരഭൂമി ഇന്ന് മണ്ണെടുപ്പിന്റേയും ഇഷ്ടിക നിർമ്മാണത്തിന്റെയും മേഖലകളായി രൂപാന്തരപ്പെട്ടു എങ്കിലും നെൽ വയലുകളും തകിടി പ്രദേശങ്ങളും ഉയർന്ന കുന്നിൻ പ്രദേശങ്ങളും പുഴിമണൽ പ്രദേശവും വിവധതരം കാർഷിക വിളകൾ നൽകുന്ന കാർഷിക ഖനിയാണ്. മുഖ്യ കൃഷി നെല്ല, തെങ്ങ്, മരച്ചീനി ഇവയാണ്. റബ്ബർ കൃഷി ഇപ്പോൾ വ്യാപകമായിക്കൊണ്ടിരിക്കുന്നു. മറ്റ് കൃഷികൾ ലാഭകരമല്ല എന്നുള്ള അനുഭവം കർഷകരെ റബ്ബർ കൃഷിയിലേക്ക് ആകർഷിക്കുന്നു. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രധാന ഇനമായി മാറിയിട്ടുണ്ട്. ഇടവിളകളായി കിഴങ്ങ് വർഗ്ഗങ്ങൾ ധാന്യങ്ങൾ. ഏത്തവാഴ, കുടിവാഴ, ചേന, ചേമ്പ് കാച്ചിൽ, മധുരകിഴങ്ങ്, പയറു വർഗ്ഗങ്ങൾ, ചാമ, ഞവര, പഞ്ഞിപ്പുൽ, ഇഞ്ചി, മഞ്ഞൾ, വെറ്റിലക്കൊടി, കുരുമുളക്, പയർ, പടവലങ്ങ, വഴുതന, വെള്ളരി, പാവൽ, കുമ്പളം, കൂടാതെ കരിമ്പ് എന്നീ കൃഷികളും വ്യാപകമായി ചെയ്തിരുന്നതാണ്.

എന്നാൽ ഓരോ വർഷവും വർദ്ധിച്ചുവരുന്ന റബ്ബർകൃഷി കാരണം ചാമ, പഞ്ഞിപ്പുൽ, കരിമ്പ്, ഞവര, ഉഴുന്ന്, നാടൻ പയർ, മുതിര, മധുരക്കിഴങ്ങ് എന്നീ കൃഷികൾ പൂർണ്ണമായും നമ്മുടെ പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു.പഴയ കാലത്ത് കൃഷിയേമാത്രം ആശ്രയിച്ചിരുന്ന ഒരു ജനവിഭാഗമാണ് ഇവിടെ ഉണ്ടായിരുന്നത്

കൃഷിക്കാവശ്യമായ ജലസേചന സൗകര്യങ്ങൾ ഏറെ ഉണ്ടെങ്കിലും സമയത്ത ഉപകരിക്കാത്ത സ്ഥിതിയാണ് ഉള്ളത്. ചാലുകളും, കുളങ്ങളും, തോടുകളും കൂടാതെ ഈ പഞ്ചായത്തിന്റെ എല്ലാ പ്രദേശത്തുകൂടിയും പമ്പാ ഇറിഗേഷൻ കനാൽ കടന്നുപോകുന്നുണ്ട്. എന്നിരുന്നാലും കൃഷിക്കാവശ്യമായ കനാൽ വെള്ളം കിട്ടാറില്ല. മാത്രമല്ല. ആവശ്യമില്ലാത്ത ഘട്ടങ്ങളിൽ കനാൽ വെള്ളം തുറന്നുവിട്ട് കൃഷിക്ക് നാശം സംഭവിക്കുന്നത് പതിവായി മാറിയിട്ടുണ്ട്. ഈ കാര്യത്തിൽ ശാസ്ത്രീയമായ ക്രമീകരണം ഉണ്ടാക്കയാൽ. ഈ ഭൂപ്രദേശത്തെ കൃഷി മെച്ചപ്പെടുത്തുവാൻ കഴിയുമെന്നാണ്. കൃഷിക്കാരുടെ പൊതുവായ അഭിപ്രായം. ഭൂരിഭാഗം ഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|---|
| 1 | 1 ഹെക്ടറിൽ താഴെ | 7787 | 1510 |
| 2 | 1-2 ഹെക്ടർ | 426 | 540 |
| 3 | 2-ന് മുകളിൽ | 214 | 476 |

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തേത് 0.07 ഹെക്ടർ ആണെങ്കിൽ 0.09 ഹെക്ടറാണ്.

നെൽകൃഷിയും മരച്ചീനിയും കൂടുതൽ ശ്രദ്ധയോടെ കൃഷിചെയ്തിരുന്നവർ ആദ്യകാലകത്ത് മഴയെമാത്രമാണ് ആശ്രയിച്ചിരുന്നത്. കൂടാതെ ചാലുകളിൽ ചിറകെട്ടിയും തോടുകളിൽ ചക്രം സ്ഥാപിച്ചും കൃഷിക്കാവശ്യമായ വെള്ളം ലഭ്യമാക്കിയിരുന്നു. നാടൻ നെൽവിത്തുകൾ കൃഷിചെയ്തിരുന്ന ഇവിടുത്തെ പാടശേഖരങ്ങളിൽ അത്യുത്പാദനശേഷിയുള്ള വിത്തുകൾ എന്നപേരിൽ ആധുനിക വിത്തിനങ്ങളാണ് ഉപയോഗിക്കുന്നത്. ചാണകപ്പൊടിയും ചാരവും ഏറെ ഉപയോഗിച്ചിരുന്ന വയലേലകളിൽ ആധുനിക വളങ്ങളും കീടനാശിനികളും ഇപ്പോൾ വൻതോതിൽ ഉപയോഗിക്കുന്നു. ജലസേചനത്തിനായി ചെറിയ ചെറിയ നീരൊഴുക്ക് തോടുകളും മറ്റും ഉപയോഗിച്ചിരുന്ന കർഷകർ ഇന്ന് പമ്പ്സെറ്റുകൾ ഉപയോഗിക്കുവാൻ തുടങ്ങി.

ഇന്ന് വിരിപ്പുനിലങ്ങളേറെയും നികത്തി വീടുകൾ നിർമ്മിക്കുകയും മറ്റ് നാണ്യവിളകൾ കൃഷിചെയ്യുകയും ചെയ്യുന്നതുകൊണ്ട് നെൽകൃഷി പുഞ്ചപാടശേഖരങ്ങളിലെ കുഴിനിലങ്ങളിൽ മാത്രമായി ഒതുങ്ങുന്ന സ്ഥിതിയായിട്ടുണ്ട്.

മരച്ചീനികൃഷി വ്യാപകമായി ഉണ്ടായിരുന്ന ഉയർന്ന സമതലങ്ങളിൽ അഥവാ ചെങ്കൽ പ്രദേശങ്ങളിൽ ഇന്ന് റബ്ബർ കൃഷി വൻതോതിൽ ആസൂത്രണം ചെയ്തിരിക്കുന്നു. മരച്ചീനി ഒരു അപൂർവ്വ വസ്തുവായി മാറുന്ന സ്ഥിതിയുണ്ട്. ചീനികൃഷി ഉള്ള പ്രദേശങ്ങലിൽ എലിയുടേയും ആവർഗ്ഗത്തിൽപെട്ട തൊരപ്പന്റെയും ശല്യ കാരണം മരച്ചീനി കർഷകന് ഉണ്ടാകുന്ന നഷ്ടം ഭീമമാണ്.

തെങ്ങുകൃഷിയുടെ സ്ഥിതിയും വ്യത്യസ്ഥമല്ല കാലാവസ്ഥയിലുണ്ടായ മാറ്റത്തിന്റേയോ കീടങ്ങലുടേ ശക്യകാരണമോ തെങ്ങുകൃഷിയും വേണ്ടത്രപരിഗണിക്കപ്പെടാതെ പോയ സ്ഥിതിയുണ്ടായിരുന്നു. നദീതീര എക്കൽമണ്ണ് ഉള്ള പ്രദേശങ്ങളിൽ മാത്രമാണ്. രോഗവിമുക്തമായ തെങ്ങുകൾ കാണുവാൻ കഴിയുന്നത്. കേരകർഷകന് ഉൽപന്നങ്ങൾക്ക് ന്യായമായ വിലകിട്ടാത്ത അവസ്ഥയുണ്ടായിരുന്നത് ഈ കൃഷിയോടുള്ള ആഭിമുഖ്യം കുറയുന്നതിനുള്ള കാരണമായിരുന്നു എന്നത് ഇപ്പോൾ നാളീകേരത്തിന് മതിപ്പ് വിലകിട്ടുന്നതുകൊണ്ട്. ഈ കൃഷിയും ഭാവിയിൽ സംരക്ഷിക്കപ്പെടുവാൻ കഴിയേണക്കും. പാടശേഖരങ്ങളുടെ അടിസ്ഥാനത്തിൽ കൃഷിക്കാരെ ഉൾപ്പെടുത്തി അഗ്രോസർവ്വീസ് സെന്റർ രൂപികരിച്ച് കർഷകർക്ക് ട്രാക്ടർ, സ്പെയർ, മെതിയെന്ത്രം, പാറ്റുമെഷീൻ തുടങ്ങി ആധുനിക ഉപകരണങ്ങൽ ലഭ്യമാക്കുകയും ഈ സെന്റ

റിന്റെ നേതൃത്വത്തിൽ വിത്ത് വളം കീടനാശിനി ഇവ സബ്സീഡിയായി ലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ നമ്മുടെ ഭക്ഷ്യവിളയായ നെല്ലിന്റെ ഉത്പാദനത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും

## ഭൂ വിനിയോഗം

തഴക്കര പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2526 ഹെക്ടറാണ്. നദീ തീര എക്കൽ മണ്ണ് ചരൽ കലർന്ന ചെളിമണ്ണ്. പാടശേഖര തീരങ്ങളിൽ പശിമയുള്ള മണ്ണ്. ഏറിയ ഭാഗവും ചെങ്കൽ മണ്ണ്, പൂഴിമണ്ണ് ഇവയാണ് ഈ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം ഉൾപ്പെടുന്ന പ്രദേശം. മൊത്തത്തിലുള്ള ഭൂവിനിയോഗം സംബന്ധിച്ച പട്ടിക ചുവടേ ചേർക്കുന്നു

| നമ്പർ | വിളകൾ | വിസ്തൃതി ഹെക്ടർ | ശതമാനം |
|---|---|---|---|
| 1 | നെല്ല് | 842 | 33 % |
| 2 | തെങ്ങ് | 920 | 36% |
| 3 | റബ്ബർ | 120 | 4% |
| 4 | കശുമാവ് | 12 | .4% |
| 5 | പച്ചക്കറി | 198 | 7% |
| 6 | മറ്റ് മിശ്രിതവിളകൾ | 184 | 7% |
| 7 | തരിശ് | 20 | .79% |

കൃഷിഭവൻ രേഖകൾ പ്രകാരം മണ്ണിന്റെ ഗുണനിലവാരം താഴെപ്പറയുന്ന പ്രകാരമാണ്.

| | മണ്ണ് | ജൈവാംശം ദ്രാവകം | ഹെക്ടർ കി.ഗ്രാം | ക്ഷാരഗുണം കി.ഗ്രാംഹെക്ടർ |
|---|---|---|---|---|
| 1 | ലാറ്ററേറ്റ് | 1.35 | 60 | 130 |
| 2 | നദീതീര എക്കൽമണ്ണ് | 1.98 | 65 | 160 |
| 3. | ചെങ്കൽമണ്ണ് | .92 | 70 | 138 |
| 4 | പൂഴിമണൽ | 0.65 | 65.5 | 184 |

കൂടുതൽ കൂടുതൽ രാസവളപ്രയോഗം മൂലം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിച്ചുവരുന്നതായിട്ടാണ് കൃഷിഭവൻ രേഖകൾ സൂചിപ്പിക്കുന്നത്.

# നെൽകൃഷി.

### വിളവിസ്തീർണ്ണം

| നമ്പർ | വിള | വിസ്തീർണ്ണം ഹെക്ടറിൽ | മൊത്തം ഉത്പാദനം മെട്രിക് ടെൺ | ഉത്പാദനക്ഷമത് കി.ഗ്രാം |
|---|---|---|---|---|
| 1 | നെല്ല് ഒന്നാംവിള | 185 | 555 | 3000 |
| 2 | നെല്ല് രണ്ടാവിള | 172 | 344 | 2000 |
| 3 | നെല്ല് മൂന്നാംവിള | 485 | 4940 | 4000 |

നെൽകൃഷിയുടെ ഉത്പാദനം നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 1750– 1900 കിലോഗ്രാം. സങ്കരഇനം നെല്ലിനങ്ങൾക്ക് ഹെക്ടറന് 3200–3500 കിലോഗ്രാം വരെ ലഭിക്കുന്നു. സങ്കരഇനം നെൽവിത്തിനോടാണ് കൃഷിക്കാർക്ക് ഏറെ ആഭിമുഖ്യമുള്ളത്. കൃഷിഭവനിലൂടെ വികതരണം ചെയ്ത വിത്തിനങ്ങൾ ജ്യോതി 5100 കി.ഗ്രാം, പവിഴം 900 കി.ഗ്രാം, ചുവന്ന ത്രിവേണി 2040 കി.ഗ്രാം, ജയ 300 കി.ഗ്രാം, ആതിര 200 കി.ഗ്രാം, കൾച്ചർ 700 കി.ഗ്രാം എന്നിങ്ങനെയാണ്. വിളരീതികൾ മുൻകാലങ്ങളിൽ നിടപ്പിലാക്കിയിരുന്നത് ഇപ്പോൾ ഇത് പ്രയോഗത്തിലില്ല. നെൽകൃഷിക്ക് ശേഷം വയലുകൾ പലപ്പോഴും തരിശ്ശിടുകയാണ് പതിവ് ഇത് മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു.

മുഖ്യഇടവിളകളുടെ വിസ്തീർണ്ണം

| നമ്പർ | | ഇടവിളകൾ ഹെക്ടറ് | വിസ്തീർണ്ണം മെ.ടൺ | മൊത്തംഉത്പാദനം |
|---|---|---|---|---|
| 1 | മരച്ചീനി | 180 | 2340 | |
| 2 | കുരുമുളക് | 80 | 16 | |
| 3 | കമുക് | 12 | - | |
| 4 | വാഴ | 285 | 3990 | |
| 5 | പച്ചക്കറി | 198 | - | |
| 6 | എള്ള് | 10 | 15.85 | |
| 7 | പയർ | 21 | 17.86 | |
| 8 | മുതിര | 8 | 20.13 | |

**നടീൽ വസ്തുവിതരണം സംബന്ധിച്ച വിവരങ്ങൾ**

| ഇനം | എണ്ണം | | |
|---|---|---|---|
| | 93-93 | 94-95 | 95-96 |
| തെങ്ങ് | 58 | 143 | 276 |
| കശുമാവ് | 160 | - | 160 |
| കുരുമുളക് | 4615 | 3000 | 6000 |
| കമുക് | 250 | - | - |
| ഫലവൃക്ഷതൈകൾ | 205 | 93 | 549 |

### രാസവള കീടനാശിനി വിപണനം

| | | 1993–94 | | | 94–95 | | | 95–96 | |
|---|---|---|---|---|---|---|---|---|---|
| സ്ഥാപനത്തിന്റെ പേര് | രാസവളം | | കീടനാശിനി | രാസവളം | കീടനാശിനി | രാസവളം | | കീടനാശിനി | |
| | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം | |
| മെ.ടെ. | ലി. | കി.ഗ്രാം | മെ.ടെ | ലി. | കി.ഗ്രം | മെ.ടെ. | ലി. | കി.ഗ്രാം | |
| 1 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
| സഹകരണം | 160 | 150 | 250 | 162 | 60 | 100 | 170 | 50 | 120 |
| സ്വകാര്യം | 690 | 900 | 840 | 700 | 1050 | 900 | 740 | 950 | 950 |

### കാർഷികോപകരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| ട്രാക്ടർട്രില്ലർ | നാടൻകലപ്പ | വെക്കർട്രെയർ | മെതിയന്ത്രം | തെങ്ങുകയറ്റയന്ത്രം | പോർട്ടബിൾ പമ്പ്സെറ്റ് |
|---|---|---|---|---|---|
| ഇല്ല 4 | 25 | 30 | ഇല്ല | 2 | 45 |
| | | നാവ്സാക്ക് ട്രേയർ | | | |
| | | 400 | | | |

ഇന്ന് വിത്ത് തെരഞ്ഞെടുക്കുന്നതിന്റെ അപാകത അശാസ്ത്രീയമായ ജലസേചനം വളപ്രയോഗം തുടങ്ങിയവയൊക്കെ തെങ്ങുകൃഷിയുടേയും നെൽകൃഷിയുടേയും പ്രശ്നങ്ങളിൽ പെടുന്നു. ശരാശരി ഒരു ഏക്കറിൽ 90 തെങ്ങുകളാണ് നിലവിലുള്ളത്. നെൽകൃഷിയേക്കാൾ ലാഭകരം എന്ന കാഴ്ചപ്പാടോടു കൂടി വയൽ നികത്തി തെങ്ങുവച്ച പലയിടങ്ങളിലും നീർക്കെട്ടും മറ്റ് കാരണങ്ങളാലും ഉത്പാദനം കുറഞ്ഞ് വരുന്നതായി കാണാം.

## വളവും കീടനാശിനികളും

സഹകരണമേഖലയിൽ മൂന്നും സ്വകാര്യമേഖലയിൽ 11 ഉം ഉൾപ്പെട്ട 14 വളം കീടനാശിനി വിപണന കേന്ദ്രങ്ങളാണ് തഴക്കര പഞ്ചായത്തിലുള്ളത്. കൃഷിക്കുപയോഗിക്കുന്നത് 85 ശതമാനവും രാസവളങ്ങളാണ്. അശാസ്ത്രീയമായ വളപ്രയോഗം കൃഷിചേലവിന്റെ അനാവശ്യമായ വർദ്ധനവിനു കാരണമാകുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നാളിതുവരെയായി

ഉണ്ടായിട്ടില്ല. ജൈവ വളങ്ങൾ വിത്തുമായി മാത്രമേ ഉപയോഗിച്ചു കാണുന്നുള്ളു. നെല്ല്, പച്ചക്കറികൾ, വാഴ, എന്നീവിളകൾക്കാണ് കീട നാശിനികൾ പ്രധാനമായും ഉപയോഗിക്കുന്നത്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതികളോ പരിഗണിച്ചു കാണാറില്ല. കൃഷിക്കാർക്കുണ്ടാവേണ്ട ശാസ്ത്രീയമായ പരിശീലനത്തിന്റെ കുറവ് ഏറെയുണ്ട്.

## പാടശേഖര സമിതികളും കാർഷികോപകരണങ്ങളും

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട പാടശേഖര സമിതികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ അതൊന്നും വേണ്ടത്ര ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. എന്നാൽ സകകരണമേഖലയുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ ഉള്ള മൂന്ന് ഫാമിംഗ് സൊസൈറ്റിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വെട്ടിയാർ പാടശേഖരത്ത് 'കാഡാ' യുടെ കീഴിൽ രജിസ്ട്രേഷൻ ഉണ്ടായിരുന്ന ഒരുസമിതിയുണ്ട്. അതും കാലാകാലത്ത് രജിസ്ട്രേഷൻ പുതുക്കുകയോ ഫലപ്രദമായി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. പുഞ്ച സ്പെഷ്യൽ ആഫീസറുടെ ആഫീസുമായി ബന്ധപ്പെട്ട് ഇത്തര പാടശേഖരസമിതികൾ പമ്പിംഗ്പോലുള്ള പ്രവർത്തനങ്ങൾ കരാറ് ഉറപ്പിച്ച് നടത്താറുണ്ട്. കൃഷിഭവനുമായി ബന്ധപ്പെട്ട് കാർഷികോപകരണങ്ങൾ പാടശേഖരസമിതികൾക്ക് സബ്സിഡി നിരക്കിൽ കർഷകർക്കായി ലഭ്യമാക്കുന്നതിൽ വളരെ കൂടുതൽ മുന്നോട്ട് പോകാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ട്രാക്ടർ, ട്രില്ലർ, റോക്ക് സ്പ്രെയർ, നാപ്സ്റ്റാക്ക് സാപ്രെയർ. തെങ്ങ് കയറ്റയന്ത്രം, മെതി യന്ത്രം എന്നീ കാരഷികോപകരണങ്ങൾ സ്വന്തമായിട്ടുള്ള പാടശേഖരസമിതി ഈ പഞ്ചായത്തിലില്ല. കാർഷിക മേഖലയുടെ പുരോഗതിക്ക് ആവശ്യമായ സഹകരണപ്രസ്ഥാനത്തെക്കുറിച്ച് ഇനിയും ബോധവൽക്കരണമുണ്ടാവേണ്ടതുണ്ട്.

## കൂലി നിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ കൃഷിയോടുള്ള ആഭിമിഖ്യത്തിൽ കുറവ് ഉണ്ടാക്കുന്നതിന് കാരണമായിട്ടുണ്ട്. മാത്രമല്ല കാർഷികമേഖലയെ പൂർണ്ണമായി ആശ്രയിച്ച് ജീവിക്കുവാൻ കഴിയാത്ത അവസ്ഥവന്നു ചേർന്നു. ജീവിതചെലവിന്റെയും ഈ രംഗത്തെ ആപേക്ഷികമായ വിലനിലവാര സൂചികയുടെയും കാരണമായും തൊഴിലാളികൾക്ക് കൂടുതൽ വേതനം കിട്ടുന്ന മറ്റ് മേഖലകളെ ആശ്രയിക്കേണ്ടിവരുന്നു. പഞ്ചായത്തിൽ 4978 കർഷക കുടുംബങ്ങളുള്ളതിൽ 763 കുടുംബങ്ങൾ മാത്രമാണ് കൃഷിയെ മുഖ്യഉപജീവന മാർഗ്ഗമായി ആശ്രയിക്കുന്നുള്ളു. ഏകദേശം 2003 പേരാണ് കരഷകത്തൊഴിലാളികളായി പഞ്ചായത്തിലുള്ളത്. പുരുഷത്തൊഴിലാളികൾ ഈ മേഖലയില്യ ഒരു ഏകീകൃത നിരക്ക് ഇല്ല. ശരാശരി 75-100 രൂപ പുരുഷന്മാരും സ്ത്രീകൾക്ക് 45-50 രൂപയുമാണ് ഇപ്പോൾ കൂലിയായി ലഭിക്കുന്നത്.

## കാർഷിക വായ്പ

3 സഹകരണ സ്ഥാപനങ്ങളും 4 ബാങ്കുകളും മാത്രമാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. മൊത്തത്തിലുള്ള 7 ബാങ്കുകളിൽ നിന്നും മാവേലിക്കരയിലുള്ള കാർഷികവികസന ബാങ്കുവഴിയും കാർഷിക വായ്പകൾ വർഷം തോറും ലഭിക്കാറുണ്ട്. കൃഷിക്കുവേണ്ടി അനുഭവദിക്കുന്ന വായ്പകൾ പലപ്പോഴും കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുവെന്നാണ് പൊതുവേ അഭി

പ്രായം.

**ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരങ്ങൾ**

| നമ്പർ | ബാങ്ക് | 1994–95 | 1995–96 |
|---|---|---|---|
| 1. | കല്ലുമല കാർഷിക | 1854000 | 2017000 |
| | വികസന ബാങ്ക് | | |
| 2. | കുന്നം സർവ്വീസ് സഹകരണബാങ്ക് | 100000 | 100000 |
| 3. | 1184 അറുന്നൂറ്റി മംഗലം | | |
| | സർവ്വീസ് സഹകരണസംഘം | ഇല്ല | ഇല്ല |
| 4. | ധനലക്ഷ്മി ബാങ്ക്, തഴക്കര | 175000 | 250000 |
| 5. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 6022000 | 8187000 |
| 6. | ഫെഡറൽ ബാങ്ക് മാങ്കാകുഴി | 150000 | 1720000 |
| 7. | കോ-ഓപ്പറേറ്റീവ് ബാങ്ക് | 230000 | 298500 |
| | (ജില്ലാ സഹകരണ ബാങ്ക്) | | |
| **ആകെ** | | | |

# ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷിനടത്തുന്ന പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായാണ് മഴലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റിൽ വരെ ലഭിക്കുന്ന കാലാവരഷവും (തെക്ക് കിഴക്കൻ മൺസൂൺ) സെപ്റ്റംബർ ഒക്ടോബർവരെ കിട്ടുന്ന തുലാവർഷവും (വടക്ക് പടിഞ്ഞാറെൻ മൺസൂൺ) ശരാശരി വർഷത്തിൽ 3297 സെ.മീ. മഴ ഇവിടെ ലഭിക്കുന്നു.

## തോടുകൾ കുളങ്ങൾ

പഞ്ചായത്തിൽ ആകെയുള്ള തോടുകൾ 57.82 കി.മീ. ആണ്. ജലസേചനത്തിന്റെ കാര്യത്തിൽ ഈ തോടുകളുടെ പങ്ക് നിർണ്ണാകമാണ്. വെള്ളം കെട്ടിനിർത്താൻ ബണ്ടുകളും ചീപ്പുകളും ഉള്ള തോടുകൾ ഉണ്ട്. ആച്ചൻകോവിലാറിൽ നിന്നു വെള്ളം കയറ്റുന്നതിനും വെള്ളം ഒഴുക്കി വിടുന്നതിനും സൗകര്യമായി ആറ്റുമുഖങ്ങളിൽ ബണ്ടുകൾ നിർമ്മിക്കപ്പെട്ട തോടുകളും ഉണ്ട്. വലുതും ചെറുതുമായി 128 കുളങ്ങൾ ഉണ്ട്. കുളങ്ങളൊന്നും യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷിയാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല. മുൻകാലങ്ങളിൽ പല കുളങ്ങളിലെ വെള്ളം നെൽകൃഷിക്കും വേനൽക്കാലത്ത് പച്ചക്കറി കൃഷികൾക്കും ഉപയോഗിച്ചിരുന്നു. കുളത്തിൽ ഭൂരിഭാഗവും വേനൽക്കാലങ്ങളിൽ വറ്റുന്നവയാണ്.

## പി.ഐ.പി.കനാലുകൾ

ജലസേചന ലക്ഷ്യമായി ബന്ധപ്പെട്ട് നിർമ്മിക്കപ്പെട്ട പമ്പാഇറിഗേഷൻ കനാലിന്റെ മെയിൻ കനാൽ കടന്നുപോകുന്നകത് ഈ പഞ്ചായത്ത് പ്രദേശത്തുകൂടിയാണ്. നിരവധി സബ്കനാലുകളും ഉണ്ട്. പഞ്ചായത്തിന്റെ 13 വാർഡുകളിലും പി.ഐ.പിയുടെ സബ്കനാലുകൾ കടന്നുപോകുന്നുണ്ട്. എന്നാൽ ഈ കനാലുകൾ പലപ്പോഴും കൃഷിക്ക് ആവശ്യമുള്ള ഘട്ടങ്ങളിൽ കനാൽ വെള്ളം ലഭ്യമാകുന്ന കാര്യത്തിൽ പി.ഐ.പി അധികാരികൾ ശ്രദ്ധിക്കാറില്ല.

**ജലവുമായി ബന്ധപ്പെട്ട ആസ്തികൾ**

| നമ്പർആസ്തികൾ(വിസതീർണ്ണം) | കി.മീ./ എണ്ണം |
|---|---|
| 1. അച്ചൻകോവിലാർ | 27.88 കി.മീ. |
| 2. തോടുകൾ | 19.82 കി.മീ. |
| 3. ചാലുകൾ. | 9.5 കി.മീ. |
| 4. കുളങ്ങൾ | 128 എണ്ണം |
| 5. പി.ഐ.പി കനാൽ | 27.917 കി.മീ |
| 6. കുഴൽകിണർ | 5 |
| 7. മറ്റ് കിണറുകൾ (കൃഷിക്ക്) | 2723 |

# ജില്ലാ അഗ്രിക്കൾച്ചർ ഫാമും സ്വീഡ് ഫാമും

തഴക്കര പഞ്ചായത്തിലെ ഇന്നത്തെ 12-ാം വാർഡിൽ 1963 ജൂലൈ മാസത്തിലാണ് ജില്ലാ കൃഷിത്തോട്ടം പ്രവർത്തനം ആരംഭിച്ചത്. 37.66 ഹെക്ടർ സ്ഥലത്താണ് ജില്ലാഫാം സ്ഥാപിച്ചിരിക്കുന്നത്. നാട്ടുമ്പുറത്തെ ആളുകൾ ഈ ഫാമിനെ 'നൂറേക്കർ' എന്നു വിളിക്കുന്നു. ആകെയുള്ള വസ്തുവിൽ 34.72 ഹെക്ടർ സ്ഥലവും കൃഷിക്ക് ഉപയുക്തമാക്കിയിട്ടുണ്ട്. ബാക്കി സ്ഥലം കെട്ടിടങ്ങൾക്കും വിവിധ കൃഷിയിടങ്ങളിലേക്കുള്ള റോഡുകൾക്കായും ഉപയോഗിക്കുന്നു.

സംസ്ഥാന കൃഷിവകുപ്പിന്റെ നേരിട്ടുള്ള ചുമതലയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ വർഷം കഴിയുന്തോറും തൊഴിലാളികളുടെ എണ്ണം കുറഞ്ഞു കൊണ്ടിരിക്കുന്നു. തുടക്കത്തിൽ നൂറിനുമേൽ തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ സ്ഥാപനത്തിൽ 53 പേർ മാത്രമാണ് ഉള്ളത്. ഇന്നത്തെ ജീവിതസാഹചര്യങ്ങൾക്കനുസരണമായ വേതനം കിട്ടുന്നില്ലായെന്നു തൊഴിലാളികൾക്ക് പരാതിയുണ്ട്. പുരിഷന്മാർക്ക് 525-775 രൂപയും സ്ത്രീകൾക്ക് 515 -765 രൂപയുമാണ് എന്ന്തരത്തിലാണ് വേതന നിരക്ക്.

ഏറ്റവും ലാഭകരമായി പ്രവർത്തിച്ചിരുന്ന സ്ഥാപനം പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ സംഭവിക്കുന്ന കുറവിന്റെയും ഡിപ്പാർട്ടുമെന്റിന്റെ വിക്ഷണമില്ലായ്മയുടെയും ഫലമായി ഇപ്പോൾ വർഷം തോറും ലക്ഷക്കണക്ക് രൂപയുടെ നഷ്ട്ടം സഹിച്ചുകൊണ്ടാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

| വർഷം | വരവ് | ചെലവ് | നഷ്ട്ടം |
|---|---|---|---|
| 1991-92 | 2195504 | 2633152 | 4,37,649 |
| 1992-93 | 1714909 | 2761291 | 10,36,292 |
| 1993-94 | 1494136 | 2609024 | 11,14,068 |
| 1994-95 | 1392923 | 3112276 | 13,29,353 |
| 1995-96 | 2322337 | 3234602 | 9,11,765 |

ആവശ്യാനുസരണമുള്ള തൊഴിലാളികളെ ഉൾപ്പെടുത്തി ദീർഘ വീക്ഷണത്തോടെയും കാര്യക്ഷമതയോടെയും പ്രവർത്തിച്ചു ഏറ്റവും ലാഭകരമാക്കിയും കാർഷികരംഗത്ത് വമ്പിച്ച പുരോഗതി ഉണ്ടാക്കുവാനും സഹായിക്കുന്ന ഈ സ്ഥാപനത്തിന്റെ പേരിൽ ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതുണ്ട്. അറനൂറ്റി മംഗലത്ത് സ്ഥാപിച്ചിട്ടുള്ള സ്വീഡ് ഫാമിന്റെ സ്ഥിതിയും വ്യത്യസ്ഥമല്ല.

അത്യുല്പാദന ശേഷിയുള്ള വിത്തുകൾ ഉല്പാദിപ്പിക്കുവാൻ കഴിയുന്നതും നമ്മുടെ കാർഷികമേഖലക്കാകെ താങ്ങും തണലുമാകാൻ കഴിയുന്ന ഈ സ്ഥാപനവും ഇന്ന് വമ്പിച്ച നഷ്ട്ടത്തിലാണ് ഡിപ്പാർട്ടുമെന്റിന്റെയും ഗവ:ന്റെയും അടിയന്തിര ശ്രദ്ധയുണ്ടാക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

കാൽനൂറ്റാണ്ടിലേറെ കാലമായി ആരംഭിച്ച ഇറിഗേഷൻ കനാലുകളുടെ പ്രവർത്തനം പഞ്ചായത്തിന്റെ കാർഷിക വികസനത്തിന് ഗുണകരമായി തീർന്നിട്ടില്ല. പാടശേഖരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബണ്ടുകളുടെയും സ്ലൂയിഡ് കലങ്കുകളുടെയും നിർമ്മാണം പദ്ധതി ഏരിയായിൽ ഫലപ്രദമായ ഉപയോഗത്തിന് സാധ്യതയിലേക്ക് എത്തിച്ചിട്ടുണ്ട്. മണ്ണെടുപ്പ് , മണലുവാരലും തകടിപ്രദേശങ്ങളിലെ കൃഷിയെ പൂർണ്ണമായി ഇല്ലാതാക്കിയിരിക്കുകയാണ്. നിലം നികത്തും ഭവനിർമ്മാവും കൃഷിയിടങ്ങളുടെ വിസ്തൃതിയെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. ഉല്പാദന ചെലവിൽവന്ന വർദ്ധനവ്, കർഷതൊഴിലാളികളുടെ കുറവ് , ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്, കാലവർഷവ്യത്യാസങ്ങൾ, കൃഷിയെ മാത്രം ആശ്രയിക്കുന്നവരുടെ എണ്ണക്കുറവ്, ഇതെല്ലാം കാർഷികമേഖലയിലെ ഉല്പാദനത്തെ മൊത്തത്തിൽ ബാധിച്ചിട്ടുള്ള പ്രശാനങ്ങളാണ്.

പ്രധാനമായും കൃഷിക്ക് കണ്ടുവരുന്ന രോഗങ്ങൾ, മുഞ്ഞരോഗം പോളരോഗം, ഗോളീച്ചരോഗം എന്നിവ നെല്ലിനും കൂമ്പ് ചീയൽ, തെങ്ങോലപ്പുഴു എന്നിവ തെങ്ങിനും കണ്ടുവരുന്നു. ആഫ്രിക്കൻ പായലിന്റെ കടന്നുകയറ്റം നെൽകൃഷിക്ക് ഭീഷണിയായി തീർന്നതു പോലെ തന്നെ വർദ്ധിച്ചുവരുന്ന പാർപ്പിട നിർമ്മാണം തെങ്ങുകൃഷിയെയും സാരമായി ബാധിച്ചിട്ടു പ്രശ്നങ്ങളാണ്.

## നിർദ്ദേശങ്ങൾ

- തഴക്കര പുഞ്ചയിൽ എല്ലാവർഷവും നവംബർ മാസം ആദ്യം പമ്പിംഗ് സംവിധാനം ആരംഭിക്കത്തക്കവണ്ണം റെയിൽവേ ഓവർബ്രിഡ്ജിന് കിഴക്കുവശത്തും പുതിയകാവ് പാലത്തിനു സമീപവും ആറ്റുമുഖത്ത് പമ്പ്സ്ഥാപിച്ച് ഡീവാട്ടറിംഗ് സൗകര്യം ഏർപ്പെടുത്തണം. 34 റെയിൽവേ പാലത്തിന്റെ ബേസ്മെന്റ് കിളന്നുകിടക്കുന്നതുകൊണ്ട് കിഴക്ക് വശത്തുള്ള വെള്ളം ഒഴിഞ്ഞു പോകുന്നില്ല. ഇതിന് ശ്വാശതമായ പരിഹാരം കാണണം.
- വാര്യാൽ മുതൽ റെയിൽവേ പാലം വരെയുള്ള തോട് ഉദ്ദേശം (1 കി.മീ) 1മീറ്റർ താഴ്ചയിൽ താഴ്ത്തിവെട്ടി ആഴം കൂട്ടുകയും തോടിന്റെ ഇരുവശവും പിച്ചിംഗ് കെട്ടി സംരക്ഷിക്കുകയും ചെയ്യുക.
- പി.ഐ.പി കനാൽ കുന്നും പുഴേത്ത് ഭാഗത്ത്നിന്ന് റെയിൽവേ ലൈൻവരെ നീട്ടി പണിപൂർത്തിയാക്കുക.
- തഴക്കര പുഞ്ചയിലെ കൃഷിക്കാരെ ഉൾപ്പെടുത്തി ആഗ്രോസർവ്വീസ് സെന്റർ രൂപീകരിക്കുകയും കർഷകർക്ക് ആവശ്യമായ മുഴുവൻ കാർഷിക ഉപകരണങ്ങളും സബ്സിഡി നിരക്കിൽ മുഴുവൻ കൃഷിക്കാർക്കും ലഭ്യമാക്കുക. ഈ സെന്ററിന്റെ ആഭിമുഖ്യത്തിൽ വിത്തും വളവും കാലാകാലത്ത് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
- താഴേപ്പാടത്ത് കുളം മുതൽ മുണ്ടുപാലം വരെയുള്ള തോടിന്റെ ആഴം കൂട്ടി പിച്ചിംഗ് കെട്ടി സംരക്ഷിക്കുക.
- ആസലിപ്പാടത്ത് 60 ഏക്കർ ഒരിപ്പൂകൃഷി ഇരിപ്പൂകൃഷി ആക്കുവാൻ ആറിനോട് ചേർന്ന ഭാഗത്ത് ബണ്ടും തോടും നിർമ്മിക്കുക.

- അറന്തലിൽ പാടത്ത് ഉണ്ടാകുന്ന പെയ്ത്ത് വെള്ളം താഴെ തഴേകുളത്തിലേക്ക് ഒഴിഞ്ഞു പോകുന്നതിനുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കുക.

- വീട്ടിനാൽ പടിഞ്ഞാറെപ്പാടത്തുള്ള തോട് ആഴംകൂട്ടി പിച്ചിംഗ് കെട്ടി സംരക്ഷിക്കുക.

- ഏഡൂർ പള്ളത്ത് ലിഫ്റ്റിറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

- കുന്നത്ത്മൂല പുഞ്ചയിൽ ഡീ വാട്ടറിംഗ് സൗകര്യം ലഭിക്കുന്നതിന് ബണ്ടും സ്ലീയിഡ് കലുങ്കും നിർമ്മിക്കുക.

- വഴുപാടിയിൽ മഞ്ഞാട്ട് ഭാഗത്ത് ബണ്ട് കെട്ടുക.

- കണ്ടിശ്ശേരി ഭാഗത്തെ കനാൽ ചീപ്പിൽനിന്നും പാടശേഖരത്തിന്റെ രണ്ട് കരയിലും കൂടി സബ് കനാൽ വെട്ടി ജലസേചനത്തിന് സ്ഥിരം സംവിധാനമുണ്ടാക്കുക.

- വടുവൻചിറ പുഞ്ചയുടെ മധ്യഭാഗത്തുള്ള ചാൽ ആഴം കൂട്ടി സൈഡ് കെട്ടി ജലസംഭരണത്തിന് ഉപയുക്തമാക്കുക.

- കുന്നം ക്ഷേത്രസമീപമുള്ള പി.ഐ.പി ചീപ്പിൽനിന്ന് പാടത്തേ തോട്ടിലേക്ക് വെള്ളം കൊണ്ടെത്തിക്കുവാൻ പാടത്തേക്ക് ഒരു തോട് നിർമ്മിക്കുക.

- കുന്നത്ത് മൂല പുഞ്ചയിലെ നടുത്തോട് ഉദ്ദേശം 250 മീറ്റലർ നീളത്തിലും 3 മീറ്റർ വീതിയിലും കാൽ മീറ്റർ താഴ്ചയിലും വെട്ടി തോടിന്റെ സൈഡുകെട്ടി സംരക്ഷിക്കുക.

- കല്ലുപ്പ്ച്ചിറ മുതൽ അച്ചൻകോവിലാറുവരെയുള്ള തോട് വിതിയും ആഴവും കൂട്ടിവെട്ടി സൈഡ് കെട്ടിയും സംരക്ഷിക്കുക.

- കല്ലുപ്പ്ച്ചിറ പുഞ്ചയുടെ പടിഞ്ഞാറെ അതിർത്തിയിലൂടെ കരത്തോട് നിർമ്മിക്കുക.

- വെട്ടിയാർ തേവരി ചാലിന്റെ ആഴം വർദ്ധിപ്പിക്കുക. സൈഡുകെട്ടി സംരക്ഷിക്കുക. തേവേരിചാൽ പുഞ്ചയിൽ സ്ഥിരം സീവാട്ടറിംഗ് സംവിധാനം ഉണ്ടാക്കുക, വാത്തിലേത്ത് കിഴക്ക് വശത്ത് ബണ്ടും കലുങ്കും നിർമ്മിക്കുക.

- കൊഡപ്പാടത്തിന്റെ പടിഞ്ഞാറെ സൈഡിൽ ആറ്റിലേക്കുള്ള ചാലിന്റെ ആഴം വർദ്ധിപ്പിച്ച് ഇരുസൈഡു ഭിത്തികെട്ടി സംരക്ഷിക്കുകയും ഡീ വാട്ടറിംഗിന് സ്ഥിരം സംവിധാവം ഉണ്ടാക്കുകയും വേണം.

- പുതുച്ചിറ തെക്കേപ്പാടത്ത് ചിറ ഉയർത്തി ബലപ്പെടുത്തി തോടിന് കുറുകെ ഒരു പാലവും തീർത്താൽ പാടത്തം കാർഷിക

- സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയും. കൂടാതെ സൗകര്യമായ ഭാഗത്ത് ഒരു ബണ്ടും നിർമ്മിച്ചാൽ ഇരിപ്പു കൃഷിനടത്തുവാൻ കഴിയും.

- പെരുവേലിൽ ചാൽ പുഞ്ചയിലെ വെള്ളപ്പൊക്കത്തെ നിയന്ത്രിക്കുവാൻ പാടത്തിന്റെ വടക്ക് വശത്ത് ഷട്ടർ ഇടുക. ഇന്നുള്ള ചീപ്പ് മുതൽ തെക്കോട്ട് തോടിന്റെ സൈഡുകെട്ടി സംരക്ഷിക്കുക.

- ഒന്നാം പമ്പ് വെച്ചിരിക്കുന്ന സ്ഥാനത്ത് ഒരു കലുങ്ക് പണിയുക. ഇരട്ടമോട്ടേറിന് മോട്ടോർതറയും ക്രോസ് ബണ്ട് പണിയുക. കൂടാതെ കൂലിക്കോട്ട് ബ്ലോക്കിൽ മോട്ടോർതറയും ക്രോസ് ബണ്ടും പണിയുക.

- മോട്ടോർ തറ മുതൽ മുണ്ടുചാൽ വരെയുള്ള 800 മീറ്റർ നീളത്തിൽ തോട് വെട്ടുക തോടിന്റെ ചെല്ലിവളവിൽ 15 എച്ച്.പി.യുയട ഒരു മോട്ടോർ സ്ഥാപിക്കുക.

- ഇറിഗേഷന്റെ രണ്ടാം പമ്പുമുതല 1200 മീറ്റർ കനാൽ തോട് നിർമ്മിക്കുക. ചെറുമല തെക്ക് പുറം ബ്ലോക്കിൽ മോട്ടോർ തറയും ബണ്ടും നിർമ്മിക്കുക

- ചെറുമല തെക്കുപുറം മുതൽ പണിതിട്ടരിക്കുന്ന സബ് കനാൽ ഒരു കിലോമിറ്റർ പണയിൽ ചാലിലേക്ക് നീട്ടുക. ചുനക്കരയുടെ വടക്കേ അറ്റത്ത് കോട്ടമുക്കിനു കൂടി പോകുന്ന കല്ലടയുടെ സബ്കനാൽ രണ്ട് കിലോമീറ്റർ നീട്ടിയാൽ പി.ഐ.പി. യുടെ സബ്ബ് കനാലിനോട് ചേർക്കാം പാടത്ത് വരൾച്ചയുണ്ടാകാതെ സംരക്ഷിക്കാം.
- പേരുവേലിൽ താൽ പഞ്ചയിൽ വള്ളക്കടവുമായി യോജിപ്പിക്കുന്ന ബണ്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചാൽ വള്ളക്കടവു മുതൽ പണിമുട്ടു ചിറവരെ ഒരുപ്പൂകൃഷി ചെയ്യുവാൻ കഴിയും.വലുകൊല്ലാക്കുളത്തിലെ അധികാരകയ്യേറ്റം ഒഴുവാക്കി കുളം സംരക്ഷിച്ച് നിലനിർത്തുക.
- പണമുട്ടു ചിറയിൽ നിന്നും കിഴക്കോട്ടുള്ള തോടിന്റെ ഇരുസൈഡും പിച്ചിംഗ് കെട്ടി ബണ്ടും ചീപ്പും നിർമ്മിക്കുക.
- ചെറുമലക്കൊല്ല ഭാഗത്തും ബണ്ടും ചീപ്പും നിർമ്മക്കുക.
- പണയിൽ ചാലിലേക്ക് തെക്കു നിന്നുവെള്ളം ഒഴുകി വരുന്ന തോടിന്റെ സൈഡുകെട്ടി സംരക്ഷിക്കുക.
- വെട്ടിയാർ നിലമേൽ ഇരിപ്പ് പാടത്ത് മധ്യത്തുകൂടിയുള്ള തോട് ഇരുവശവും പീച്ചിംഗ് കെട്ടി സംരക്ഷിക്കുക. ഈടയ്ക്ക് രണ്ടുബണ്ടുകൾ നിർമ്മിച്ച് നിലത്തിലേക്ക് ആവശ്യമായ നീരൊഴുക്ക് ലഭ്യമാക്കുക.
- പുന്നമൂട് കുളം, കല്ലുകുളം ഇവ വശങ്ങൾ കെട്ടി ആഴം കൂട്ടി ജലസേചനത്തിന് സൗകര്യമാക്കുക.
- നിലമേൽ പാടത്ത് രാമല്ലൂർ, മാമ്പ്രാ കോളനികളുടെ മധ്യത്തുള്ള നടുതോട്ടിൽ കലുങ്കും ചീപ്പും നിർമ്മിക്കുക.
- രാമല്ലൂർ ചിറപ്പാടത്തിന്റെ നടുത്തോടുവേട്ടി ആഴംകൂട്ടി ജലസേചനസൗകര്യം സഭ്യമാക്കുക.
- രാമല്ലൂർ വാരിയത്ത് വടക്കേകുളം വെട്ടി സൈഡ് കെട്ടി രാമല്ലൂർ പിരിപ് പാടത്തേക്ക് ജലസേചനസൗകര്യം ലഭ്യമാക്കുക.
- പുന്നമൂട് ചിറമുക്കൽ കയ്പ്പള്ളിക്കൊല്ലവരെയും കനാലിന്റെ അടിഭാഗം മുഴുവനും ഇടിഞ്ഞുപോയതിനാൽ വെള്ളം ഒഴുകി പാടത്ത് കൃഷിചെയ്യാൻ കഴിയാതെ വരുന്നു. അതിന് ശാശ്വത പരിഹാരം കാണുക.
- കുരം ചിറപ്പാടത്തിന്റെ കിഴക്കേക്കരയിലുള്ള കരത്തോട് സൈഡ് കെട്ടിസംരക്ഷിക്കുക.
- കോളശ്ശേരിപ്പാടത്ത് മാക്രിമടയിലുള്ള കലുങ്കിന്റെ അടിവശം കുറേക്കൂടി താഴ്ത്തിയാൽ ബണ്ടിന്റെ ഇരുവശവും ഉള്ള പാടത്തെ ജലസേചന സൗകര്യം മെച്ചപ്പെടുത്താം.
- മാക്രിമട മുതൽ റെയിൽവേപ്പാലം വരെ നിലവിലുള്ള ചിറയിൽ നിന്ന് ഒരടി ഉയരത്തിൽ കോൺക്രീറ്റ് ബണ്ട് കെട്ടണം.
- പുതാക്കല ചിറയിൽ ആക്കനാട്ടുകരയും ഇറവങ്കരയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ബണ്ടും ഒരു സ്ലൂയിഡ് കലുങ്കും നിർമ്മിക്കുക.
- കണ്ണാട്ടുമോടി പമ്പുഹൗസു മുതൽ മാക്രിമടവരെയുള്ള നടുത്തോടിന് നടുവിൽക്കൂടി ഒരി റോഡ് നിർമ്മിക്കുക.
- 11-ാം വാർഡിലെ 10 ഏക്കറോളം നിലം (കനാൽ പാലത്തിന് സമീപം) കനാലിലെ ഊറ്റൽ കാരണം ചതുപ്പായിമാറിയിരിക്കുന്നു. ഇതിന് ശാശ്വത പരിഹാരം കാണുക
- അറനൂറ്റി മംഗലം എൻ.എസ്.എസ്. ദേവി ക്ഷേത്രത്തിന്റെ ഭാഗത്തുനിന്നും കിഴക്കോട്ട് പാടത്തേക്ക് ഇറങ്ങുന്ന വഴി സംരക്ഷിക്കുക.
- അമ്മൻ ചേരിഭാഗത്ത് നിന്ന് തെക്കേപ്പാടത്തേക്ക് ഇറങ്ങുന്ന വഴി സംരക്ഷിക്കുക.

- കോതാറ കലുങ്കിന്റെ അടിവശം 5 അടിയോളം താഴ്ത്തി ജലസേചന സൗകര്യമുണ്ടാക്കുക.
- പാടശേഖര കമ്മിറ്റികളും പഞ്ചായത്തും പി.ഐ.പി. ഉദ്യോഗസ്ഥന്മാരുടെയും കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുക.
- പോരടി കുളത്തിൽ നിന്നുള്ള നീരൊഴുക്കുചാൽ വീതിയും ആഴവും കൂട്ടിവെട്ടുക.
- ഇറവങ്കര കളീയ്ക്കൽ കുളം മുതൽ തഴക്കര പുഞ്ചവരെയുള്ള നടുത്തോട് താഴ്ത്തിവെട്ടുക.
- ചിറത്താഴപ്പാടത്തു നിന്നുള്ള തോട് സൈഡുകെട്ടി മോട്ടോർ സ്ഥാപിച്ച് ഡീവാട്ടറിംഗ് സൗകര്യം ലഭ്യമാക്കുക.

## സാധ്യത

മുകളിൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ പദ്ധതികളാക്കി നടപ്പാക്കിയാൽ തഴക്കര പഞ്ചായത്തുപ്രദേശത്തുള്ള കാർഷിക മേഖലയിൽ വിപ്ലവകരമായ മുന്നേറ്റമുണ്ടാക്കുവാൻ കഴിയും. മാത്രമല്ല ഇന്നുള്ള ഉത്പാദനം കുറഞ്ഞത് മൂന്നിരട്ടിയാക്കി വർദ്ധിപ്പിക്കുവാൻ കഴിയും.

## മറ്റുചില നിർദ്ദേശങ്ങൾ

- തഴക്കര ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് പൂർണ്ണമായി ഏർപ്പെടുത്തുക.
- നിലം നികത്തൽ പൂർണ്ണമായും കർശനമായും നിയന്ത്രിക്കുക.
- തരിശിടീൽ നിരുത്സാഹപ്പെടുത്തുകയും എല്ലാവരും കൃഷി ചെയ്യുവാൻ പ്രേരിപ്പിക്കുകയും ചെയ്യുക.
- പാടത്തുനിന്നും ആറിന്റെ തിട്ടയിൽ നിന്നുമുള്ള മണ്ണെടുപ്പ്, മലമണ്ണ് എടുക്കൽ ഇവ കർശനമായി നിരോധിക്കുക.
- കനാൽവെള്ളം ആവശ്യാനുസരണം ലഭ്യമാക്കാൻ പഞ്ചായത്തും, കർഷകരും, പി.ഐ.പിയും ചേർന്നുള്ള കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുക.
- കർഷകപെൻഷൻ അടിയന്തിരമായി നടപ്പാക്കുക.
- കൃഷിക്കാവശ്യമായി പലിശരഹിത വായ്പ ലഭ്യമാക്കുക.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

പശു,ആട്, എന്നിവയാണ് തഴക്കര പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. ഉഴവുകാളകളും എരുമകളും വളർത്തപ്പെടുന്നുണ്ട്. എന്നാൽ അവയുടെ എണ്ണം താരതമ്യേന വളരെ കുറവാണ്. വളർത്തു പക്ഷികളിൽ പ്രധാനപ്പെടുന്നുണ്ട്. പഞ്ചായത്തിൽ ഇപ്പോൾ പശുക്കളും ആടുകളും, ഉഴവുകാളകൾ, എരുമകളുമാണുള്ളത്.

ചുരുക്കം ചില വീടുകളിലായി മുയലുകളേയും വളർത്തുന്നുണ്ട്. പഞ്ചായത്തിലെ 75 ശതമാനം വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. മുമ്പ് 3 കേന്ദ്രങ്ങളിൽ ഇറച്ചിക്കോഴികളെ വളർത്തുന്നുണ്ടായിരുന്നു. എന്നാൽ ഈ 3 കേന്ദ്രങ്ങളും ഇന്നു നിലവില്ല.

നെൽകൃഷി കുറഞ്ഞതും കാർഷികരംഗത്തെ യന്ത്രവൽക്കരണവും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയുവാൻ കാരണമായി. നിരന്തരമായി ഉണ്ടാകുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവുവരുത്തി.റോഡുകളും വാഹനങ്ങളും വർദ്ധിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണവും കുറഞ്ഞു. ഇന്ന് പഞ്ചായത്തിൽ ഒരു വീട്ടിൽ മാത്രം കാളവണ്ടിയും വണ്ടിക്കാളകളുമുള്ളു.

1996 സാമൂഹിക-സാമ്പത്തിക സർവ്വേ പ്രകാരം പ്രതിദിനം 1788 ലിറ്റർ പാൽ ഉത്പാദിപ്പിക്കുന്നുണ്ട്. ഉത്പാദിപ്പിക്കുന്ന പാൽ മുഴുവനും വിൽക്കുന്നതിന് സംവിധാനം ഇല്ലാത്തതും, കാലിത്തീറ്റയുടെ വിലവർദ്ധനവ്, വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതക്കുറവ് ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിന് പൊതിവിൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. തഴക്കര പഞ്ചായത്തിൽ നിലവിൽ 5 പാൽ സൊസൈറ്റികൾ ഉണ്ട്.

വളർത്തുമൃഗങ്ങളും പക്ഷികളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വളര്‍ത്തുമൃഗങ്ങളുടെ ഇനം | എണ്ണം 1996 |
|---|---|
| പശു | 1153 |
| ആട് | 866 |
| കന്നുകുട്ടികൾ | 4 |
| എരുമ | 17 |
| കാളകൾ | 132 |
| കോഴി | 3319 |
| താറാവ് | ലഭ്യമല്ല |

തഴക്കര പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും 3 ലൈവ് സ്റ്റോക്ക് സെന്ററുകളും ഉണ്ട്. വെട്ടിയാർ 5-ാം വാർഡിൽ പ്രവർത്തിക്കുന്ന ലൈവ് സ്റ്റോക്ക് സെന്ററിന് സ്വന്തമായി ഭൂമിയും കെട്ടിടവും ഉണ്ട്. ഇത് മൃഗാശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നും 1,2,3,8,9 എന്നീ വാർഡുകളിലെ കന്നുകാലികൾക്ക് രോഗം വന്നാൽ കിലോമീറ്ററുകൾ ദൂരെയുള്ള ചികിത്സാ കേന്ദ്രങ്ങളിലേക്ക് എത്തിക്കുവാൻ കർഷകർ നന്നേ പ്രയാസപ്പെടുന്നുണ്ട്.

കന്നുകാലികൾക്ക് പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ അകിട് വീക്കം, കുളമ്പ് രോഗം , ഉദരരോഗം, പനി എന്നിവയാണ്. രോഗപ്രതിരോധ നടപടികൾ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും കന്നുകാലികർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ ഒരു പ്രശ്നം തന്നെയാണ്.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വലിയ ഒരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴിയുമെങ്കിലും പൊതുവിൽ കൃഷി ലാഭകരമല്ലായതോടെ കാലികൃഷിക്കും മാന്ദ്യം സംഭവിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ മിക്കവാറും എല്ലാവീടുകളിലും കോഴിവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് താരതമ്യേന ഇത് വളരെക്കുറവാണ്. കോഴിമുട്ട മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വൻതോതിൽ ഇറക്കുമതി ചെയ്യുന്നതുകൊണ്ട് ദൈനംദിന ഭക്ഷ്യആവശ്യങ്ങൾക്കുപോലും ആളുകൾ കമ്പോളങ്ങളിലെ മുട്ടയെയാണ് ആശ്രയിക്കുന്നത്. മാത്രവുമല്ല നാടൻ മുട്ടകൾക്ക് വിപണനകേന്ദ്രങ്ങളുടെ ഇല്ലായ്മയും ഈ രംഗത്ത് എടുത്തുപറയാവുന്ന ഒരു ന്യൂനതയാണ്.

ചുരുക്കം ചിലവീടുകളിലെങ്കിലും മുയലിനെ വളർത്തുന്നത് മുഖ്യമായും കൗതുകത്തിനുവേണ്ടിയാണ്. പ്രത്യുല്പാദന നിരക്ക് കൂടുതലായതുകൊണ്ട് ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുകയാണെങ്കിൽ വളരെ ലാഭകരമായിരിക്കും. മുയൽവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## പ്രധാന പ്രശ്നങ്ങൾ

കാലിത്തീറ്റയുടെ വിലക്കൂടുതൽ പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്. മൃഗ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത, കോഴിവസന്തരോഗം ഫലപ്രദമായി തടയാൻക ഴിയാത്ത അവസ്ഥ, മുട്ട വിപണന കേന്ദ്രം ഇല്ലാ യ്മ, ക്ഷീരവിപണനത്തിനുള്ള സൗകര്യം വിപു ലപ്പെടുത്താത്തതിലുള്ള അസൗകര്യം, കന്നു കാലികളെ വളർത്തുന്നതിന് ധനസഹായം ലഭി ക്കുന്നതിലുള്ള പ്രയാസം, ഈ കാര്യത്തിൽ വായ്പാസംഘങ്ങളുടെയും ബാങ്കുകളുടെയും താല്പര്യമില്ലായ്മ, പേപ്പട്ടി ശല്യം ഇവയെല്ലാം നിവാരിലുള്ള പ്രധാന പ്രശ്നങ്ങളാണ്.

## നിർദ്ദേശങ്ങൾ

- തഴക്കര പഞ്ചായത്തിലെ സ്വന്തമായും വസ്തുവും കെട്ടിടവുമുള്ള 5-ാം വാർഡിലെ ലൈവ് സ്റ്റോക്ക് കേന്ദ്രം ഒരു മൃഗാശുപത്രിയായി ഉയർത്തുകയും ഒരു സ്ഥിരം ഡോക്ടറുടെ സേവനം ഉറപ്പുവരു ത്തുകയും ചെയ്യുക.
- കറവമാടുകളെ വളർത്തുന്നതിന് സൗജ ന്യസഹായം ലഭ്യമാക്കുക.
- കറവമാടുകളെ വളർത്തുന്ന ഭവനങ്ങളിൽ വിദഗ്ദ്ധർ സന്ദർശിച്ച് കന്നുകാലികൾക്ക് സൗജന്യചികിത്സ ലഭ്യമാക്കുക.
- പഞ്ചായത്തിന്റെ പടിഞ്ഞാറൻ വാർഡുകൾ കേന്ദ്രീകരിച്ച് കന്നുകാലികൾക്ക് ഒരു ക്രിതൃമ ബീജസംഘടനകേന്ദ്രം ആരംഭി ക്കുക.
- വർഗ്ഗഗുണമുള്ള കോഴിക്കുഞ്ഞളെ തെര ഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾക്ക് സൗജ ന്യമായി വിതരണം ചെയ്യുക.
- മുട്ട വിപണന സൗകര്യം സൃഷ്ടിക്കുക.
- കറവുമാടുകൾക്ക് സൗജന്യനിരക്കിൽ ഇൻഷുറൻസ് ഏർപ്പെടുത്തുക.
- ദുർബല വിഭാഗത്തിന് പശുക്കുട്ടികളെയും ആടുകളെയും സൗജന്യമായി നൽകുക.
- പേവിഷബാധക്ക് എതിരായി സൗജന്യ നി രക്കിൽ കുത്തിവെയ്ക്കുന്നതിനുള്ള അവ സരം ഉണ്ടാക്കുക.
- അലഞ്ഞുനടക്കുന്ന പട്ടികളെ കൊല്ലുന്ന തിന് സംവിധാനം നടത്തുക.

# മൃഗസംരക്ഷണവകുപ്പിൽനിന്നും ഏറ്റെടുക്കാവുന്ന പദ്ധതികൾ

## മൃഗസംരക്ഷണപ്രവൃത്തനങ്ങൾ മെച്ചപ്പെടുത്തൽ

ഇപ്പോൾ പഞ്ചായത്തിൽ മൃഗാശുപത്രിയും ക്രിത്രിമ ബീജദാന കേന്ദ്രങ്ങളുമുണ്ട്. ഇവയെല്ലാം ഏകദേശം അടുത്തടുത്ത സ്ഥലങ്ങളിലാണ്. ഈ സ്ഥാപനങ്ങൾ കൊണ്ട് പഞ്ചായത്തിന്റെ എല്ലാ ഭാത്തുള്ളവർക്കും പ്രയോജനകരമാകും വിധം ക്രമീകരിച്ചാൽ നന്നായിരിക്കും.

മൃഗാശുപത്രി ശൈശവദശയിലായിരിക്കുന്നതേയുള്ളൂ. സ്വന്തമായ സ്ഥല സൈകര്യങ്ങളുള്ള കെട്ടിടം പശുക്കളെ കെട്ടാനുള്ള ട്രെവിസ് ആവസ്യത്തിനുള്ള ഫർണ്ണിച്ചർ മേശ. കസേര, അലമാരകൾ സ്റ്റോർ മുതലായവ ലാബ് സൗകര്യങ്ങൾ മൈക്രസ്കോപ്പ് വിവിധ ടെസ്റ്റുകൾക്കുള്ള മരുന്നുകൾ മുതലായവ വാക്സിനുകളും മറ്റും സൂക്ഷിക്കാൻ ഫ്രിഡ്ജ് ഇപ്പോൾ അടുത്ത വീടുകളിലും മറ്റുമാണ് വാക്സിനുകൾ സൂക്ഷിക്കുന്നത് മെച്ചപ്പെട്ട ചികിത്സാ സംവിധാനങ്ങൾ ആവല്യത്തിന് മരുന്ന് കുറഞ്ഞവിലയ്ക്ക ലഭ്യമാക്കാനുള്ള സംവിധാനം എന്നിവ അത്യാവശ്യമാണ്. പഞ്ചായത്തിന്റെ അല്ലാ ഭാഗത്തും ഈ മൃഗാശുപത്രിയുടെ സേവനങ്ങൾ എത്തണമെങ്കിൽ ഒരു വാഹനം ആവശ്യമാണ്.

## പശുവളർത്തൽ

### ഡയറിയൂണിറ്റുകൾ

ബാങ്ക് വായ്പയും സബ്സിഡിയും കൊടുത്ത് പശുക്കളടങ്ങുന്ന മിനിഡയറി യൂണിറ്റുകൾ സ്ഥാപിക്കുക.

10–5 വനിതകളെ ചേർത്ത് വലിയ രീതിയിലുള്ള ഡയറി ഫാമുകൾ തുടങ്ങാം. വായ്പ അടഞ്ഞുതീരുന്നതനുസരിച്ച് പുതിയ യൂണിറ്റുകൽ ആരംഭിക്കാൻ വായ്പ കൊടുക്കാം.

### കിടാരി വളർത്തൽ യൂണിറ്റ്

5 മാസം പ്രായമുള്ള 8–10 പശുക്കുട്ടികളെ വാങ്ങി ആദ്യപ്രസവം വരെയോ ചന

യേൽക്കുന്നതുവരെയോ ശാസ്ത്രീയമായി വളർത്തി വില്ക്കുന്ന സ്കീം. ഇവയ്ക്ക് തീറ്റി പ്പുൽ കൃഷിക്കും പമ്പുസെറ്റ് വാങ്ങുന്നതിനും സബ്സിഡി നല്കാവുന്നതാണ്.

## കാലിത്തീറ്റ നിർമ്മാണം

പഞ്ചായത്തിൽ ചെറുകിട കാലിത്തീറ്റ ഫാക്ടറികൾ തുടങ്ങി കാലിത്തീറ്റ കുറഞ്ഞ വിലയിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാവു ന്നതാണ്.

## കന്നുകുട്ടി പരിപാലന പദ്ധതി

പശുവളർത്തലിൽ ഏറ്റവും സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നത് പശുക്കുട്ടികളെ ശാസ്ത്രീയമായി ആദ്യ പ്രസവം വരെ വർത്തുന്നതിനാണ്. ഈ സമയത്ത് ആദായമില്ലാത്തതുകൊണ്ട് ആവസ്യത്തിന് തീറ്റികൊടുക്കാൻ ബുദ്ധിമുട്ടുണ്ടാടകുന്നു. തീറ്റക്കുറവ് കാരണം വളർച്ചക്കുറവും വന്ധ്യതയും ഉണ്ടാകുന്നു. ആദ്യ പ്രസവം വരെ കന്നുകുട്ടികൽക്ക് കാലിത്തീറ്റ വിലക്കുറച്ച് നല്കാൻ പദ്ധതിയുണ്ടെങ്കിൽ നന്നായിരിക്കും

## കാളക്കുട്ടി പരിപാലനം

2-3 മാസം പ്രായമുള്ള അഞ്ച് കാളക്കുട്ടികളെ വീതം മാംസ്യ ഉത്പാദനത്തിനായി ഒരു വയസ്സുവരെ ശാസ്ത്രീയമായി വളർത്തിയെടുക്കുന്ന യൂണിറ്റുകൾ തുടങ്ങാം.

## തൊഴുത്ത് നിർമ്മാണം.

പശുവിനെ വളർത്തുന്ന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് ശാസ്ത്രീയമായ തൊഴുത്ത് നിർമ്മിക്കാൻ ധനസഹായം നല്കേണ്ടതാണ്. ശാസ്ത്രീയവും വൃത്തിയുമുള്ളതുമായ തൊഴുത്തുണ്ടെങ്കിൽ കാലി രോഗങ്ങൾ കുറയും

## തീറ്റപുൽകൃഷി

പശുക്കൾക്ക് ആവശ്യത്തിന് പുല്ല് കൊടുക്കാനുണ്ടെങ്കിൽ തീറ്റചെലവ് വളരെ കുറയ്ക്കാം പഞ്ചായത്തിന്റെ പുറംപോക്ക് സ്ഥലങ്ങൾ തീറ്റപുൽകൃഷിക്കായി ലേലം ചെയ്ത് നൽകാവുന്നതാണ്.

## മൃഗങ്ങളിലെ പൊതുവായ രോഗവിവരണം

പശുക്കളിൽ ബോൺ സംബന്ധവും ശ്വാസകോശ സംബന്ധവുമായുള്ള രോഗങ്ങൽ ത്വക്ക് രോഗങ്ങൽ പരാഗരോഗങ്ങൽ പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട രോഗങ്ങൽ അകിടുവീക്കം മുടന്തൻ പനി, ഉപാപചയ സംബന്ധരോഗങ്ങൾ എന്നിവയും കോഴികളിൽ കോഴിവസന്തയും പയറിളക്കവും ആടുകളിൽ ശ്വാസകോശ രോഗങ്ങളും ദഹനസംബന്ധരോഗങ്ങളും കണ്ടു വരുന്നുണ്ട്.

## ചികിത്സയിലുള്ള മൃഗങ്ങളുടെ എണ്ണം

ശരാശരി 200-250 മൃഗങ്ങളെ ഒരു മാസം മൃഗാശുപത്രിയിലൽ ചികിത്സിക്കുന്നുണ്ട്.

ചികിത്സാലയങ്ങളിലെ സൗകര്യങ്ങൾ മൃഗാശുപത്രിയിൽ മൃഗചികിത്സ സർജ്ജറി രോഗപ്രതിരോധം കർഷക ബോധവല്ക്കരണം വന്ധ്യതാ ചികിത്സ, എന്നിവ നടക്കുന്നു. ക്രിതൃമ ബീജസങ്കലനം സൗകര്യം ഇപ്പോഴില്ല ഗവൺമെന്റിന്റെ അനുമതി കിട്ടിയിട്ടുണ്ടെങ്കിലും മൂന്നുകിലോമീറ്റർ ചുറ്റളവിലുള്ള മറ്റ് ബീജധാന കേന്ദ്രങ്ങള്ഢ മാറ്റിക്കഴിഞ്ഞാൽ ഇവിടെ കൃതൃമബീജദാനം തുടങ്ങാനാവും.

മൃഗാശുപത്രിക്ക് പഞ്ചായത്തിലെ എല്ലായിടത്തുനിന്നും ആളുകൾക്കെത്താവുന്നിടത്ത് സ്ഥലസൗകര്യങ്ങളുള്ള കെട്ടിടം, പശുക്കളെ

പരിശോധിക്കാനായ് കെട്ടാനുള്ള ട്രെവിസ്, ലാബ് സൗകര്യങ്ങൽ ഫ്രിഡ്ജ് വാഹനസൗകര്യം എന്നിവ ആവശ്യമാണ്. മരുന്നുകൾ വില കുറച്ച് ലഭ്യമാക്കാനായാൽ ജനങ്ങൾക്ക് പ്രയോജനപ്പെടും.

3 ഗോസംവർദ്ധക ഉപകേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. വെട്ടിയാർ. ഇറവംങ്കര, അറുനൂറ്റിമംഗലം ഇവിടെ കൃത്രിമ ബീജസങ്കലനവും രോഗപ്രതിരോധ പ്രവൃത്തനങ്ങളും നടക്കുന്നു. ഈ മൂന്നു കേന്ദ്രങ്ങളും മൃഗാശുപത്രിയും ഏകദേശം ഒരേ പ്രദേശത്ത് സ്ഥിതി ചെയ്യുന്നതുകൊണ്ട് പഞ്ചായത്തിന്റെ ഒരു ഭാഗത്ത് ഇനിയും മൃഗസംരക്ഷണപ്രവൃത്തനങ്ങൾ ശരിയായ രീതിയിൽ എത്തുന്നില്ല. ഇത്രയും മൃഗസംരക്ഷണ സ്ഥാപനങ്ങൾ ഉള്ള പഞ്ചായത്ത് ആകുമ്പോൾ ഈ സ്ഥാപനങ്ങൾ വേണ്ടവണ്ണം ക്രമീകരിച്ചാൽ എല്ലാവർക്കും അതുകൊണ്ടുള്ള പ്രയോജനങ്ങൾ കിട്ടും.

### ജീവനക്കാരുടെ വിവരങ്ങൾ

മൃഗാശുപത്രിയിൽ ഒരു വെറ്റിനറി സർജ്ജനും ഒരു അറ്റന്ററും മാത്രമേ ഉള്ളൂ. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെയും പാർട്ട ടൈം സ്വീപ്പറുടെയും തസ്തികകൾ ഒഴിവാണ്. ഒരു താല്ക്കാലിക ജീവനക്കാരി തൂപ്പുജോലികൾ ചെയ്യുന്നുണ്ട്.

വെട്ടിയാറും അറുനൂറ്റിമംഗലവും ഉപകേന്ദ്രങ്ങളിൽ ഓരോ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറൻമാരും ഓരോ പാർട്ട് ടൈം സ്വീപ്പറന്മാരും ഉണ്ട് ഇറവംങ്കര ഉപകേന്ദ്രത്തിൽ ആരുമില്ല.ലൈവ് സ്റ്റോക്ക് ഇൻസ്പക്ടറുടെ തസ്തിക ഒഴിവാണ്.

## കോഴിവളർത്തൽ

### എഗ്ഗർ നഴ്സറി

മുട്ടക്കോഴി വളർത്തലിലെ പ്രയാസമുള്ള ഘട്ടം കോഴിക്കുഞ്ഞുങ്ങളെ കാക്കക്കേടു മാറുന്നതുവരെ വളർത്തുക എന്നതാണ്. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 45 –60 ദിവസം വരെ ഒന്നിച്ചു വളർത്തിവില്ക്കുന്ന ഒരു സ്കീം ഉണ്ടാക്കാം. തൊഴിൽ രഹിതരായ അഭ്യസ്ഥവിദ്യർക്കായി നല്കാവുന്ന സ്കീമാണിത്.

### വീട്ടുമുറ്റത്തെ കോഴി വളർത്തൽ

എഗ്ഗർ നഴ്സറികളിൽ വളർത്തിയ അഞ്ച് കോഴിക്കുഞ്ഞുങ്ങലെ വീതം സൗജന്യവിലയ്ക്ക് വീട്ടമ്മമാർക്ക് വിതരണം ചെയ്യാവുന്നതാണ്.

60ദിവസം പ്രായമായ കുഞ്ഞുങ്ങളെ സ്കൂൾകുട്ടികൾക്കും വളർത്താനായി നല്കാം

മുട്ടക്കോഴിവലർത്തൽ വ്യാവസായികമായി സഹകരണാടിസ്ഥാനത്തിൽ തൊഴിൽ രഹിതരായ പലരെ ഉൾപ്പെടുത്തി തുടങ്ങാവുന്നതാണ്.

### ഇറച്ചിക്കോഴി വളർത്തൽ

രണ്ടാഴ്ചയിലൊരിക്കൽ വിപണനപ്രായമെത്തിയ 250കോഴികളെ വീതം വില്പനയ്ക്ക് സജ്ജ്മാക്കുന്ന വിവിധ യുണിറ്റുകകൽ സ്ഥാപിക്കാവുന്നതാണ്.

### ആടു വളർത്തൽ

നല്ലയിനം ആട്ടിൻകുട്ടികളെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് വിതരണം ചെയ്യാം അവയുടെ തീറ്റയായ പച്ചിലയുടെ ദൗർലഭ്യം സോഷ്യൽ ഫോറസ്ട്രി മുതലായ പദ്ധതികൽ വഴി പച്ചിലതീറ്റയ്ക്കായി ഉപയോഗിക്കുന്ന വൃക്ഷങ്ങൾ പ്ലാവ്, സൂബബൂൺ മുതലായവ) വച്ചുപിടിപ്പിക്കുന്നതുവഴി കുറയുന്നു. സാധാരണക്കാരുടെ പാലിന്റെ ഉപയോഗവും പഞ്ചായത്തിലെ മാംസോല്പാദനവും ഇതുകൊണ്ട് മെച്ചപ്പെട്ടു.

## പന്നിവളർത്തൽ

5പെൺ പന്നികളും ഒരാൺപന്നയും അടങ്ങുന്ന യൂണിറ്റുകളോ മാംസോല്പാദനത്തിനായി 2പന്നിക്കുഞ്ഞുങ്ങളടങ്ങുന്ന യൂണിറ്റുളോ തുടങ്ങാം. പഞ്ചായത്തിലെ ഹോട്ടലുകളിലെ ഭക്ഷണാവിശിഷ്ടം കുമിഞ്ഞു കൂടി രോഗങ്ങളുണ്ടാക്കാതിരിക്കാനും തെരുവുനായ്ക്കളെ ആകർഷിക്കാതിരിക്കാനും പന്നിവളർത്തൽ ഉപകരിക്കും.

## മുയൽ വളർത്തൽ

മാംസോല്പാദനത്തിനായി മുയലുകളെ വളർത്തുന്ന യുണിറ്റുകൾ സ്ഥാപിക്കാം. 10 പെൺമുയലുകയും 2 ആൺ മുയലുകളും അടങ്ങുന്ന ഒരു യുണിറ്റ് തുടങ്ങി. ഇത് സ്കുൾക്കുട്ടികൾക്ക് വളർത്താൻ കൊടുക്കുന്ന സ്കീമാക്കിയാൽ നന്നായിരിക്കും.

## മാംസോല്പാദനം

- ശാസ്ത്രീയമായ അറവുശാല ഉണ്ടാക്കേണ്ടതാണ്.
- നിർബന്ധമായ മാംസപരിശോധന സംശുദ്ധമായ മാംസോല്പാദനത്തിന് ആവശ്യമാണ്.
- തുകൽ മുതലായ ഉല്പന്നങ്ങളുടെ സംസ്കരണം.
- ആട്, പന്നി, മുയൽ കാളക്കുട്ടികൾ എന്നിവയെ വളർത്തുന്നത് പഞ്ചായത്തിന് മാംസോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സഹായിക്കും.

## പേവിഷബാധ നിർമ്മാജനം

പഞ്ചായത്തിലെ എല്ലാ൦ം പട്ടികൾക്കും ലൈസൻസും എല്ലാവർഷവും വാക്സിനേഷനും നിർബന്ധമാക്കാം. വാക്സിൻ കുറഞ്ഞ വിലക്ക് ലഭ്യമാക്കാം. തെരുവ് നായ്ക്കളെ നശിപ്പിക്കുന്നതിന് അതിപ്രധാനമാണ്.ചപ്പുചവറുകളും ബക്ഷണസാധനങ്ങളും തെരുവുകളിൽ വലിച്ചെറിയുന്നത് തെരുവ് നായ്ക്കളെ ആകർഷിക്കും. ഇതു തടഞ്ഞാൽ തെരുവുനായ്ക്കളുടെ ശല്യം കുറയും. പേപ്പട്ടിയുടെ കടിയേറ്റ മൃഗങ്ങളെ ചികിത്സിക്കാനും പേപ്പട്ടികളെ നശിപ്പിച്ച് രോഗം പകരുന്നതു തടയാനും വേണ്ട നടപടികൾ ആവശ്യമാണ്.

ജനങ്ങളുടെ ബോധവല്ക്കരണമാണ് ഏറ്റവും പ്രധാനം. പേവിഷബാധയുടെ ഭീകരത കണക്കിലെടുത്ത് ഇതിന് പ്രത്യേക പരിഗണന കൊടുക്കേണ്ടതാണ്.

## മൃഗങ്ങളുടെ ഇൻഷ്വറൻസ്

പഞ്ചായത്തിലെ ഉല്പാദനക്ഷമത കൂടുതലുള്ള മൃഗങ്ങളെയെല്ലാം ഇൻഷ്വർ ചെയ്യുന്ന ഒരു മാസ്റ്റർ പോളിസി തുടങ്ങിയാൽ ആകസ്മികമായ മരണം മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്താം.

## സമിശ്ര മൃഗപരിപാലനം

മൃഗപരിപാലനത്തോടൊപ്പം കൃഷി മത്സ്യം വളർത്തൽ എന്നിവ സംയോജിപ്പിച്ച് ലഭ്യമായ കൃഷി സ്ഥലം പൂർണ്ണമായും ഉപയോഗപ്പെടുത്തി ലാഭം കൂട്ടാം.

നിലവിലുള്ള കാർഷിക വിളകൾക്കൊപ്പം 3 പശുക്കൾ 3 ആട്ടിൻകുട്ടികൾ 6 പന്നികൾ 25 കോഴികൾ എന്നിവയെ വളർത്തുകയും പുല്ലുകൃഷി ചെയ്യുകയുമാണ് രീതി. കോഴിക്കാഷ്ടം പന്നിക്കും, പന്നിക്കാഷ്ടം കുളത്തിലെ മത്സ്യങ്ങൾക്കും തീറ്റയായി ഉപയോഗപ്പെടുത്താം. ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് ഇന്ധനമുണ്ടാക്കാം. അതിന്റെ മട്ട്

പുല്ലിനും മറ്റു കാർഷിക വിളകൾക്കും വളമായും ഉപയോഗിക്കാം.

### കർഷകർക്ക് അംഗീകാരം നല്കൽ

കൃഷികൊണ്ട് ഉപജീവനം കഴിക്കുന്ന ഏറ്റവും നല്ല കരഷകർക്ക് അവാർഡുകൾ നല്കി പ്രോത്സിപ്പിക്കേണ്ടതാണ്.

### കർഷക പരിശീലനം

പഞ്ചായത്തു തലത്തിൽ വിവിധ മേഖലകളിലെ പരിശീലന ക്ലാസുകളും സെമിനാറുകളും സംഘടിപ്പിച്ച് പൊതുജനങ്ങളെ ബോധിവല്ക്കരിച്ച് പഞ്ചായത്തിലെ മൃഗസംരക്ഷണ രീതികൾ മെച്ചപ്പെടുത്താവുന്നതാണ്.

## ക്ഷീരോല്പാദക വിജ്ഞാന വ്യാപന പരിപാടികൾ

### പശ്ചാത്തലവും പ്രസക്തിയും

പഞ്ചായത്തിലെ ജനങ്ങൾ മുഴുവൻ സാക്ഷരരാണ് എന്നത് വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് കരുത്തേകും. ശാസ്ത്രീയ അവബോധമുള്ള കർഷകർക്ക് പുതിയ സാങ്കേതിക വിദ്യകൾ മനസ്സിലാക്കാനും പ്രയോഗത്തിൽ കൊണ്ടുവരാനും വിഷമമില്ല. നൂതന സാങ്കേതിക വിദ്യകൾ ജനസാമാന്യത്തിന് എത്തിയ്ക്കുന്നത് ഈ പഞ്ചായത്തിന്റെ പ്രാഥമിക ചുമതലയായി കണക്കാക്കാം. ക്ഷീര വികസന രംഗത്തെ ശാസ്ത്രീയ കാഴ്ചപ്പാടുകളും പ്രായോഗികമായ നവീന പാതയും കാണിച്ചു കൊടുക്കേണ്ടതാണ്. യുവാക്കളായ കർഷകർക്ക് ക്ഷീര വികസനത്തിന്റെ പാതയിലേക്ക് കടന്നുവരാൻ ഇത് പ്രചോദനം നൽകും. ദുർബല വിഭാഗങ്ങളിലുള്ള ക്ഷീര കർഷകർക്ക് ഈ പരിപാടി നവീനമായ ഒരു ധൈര്യം പകരും. വനിതകളും ആകരഷിക്കത്തക്കവിധം സമയവും സ്ഥലവും സമീപനവും സ്വീകരിച്ചിരിക്കേണ്ടതാണ്.

### ലക്ഷ്യങ്ങൾ

- ക്ഷിരോല്പാദനം ലാഭകരമാക്കുക
- ക്ഷീരോല്പാദന മേഖലയിലെ അനന്ത സാദ്ധ്യതകൾ കർഷകർക്ക് തുറന്നുകൊടുക്കുക.
- ചെറുപ്പക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കുക.
- ക്ഷീരോല്പാദനം ശാസ്ത്രീയമാക്കുക.
- വനിതകളെ ഈ മേഖലയിലെ നൂതന സാദ്ധ്യതകളിൽ ആകൃഷ്ടരാക്കുക.
- ദുർബല വിഭാഗങ്ങൾക്ക് ലാഭകരമായ ഒരു തൊഴിൽ മേഖലയിലെ വാതായനങ്ങൾ തുറന്നുകൊടുക്കുക.

## പ്രധാന പ്രവർത്തനങ്ങൾ

### കർഷക സമ്പർക്ക് പരിപാടി

ക്ഷീര സഹകരണസംഘം, വായനശാല, മഹിള് സമാജം തുടങ്ങിയ സ്ഥാപനങ്ങൾ നൂറിൽ താഴെ വരുന്ന കർഷകർക്കായി അർദ്ധന ദിന പരിപാടിയായി സംഘടിപ്പിക്കുന്നു. ക്ഷീര വികസനം, മൃഗ സംരക്ഷണം, കൃഷി എന്നീ മേഖലയിലെ ഉദ്യോഗസ്ഥന്മാർ ചർച്ചകൾക്ക് നേതൃത്വം നൽകുന്നു. ലഘുഭക്ഷണ ചെലവുകൾക്കായി ഒരാൾക്ക് ഉദ്ദേശം അഞ്ച് രൂപാ നിരക്കുല അഞ്ഞൂറ് രൂപയിൽ അധികരിക്കാത്ത സംഖ്യയും ഉച്ചഭാഷിണി, നോട്ടീസ് തുടങ്ങിയവയ്ക്കായി 250 രൂപായും ചേർത്ത് ആകെ 750 രൂപ ഗ്രാമപഞ്ചായത്തിൽ നിന്നും കർഷക സമ്പർക്ക പരിപാടിക്ക് ചെലവാക്കാവുന്നതാണ്.

## ക്ഷീരോത്പന്ന നിർമ്മാണ പ്രദർശനം

25ലധികം വരാത്ത വനിതകൾക്ക് ക്ഷീരോല്പന്ന നിർമ്മാണത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനായി നടത്തുന്ന ഈ അർദ്ധ ദിന പരിശീലന പരിപാടി ക്ഷിരവികസന വകുപ്പിലെ ഉദ്യോഗസ്ഥൻമാർ നയിക്കും അസംസ്കൃത സാധനങ്ങൾ വാങ്ങാനും ലഘുഭക്ഷണ ചെലവുകള്ഡക്കുമായി ഇരുന്നൂറ്റി അൻപതു രൂപാ ഗ്രാമപഞ്ചായത്ത് ധനസഹായം നൽകും. ഉപകരണങ്ങൽ തദ്ദേശീയരായ ജനങ്ങളുടെ പങ്കാളിത്തത്തോടെ ക്ഷീര വികസനവകുപ്പ് ഉദ്യോഗസ്ഥന്മാർ ഒരുക്കുന്നതാണ്.

## ചർച്ചാക്ലാസ്

ക്ഷീരകർഷകരുടെ സംശയങ്ങൾക്ക് ക്ഷിരവികസന വകുപ്പി ഉദ്യോഗസ്ഥർ നിവാരണം നൽകുന്നു. ക്ഷീരസഹകരണ സംഘം ഗ്രന്ഥശാല, പഞ്ചായത്തുകൾ എന്നിവ വേദിയാക്കാം. ലഘുഭക്ഷണത്തിനായി 200 രൂപായും അധികരിക്കാത്ത തുക ചെലവഴിക്കാവുന്നതാണ് ഗ്രാമപഞ്ചായത്തിലെ അംഗമായിരിക്കും മോഡറേറ്റർ

## മാതൃകാ ക്ഷീര കർഷക പരിശീലന പരിപാടി

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത 25 ക്ഷീര കർഷകരെ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷീരപരിശീലന കേന്ദ്രത്തിൽ അയച്ച് ശാസ്ത്രീയമായ പശുവളർത്തൽ പച്ചപ്പുൽ കൃഷി, ക്ഷീരോത്പന്ന നിർമ്മാണം സഹകരണ സംഘങ്ങളെ സംബന്ധിച്ച കാര്യങ്ങൽ എന്നിവയും പരിശീലിപ്പിക്കണ്ടതാണ് പരിശീലനം നേടിയവർ കർഷകർക്കു യഉപദേശം നല്കുന്നതുൾപ്പടെ ഒരു മാതൃകാ ഡയറി യൂണിറ്റ് നടത്തുന്നതിന് പ്രാപ്തരാകും പരിശീലനത്തിന് യാത്രചെലവ് ഗ്രാമപഞ്ചായത്ത് നല്കും സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, പാലക്കാട്, കോഴിക്കോട് എന്നീ നാലു ജില്ലകളിലാണ് പരിശീലനകേന്ദ്രം പ്രവർത്തിച്ച് വരുന്നത്. ഗ്രാമപഞ്ചായത്തിന് സമീപമുള്ള കേന്ദ്രത്തിൽ പരിശീലനത്തിനായി കർഷകരെ നീയോഗിക്കാവുന്നതാണ്

**വർഷം തിരിച്ചുള്ള് സ്ഥൂല ലക്ഷ്യം**

| വർഷം | കർഷക സമ്പർക്ക പരിപാടി | ക്ഷീരോത്പന്ന നിർമ്മാണ പ്രദർശനം | ചർച്ചാ ക്ലാസ് | മാതൃകാക്ഷീര കർഷക പരിശീലന പരിപാടി |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| 1997–98 | 2 | 5 | 5 | 5 |
| 98–99 | 2 | 5 | 5 | 5 |
| 99–2000 | 2 | 5 | 5 | 5 |
| 2000–2001 | 2 | 5 | 5 | 5 |
| 2001–2002 | 2 | 5 | 5 | 5 |

സാമ്പത്തിക കാര്യങ്ങളും വിഭവസമാഹരണവും യൂണിറ്റ് ചെലവ്

| ക്രമ നമ്പർ | ഇനം രൂപ | സ്ഥല ലക്ഷ്യം രൂപ | യൂണിറ്റ് ചെലവ് രൂപ | മൊത്തം ചെലവ് | പഞ്ചായത്തിന്റെ ചെലവ് | ഗുണഭോക്താവ് വകുപ്പ് | ക്ഷീരവികസന |
|---|---|---|---|---|---|---|---|
| 1 | കർഷകസമ്പർക്ക | | | | | | |
| | പരിപാടി | 2 | 750 | 1500 | 1500 | | |
| 2 | ക്ഷീരോത്പന്ന | | | | | | |
| | നിരമ്മാണ | | | | | | |
| | പ്രദർശനം | 5 | 250 | 1250 | | | |
| 3 | ചർച്ചാക്ലാസ് | 5 | 200 | 1000 | 1000 | | |
| 4 | മാതൃകാക്ഷിര | | | | | | |
| | കർഷക പരി | | | | | | |
| | ശീലന പരി | | | | | | |
| | പാടി 5 | 500 | 25000 | 1000 | 500 | 10000 | |
| | | 1500 | 6250 | 3500 | 500 | 1000 | |

## സംഘടനാരീതി

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ക്ഷീരവികസന വകുപ്പിലെ ഡയറി എക്സ്റ്റൻഷൻ ഓഫീസർ കൺവീനറുമായ ഒരു കമ്മറ്റിയാണ് വികസന പ്രവൃത്തനങ്ങൾക്ക് നേതൃത്വം നല്കുനാത്. ഗ്രാമപഞ്ചായത്ത് അംഗങ്ങൾ ക്ഷീരസഹകരണ സംഘം പ്രസിഡന്റുമാർ ഡയറി ഫാം ഇൻസ്ട്രക്ടൻമാർ, വെറ്റിനറി സർജൻ, കൃഷി ഓഫീസർ തുടങ്ങിയവർ കമ്മറ്റിഅംഗങ്ങളായിരിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ആവശ്യമെന്ന് തോന്നുന്നപക്ഷം സ്വാഗതസംഘം വിവിധ സബ്കമ്മറ്റികൾ എന്നിവ രൂപീകരിക്കാവുന്നതാണ് പഞ്ചായത്തിലെ സാധ്യതയനുസരിച്ച് ഇത് ഒരു തുടർ പ്രവൃത്തനമായി അഞ്ച് വർഷത്തേക്ക് പരിഗണിക്കാവുന്നതാണ്.

## ഫലപ്രാപ്തി

പരിപൂർണ്ണമായ ജനകീയ പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ നേതൃത്വം കൊടുത്ത് നടപ്പിലാക്കുന്ന ഈ പരിപാടികൾ അതിന്റെ സാമൂഹ്യബാധ്യതാ നിർവഹണത്തിലുപരി ഉത്പന്നത്തിന്റെ ഗുണ നിലവാരത്തിലും അളവിലും വർദ്ധനവ് പ്രകടമാക്കുകയും ചെയ്യും.

## സംയോജനം

കൃഷിവകുപ്പിന്റെയും സി.ഡി. ബ്ലോക്കിന്റേയും സമാനപരിപാടികളുമായി സംയോജിപ്പിക്കാവുന്നതാണ്.

## സംഘാടനം

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും മോണിറ്ററിംഗിനുമായി ഗ്രാമമപഞ്ചായത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റി അംഗങ്ങൽ കൃഷി, മൃഗ സംക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ ഉദ്യോഗപ്രതിനിധികൾ ബാങ്കിന്റെ പ്രതിനിധി, ക്ഷീരസഹകരണസംഘം പ്രസിഡൻര് എന്നിവർ അംഗങ്ങളായുള്ള ഒരു സമിതി രൂപീകരിക്കേണ്ടതാണ്. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ സമിതിയുടെ അധ്യക്ഷനായിരിക്കും പഞ്ചായത്തിലെ ക്ഷീര സഹകരണ സംഘം വഴി പാൽ വിറ്റഴിക്കാവുന്നതാണ്.

## നേട്ടങ്ങൾ

- ക്ഷീരോത്പാതനത്തിൽ വർദ്ധനവ് ഉണ്ടാകുന്നു
- സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്നു.
- ഈ സ്വയം തൊഴിൽ സംരംഭം മൂലം പ്രതിവർഷം ഒരു യൂണിറ്റിൽ നിന്നും 5760 ലിറ്റർ പാൽ അധികം ഉത്പാതിപ്പിക്കാൻ കഴിയുന്നു.
- ഒരു ഡയറിയൂണിറ്റിൽനിന്നും പ്രതിവർഷം 5000 രൂപ ഗ്രാമീണസമ്പത്വ്യവസ്ഥയിൽ പ്രധാനംചെയ്യുന്നു.
- ഇത് പരിസ്ഥിതിയിൽ അനുകൂല ഫലങ്ങൾ ഉണ്ടാക്കുന്നു. പാലിന്റെ പ്രതിശീർഷ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനു ജനങ്ങളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന സാമൂഹ്യ സാമ്പത്തിക പദ്ധതിയായി ഇതിനെകണക്കാക്കാം

# മത്സ്യബന്ധനം

തഴക്കര ഗ്രാമപഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ കിഴക്കറ്റം മുതൽ പടിഞ്ഞാറ്റം വരെയുള്ള അച്ചൻകോവിലാറ് നീണ്ടുനിവർന്നു കിടക്കുകയാണ്. മാത്രമല്ല 5720 കിലോമീറ്റർ നീളം വരുന്ന ചെറുതും വലുതുമായ തോടുകളും 128 കുളങ്ങളും കാപ്പിച്ചാലും ആണ് പഞ്ചായത്തിലെ പ്രധാന ജലാശയങ്ങൾ

കടൽ മത്സ്യബന്ധനങ്ങളുമായി ബന്ധപ്പെട്ടുജീവിക്കുന്നവർ ഈ പഞ്ചായത്തിൽ താമസിക്കുന്നില്ലാ എങ്കിലും ഉൾനാടൻ ജലാശയങ്ങളിൽ നിന്നും മത്സ്യബന്ധനം നടത്തി ഉപജീവനം കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട് അവർ 17 കുടുംബങ്ങളിലായി പഞ്ചായത്തിന്റെ പതിനൊന്നാം വാർഡിൽ പാത്തിമാ കോളനിയിൽ താമസിക്കുന്നു. 23 തൊഴിലാളികളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്.

ഉൾ നാടൻ ജലാശയങ്ങലിൽ നിന്ന് പ്രധാനമായും വരാൽ, കാരി, പരൽ, കരിമീൻ, വാള, പള്ളത്തി, കോല, ആരകൻ, മുസി, കല്ലേമുട്ടി എന്നിവയാണ് പിടിക്കപ്പെടുന്നത്. എന്നാൽ കഴിഞ്ഞ കിറേക്കാലങ്ങളായി ഉൾനാടൻ ജലാശയങ്ങളിൽ വാളയുടേയും കരിമീന്റേയും ലഭ്യത കുറയുന്നുണ്ട്. ഇപ്പോൾ താരതമ്യേന വാള വളരെ കുറവാണ്.

മത്സ്യ വിപണനരംഗത്ത് പ്രവർത്തിക്കുന്ന കുറേ ആളുകൽ ഈ പഞ്ചായത്തിന്റെ 7,8,9 വാർഡുകളിലായി താമസിക്കുന്നു. വർഷങ്ങൾക്ക് മുമ്പ് നിരവധിയാളുകൾ മത്സ്യവിപണനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്നു. എന്നാൽ ഇന്ന് നാമമാത്രമായ ആളുകൾ മാത്രമാണ് ഈ രംഗത്തുള്ളത്.

**മത്സ്യബന്ധനത്തൊഴിലാളികൾ**

| പ്രവർത്തിക്കുന്ന മേഖല | തൊഴിലാളികളുടെ എണ്ണം |
|---|---|
| ഉൾനാടൻ മത്സ്യബന്ധനം | 23 |
| മത്സ്യവിപണം | 36 |
| ആകെ | 59 |

അവലംബം :സോഷ്യോ എക്കണോമിക് സർവ്വേ

## മാർക്കറ്റുകൾ

തഴക്കര പഞ്ചായത്തിൽ ഒരു പബ്ലിക് മാർക്കറ്റ് മാങ്കാംകുഴിയുലും ഒരു പ്രൈവറ്റ മാർക്കറ്റ് കല്ലുമലയിലും, പയനുംമൂട്ടിൽ നീയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത ഒരു ചെറിയ മാർക്കറ്റുമുണ്ട്. ഈ മാർക്കറ്റിൽ മത്സ്യ വിപണനവും മാംസവിപണനവും ഉണ്ട്. ഏതാണ്ട് മെയ് മാസം മുതൽ ജൂലൈമാസം വരെ മാൻലബ്യ താരതമ്യേനകുറവാണ്. അതിനാൽ ഫാത്തിമാ കോലനിയിലെ മത്സ്യ ബന്ധനതൊഴിലാളികളും പഞ്ചായത്തിന്റെ കിഴക്കൻ വാർഡുകളിൽ താമസിക്കുന്ന മത്സ്യവിപണന തൊഴിലാളികളും വളരെ ബുദ്ധിമുട്ടിയാണ് കഴിയുന്നത്.

## പ്രധാന പ്രശ്നങ്ങൾ

- ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യകൃഷിക്ക് സാധ്യതകൾ ഉണ്ടെങ്കിലും യാതൊരി വിധ പ്രോത്സാഹനവും ഇല്ല.
- മത്സ്യ വിപണനത്തിന് ആധുനിക സംവിധാനങ്ങളോ പൊതു സംവിധാനങ്ങളോ ഇല്ല
- മത്സ്യതൊഴിലാളികൾ താമസിക്കുന്ന കോളനിയിൽ അവരുടെ പ്രാഥമികജീവിതാവശ്യങ്ങളും പാർപ്പിട പ്രശ്നങ്ങളും നിലനൂല്ക്കുകയാണ്.
- അവരുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ പ്രത്യേക ശ്രദ്ധയുടെ അഭാവം ഉണ്ട്.
- മത്സ്യതൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരം വളരെ കുറവാണ്. ഇത് മെച്ചപ്പെടുത്തുവാൻ നടപടികൾ വേണം.
- പുഴയിലും മറ്റ് ഉൾനാടൻ ജലാശയങ്ങളിലും വർഷകാലത്ത് കണ്ട് വരുന്ന മത്സ്യരോഗം തടയാൻ മടപടി വേണം

## നിർദ്ദേശങ്ങൾ

* ഉൾനാടൻ മത്സ്യതൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാണ്. ആയതുകൊണ്ട് മത്സ്യബന്ധനത്തിമുള്ള വള്ളവും വലയും സൗജന്യമായി ലഭ്യമാക്കുക.
* ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്തിന് ആവശ്യമായ സംരക്ഷണം ഏർപ്പെടുത്തുക
* മത്സ്യരോഗം നീയന്ത്രിക്കുന്നതിനാവശ്യമായ ശാസ്ത്രീയ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുക.

■

* മത്സ്യവിപണനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുക
* ഈ വിഭാഗം തൊഴിലാളികളുടെ പാർപ്പിട പ്രശ്നവും ജീവിത പ്രാഥമികാവസ്യങ്ങളുടെ പ്രശ്നവും പരിഹരിക്കുക.
* സ്വന്തമായി മത്സ്യ വിപണനം ചെയ്യുന്നവർക്ക് സൈക്കിൾ തുടങ്ങിയ വാഹനസൗകര്യങ്ങൾ സൗജന്യമായി നല്കുക
* ഈ വിഭാഗം തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ എന്തെങ്കിലും ചെറുകിട തൊഴിലവസരം ലഭ്യമാക്കുക.
* കുട്ടികലുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ ആവശ്യമായ പ്രോത്സാഹന സഹായങ്ങൽ ഏർപ്പെടുത്തുക
* ഉൾനാടൻ മത്സ്യതൊഴിലാളി സഹകരണസംഘം രജിസ്റ്റർചെയ്ത് ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

# വ്യവസായം

വ്യവസായമേഖലയിൽ വളരെ വർഷങ്ങൾക്കുമമ്പതന്നെതുടക്കമിടാൻ തഴക്കര പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 1957ലെ സർക്കാരിന്റെ കാലത്ത് ഇവിടെ ഒരു ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ കവിഞ്ഞു. കാര്യമായ നേട്ടമൊന്നും പ്രദേശപരമായി കൈവരിക്കാൻ ആയിട്ടില്ല എങ്കിലും ഇന്ന് ചെറുതും വലുതുമായ 49 യൂണിറ്റുകളോളം അതിൽ പ്രവർത്തിക്കുന്നുണ്ട്. എസ്റ്റേറ്റിന് പുറത്ത 15 ഓളം മറ്റ് വ്യവസായ സ്ഥാപനങ്ങളും ഉണ്ട്. തീപ്പെട്ടിക്കൊള്ളിവ്യവസായം തഴക്കര പഞ്ചായത്തിൽ എറെ കുടുംബങ്ങളുടെ ജീവിതാശ്രയവ്യവസായമായി മാറിയിട്ടുണ്ട്. നൂറുകണക്കിന് സ്ത്രീ തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നു. എസ്റ്റേറ്റിനകത്ത 5ഉം പുറത്ത് 2ഉം തീപ്പെട്ടിക്കൊള്ളി നിർമ്മാണ സ്ഥാപനം ഉണ്ട് ഇവിടെ ഒരു തീപ്പെട്ടി നിർമ്മാണ ഫാക്ടറിയും ഉണ്ട്. അതുപോലെ നൂറുകണക്കിന് തൊഴിലാളി കുടുംബങ്ങൾ ഇഷ്ടിക നിർമ്മാണ മേഖലയിലും പണിയെടുക്കുന്നു. ഇഷ്ടിക നിർമ്മാണ വ്യവസായവും ഇവിടെ ഒരു പ്രധാന വ്യവസായമാണ്. എസ്റ്റേറ്റിനകത്ത് നാലു സിമന്റ് ഇഷ്ടിക നിർമ്മാണ ഫാക്ടറിയും കൂടാതെ ഒരു നാടൻ ഇഷ്ടിക നിർമ്മാണ ഫാക്ടറിയും ഉണ്ട് . കൂടാതെ പുറത്ത് ഒരു നാടൻ ഇഷ്ടികനിർമ്മാണ ഫാക്ടറിയും 8ഓളം ഇഷ്ടികച്ചൂളകളും ഉണ്ട് റബ്ബർ ഉത്പന്നങ്ങലുടെ നിർമ്മാണ വ്യവസായ സ്ഥാപനങ്ങളും എസ്റ്റേറ്റിൽ ഒരു മുഖ്യ ഇനമാണ് എസ്റ്റേറ്റിൽ സിഡ്കോയുടെ നിയന്ത്രണത്തിലുള്ള വുഡ് വർക്ഷോപ്പ് എന്ന പേരിൽ ഒരു പൊതു മേഖലാസ്ഥാപനവും സാൻഗ്രോസ് ലബോറട്ടറി എന്ന പേരിൽ ഒരു ആധുനക കെമിക്കൽ ഫാക്ടറിയും പ്രവർത്തിക്കുന്നു ഇത് കൂടാതെ ചെരുപ്പ് ഫാക്ടറി മുതൽ ഇന്റർകോം നിർമ്മാണഫാക്ടറി വരെയുള്ള ചെറുതും വലുതുമായ നിരവധി യൂണിറ്റുകളും എസ്റ്റേറ്റിൽ ഉണ്ട്. എസ്റ്റേറ്റിനകത്ത് സ്ഥാവിച്ചിട്ടുള്ള സാൻഗ്രോസ് കെമിക്കൽ ലബോരട്ടറി എന്ന സ്ഥാപനം പ്രദേശപരമായി തൊട്ടടുത്തുള്ള പ്രദേശങ്ങളിൽ മലിനീകരിണം ഉണ്ടാക്കിയിട്ടുണ്ട്. കിണറുകളിലും കുളങ്ങളിലും നീരൊഴക്ക് ചാലുകളിലും വെള്ളത്തിന് നിറവ്യത്യാസവും അസഹനീയമായ മണവും അനുഭവപ്പെടുന്നുണ്ട്. കുടിവെള്ളം മലിനമായിരിക്കുന്നു. അത്തരം പ്രദേശങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടി കുടിവെള്ളം എത്തിക്കാനുള്ള നടപടികൾ വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

തഴക്കരയിൽ ഐ.സി. ഗ്ലാസ് ഫാക്ടറി എന്നപേരിൽ സഹകതരണ മേഖലയിൽ ഒരു ഗ്ലാസ് ഫ്ക്ടറി പ്രവർത്തിച്ചിരുന്നു, എന്നാൽ ഇടയ്ക്ക് വച്ച് ഈ സ്ഥാപനം എന്നെന്നേയ്ക്കുമായി അടച്ചുപൂട്ടപ്പെട്ടു. ഈ നഷ്ടപ്രതാപത്തെ

വിളിച്ചറിയിക്കുന്ന രൂപത്തിൽ ദ്രവിച്ച മേൽക്കൂരയും പായൽ പിടിച്ച സിമന്റ് തൂണും കാടുപിടിച്ച പരിസരവുമായി ഒരു പ്രേതാലയം പോലെ ടി സ്ഥാപനം തഴക്കരയിൽ കാണാം. നാട്ടുകാർ ഈ സ്ഥാപനം നില്ക്കുന്ന മുക്കിനെ ഗ്ലാസ് ഫാക്ടറിമുക്ക് എന്ന് ഇന്നും വിളിയ്ക്കുന്നു. അതുപോലെ വേണാട് ഫാർമസ്യൂട്ടിക്കൽസ് എന്ന ഒരു ആധുനിക വ്യവസായ സ്ഥാപനമുണ്ടായിരുന്നു. രോഗികൾക്ക് അത്യാവശ്യം നല്കുന്ന ഗ്ലൂക്കോസ് അഥവാ ഡക്ട്രോസ് ആണ് ഉത്പാദിപ്പിച്ചിരുന്നത് ഇന്ന് ആസ്ഥാപനവും എന്നെന്നേക്കുമായി അടച്ചുപൂട്ടപ്പെട്ടിരിക്കുന്നു. സ്ഥാപനം നഷ്ടപ്പെട്ടുവെങ്കിലും തഴക്കര വാർഡിലെ പ്രസിദ്ധമായ കാവിളോത്തിൽ മുക്കിനി വേണാട് മുക്ക് എന്ന് വിളിക്കപ്പെടുകയും ചെയ്യുന്നു. തഴക്കരയിലെ ക്വയർലാപ് കുന്നത്തെ ട്രാവൻകൂർ ഓക്സിജൻ ഫാക്ടറിയും വഴുവാടിയിലെ ലിക്വിഡ് നൈട്രജൻ പ്ലാന്റും ഇന്ന് കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

പരമ്പരാഗത കൈത്തൊഴിലുകാരും പരമ്പരാഗത കുടിൽ വ്യവസായ തൊഴിലാളികളും ഈ പഞ്ചായത്തിലുണ്ട്. കുടിൽ വ്യവസായ മേഖലയിൽ ചകിരി പിരിച്ച് കയർ ഉണ്ടാക്കി ഉപജീവനം കഴിച്ചിരുന്ന കുറേ തൊഴിലാളികൾ വഴുവാടി വാർഡിൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇത് പൂർണ്ണമായുമില്ലാതായിട്ടുണ്ട്. തഴക്കര ഗ്രാമപഞ്ചായതിതൽ വിവിധ മേഖലകളിലായി 8043പേർ ജോലിചെയ്യുന്നു 6332 പേർ പുരുഷന്മാരും ബാക്കി സ്ത്രീകളുമാണ്. എന്നാൽ പഞ്ചായത്തിനകത്ത് ജോലിചെയ്യുന്ന 737 പേരിൽ 402 പേരും സ്ത്രീകളാണ്.

## മറ്റ് വൻ വ്യവസായങ്ങൾ

തഴക്കര ഗ്രാമപഞ്ചായത്തിൽ വൻകിട വ്യവസായങ്ങൽ എന്ന പട്ടികയിൽ പെടുത്താവുന്ന 3 സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് വഴുവാടിയിലെ ലിക്വിഡ് നൈട്രജൻ പ്ലാന്റ്, കുന്നത്തെ ട്രാവൻകൂർ ഓക്സിജൻ, ഇൻഡസ്ട്രീയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സാൻഗ്രൂസ് എന്നിവയാണ് എടുത്തു പറയാവുന്ന വൻകിട സ്ഥാപനങ്ങൾ.

തഴക്കര പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ വളർച്ചക്ക് ആവശ്യമായ അനുകൂല ഘടകങ്ങളായ ഉയർന്ന തോതിലുള്ള ഉയർന്ന ആരോഗ്യ പരിരക്ഷ വാർത്താവിനിമയ സൈകര്യങ്ങൾ ഗതാഗത സൗകര്യങ്ങൾ ജനക്ഷേ പ്രവർത്തനങ്ങൾ ഉയർന്ന ഉപഭോഗ നിലവാരം ഇവയെല്ലാം ഉണ്ടെങ്കിലും സാക്ഷരതക്ക് അനുസരണമായ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും ചുവടെ ചേരക്കുന്ന കാരണങ്ങളാലാണ്.

- വ്യവസായ രംഗത്തെ സഹകരണ മേഖല പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
- സാങ്കേതിക ജ്ഞാനമുണ്ടെങ്കിലും സാമ്പത്തികം ഇല്ലായ്മ.
- ധനസഹായം നൽകുന്നതിൽ ധനകാര്യ സ്ഥാപനങ്ങളുടെ നിരുത്സാഹപ്പെടുത്തുന്ന സമീപനങ്ങൾ.
- വിപണന സാധ്യതക്കുറവ്.
- വസ്തുവിന്റെ വർദ്ധിച്ചുവരുന്ന വില നിലവാരം.

## ചെറുകിടവ്യവസായ യൂണിറ്റുകൾ

| നമ്പർ | വ്യവസായം | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1 | അച്ചടി | 6 |
| 2 | ബേക്കറി | 2 |
| 3 | പർപ്പടകം | 1 |
| 4 | നെല്ലുകുത്ത് മിൽ | 7 |
| 5 | തടിയറപ്പ് മിൽ | 4 |
| 6 | ഹോളോബ്രിക്സ് | 4 |
| 7 | ഇഷ്ടികനിർമ്മാണം | 7 |
| 8 | സോഡാ വ്യവസായം | 4 |
| 9 | ഖാദി വ്യവസായം | 2 |
| 10 | തീപ്പെട്ടി വ്യവസായം | 8 |
| 11 | റബ്ബർ വർക്സ് | 7 |
| 12 | പ്ലാസ്റ്റിക് | 3 |
| 13 | ഇന്റർകോം | 1 |
| 14 | മെറ്റൽ വർക്സ് | 7 |
| 15 | ഗാർമെന്റ്സ് | 2 |
| 16 | കിണറിനായുള്ള തൊടി വ്യവസായം | 5 |
| 17 | ഡി.ടി.പി യൂണിറ്റ | 1 |

- വൈദ്യുതിലഭ്യതക്കുറവ്.
- സാങ്കേതിക പരിശീല സ്ഥാപനങ്ങളുടെ അപര്യാപ്തത.
- വനിതകൾക്ക് തൊഴിലവസരം കുറ വ്.
- വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ ബോധവത്ക്കരണക്കുറവ്.
- കുറഞ്ഞ കൂലി നിരക്ക്.

## സാധ്യതകൾ

ആലപ്പുഴ ജില്ലയിൽ വിദ്യാസമ്പന്നരായ യുവതിയുവാക്കളിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ നല്ല ശതമാനം ആളുകളും മറ്റ് പഞ്ചായത്തിൽ ജോലി ചെയ്യുന്നവരാണ്. കൂടതെ 1238 പേർ കേരളത്തിന് പുറത്തും ഇന്ത്യയിലും 987 പേർ വിദേശത്തും ജോലി ചെയ്യുന്നു. ഏറെ വ്യവസായ സാധ്യതയുള്ള ഒരു പ്രദേശമാണ് തഴക്കര

രജിസ്ട്രേഷൻ നേടിയിട്ടുണ്ട്. കൂടാതെ 8 പേർക്ക് പി.എം.ആർ.വൈ പ്രകാരമുള്ള പ്രോജക്റ്റുകൾക്ക് വായ്പാ സൗകര്യം ലഭിച്ചിട്ടുണ്ട്.

## ഖാദി വ്യവസായം

ഖാദി ബോഡിന്റെ ആഭിമുഖ്യത്തിൽ 9-ാംവാർഡിൽ ഒരു നൂനൂല്പ്പ് നെയ്ത്ത് കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സഹകരണമേഖയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു പട്ടികജാതി കൈത്തറി നെയ്ത്ത് സഹകരണസംഘം പ്രവർത്തിക്കുന്നു. കൂടുതൽ വികസന സാധ്യതയുള്ള ഈ രണ്ട് സ്ഥാപനങ്ങൾ ഇന്ന് തകരച്ചയുടെ വക്കിലാണ്.ഈ രണ്ട് സ്ഥാപനങ്ങളിലുമായി 33 തൊഴിലാളികൾ പണിയെടുക്കുന്നു. തുച്ഛമായ വേതനമാണ് ഇവിടെ തൊഴിലാളികൾക്ക് ലഭിക്കുന്നത്. ഇതു തന്നെയാണ് ഈ മേഖലയുടെ തകർച്ചക്ക് മുഖ്യ കാരണം.

## നിർദ്ദേശങ്ങൾ

- ഒന്നാം വാർഡിൽ പൂട്ടിയിട്ടിരിക്കുന്ന വേണാട് ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുക.
- ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന പരിസരമലിനീകരണത്തിന് കാരണമാകുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മൂലം ഉണ്ടാകുന്ന പൊലൂഷന് അടിയന്തിര പരിഹാരം ഉണ്ടാക്കുക.
- എല്ലാവാർഡിലും വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
- പഴയ ഐ.സി. ഗ്ലാസ് ഫാക്ടറികളുടെ സ്ഥലം ഏറ്റെടുത്ത അവിടെ ഇനിയും ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
- ബാംബു കോർപ്പറേഷന്റെ ഒരു ഡിപ്പോ ആരംഭിക്കുകയും ഈറ്റ, മുള, വ്യവസായവും അവയുടെ ഉല്പന്നങ്ങളുടെ വ്യവസായവും വൻതോതിൽ ആരംഭിക്കുകയും ചെയ്യുക.
- 9-ാം വാർഡിലെ ഖാദി യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.
- പാൽ ഉല്പന്നങ്ങൾ, അച്ചാർ, സ്ക്വാഷ് നിർമ്മാണം, സോപ്പ് മെഴുകുതിരി, കറിപൗഡർ മുതലായവയുടെ വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ആരംഭിക്കുക.
- റബ്ബർ ഉല്പാദനം അനുദിനം വർദ്ധിച്ചുവരുന്നതുകൊണ്ട് അതുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ആരംഭിക്കുക.
- പ്ലാസ്റ്റിക് കവർ, ചെരുപ്പ്, പ്രിന്റിംഗ് പ്രസ്സ് എന്നിവ സഹകരണ അടിസ്ഥാനത്തില പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽആരംഭിക്കുക.
- പഞ്ചായത്തിൽ ഒരു വൻകിട കാലിത്തീറ്റ സമ്പ്രദായ സംരഭം ആരംഭിക്കുക.
- വുഡ് വർക്ക് ഷോപ്പിലെ തടി ലഭ്യതക്കുറവ് കാരണം വർക്കഷോപ്പ് അടച്ചുപൂട്ടലിന്റെ ഭീഷണിയെ നേരിടുകയാണ്. ഇതിന് അടിയന്തിര പരിഹാരം ഉണ്ടാകണം.

# വിദ്യാഭ്യാസം

കേരളപാണിനി ശ്രീ. ഏ.ആർ രാജരാജ വർമ്മയുടെയും ലോകപ്രശസ്തനായ ആർട്ടിസ്റ്റ് രവിവർമ്മയുടെയും ജന്മംകൊണ്ടും, കേരളകാളിദാസൻ ശ്രീ. വലിയകോയി തമ്പുരാന്റെ സാമിപ്യം കൊണ്ടും ധന്യമായ മാവേലിക്കരയുടെ വിദ്യാഭ്യാസ, സാംസ്ക്കാരിക പൈതൃകത്തിന്റെ ചുടും ചൂരും വേണ്ടുവോളം അനുഭവിച്ച തലക്കരയായ തഴക്കര ഇന്നും സാക്ഷരതയിലും വിദ്യാഭ്യാസ സമ്പന്നരുടെ ലഭ്യതയിലും വളരെ മുന്നിലാണ്. ദേശീയ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് എത്രയൊ മുമ്പുതന്നെ കൃസ്ത്യൻ മിഷനറിമാരുടെ വരവോടുകൂടി തഴക്കരയുടെ തനതായ വദ്യാഭ്യാസ ചരിത്രം ആരംഭിച്ചു കഴിഞ്ഞിരുന്നു. ഇന്ന് മാവേലിക്കര മുനിസിപ്പൽ 2-ാം വാർഡിന്റെ ഭാഗമായിത്തീർന്ന പുളിക്കത്തോട്ടിൽ നൂറു വർഷങ്ങൾക്കപ്പുറത്ത് രക്ഷാസൈന്യരക്ഷാപ്രവർത്തകർ സ്ഥാപിച്ച മംഗ്ലാവിൽ പള്ളിക്കൂടവും, തഴക്കര കുറ്റിയാറ കുടുംബത്തിൽപ്പെട്ട സന്യാസി ശ്രേഷ്ടന്മാർ സ്ഥാപിച്ച തഴക്കരയിലെ സംസ്കൃത പള്ളിക്കുടവും തഴക്കരയുടെ വിദ്യഭ്യാസ പാരമ്പര്യത്തിന്റെ പ്രതീകങ്ങളാണ്. ഇതിനോടൊപ്പം തന്നെ സ്ഥാപിക്കപ്പെട്ട തഴക്കരയിലെ കുന്നംപുറത്ത് പള്ളിക്കുടവും അറുനൂറ്റിമംഗലത്തെ യു.പി.സ്കൂളും തഴക്കര പഞ്ചായത്തിൻറെ വിദ്യാഭ്യാസ പൈതൃകങ്ങളാണ്.

പത്ത പതിറ്റാണ്ടിലേറെ ദൈർഘ്യമുള്ള തഴക്കര പഞ്ചായത്തിന്റെ വിദ്യഭ്യാസ ചരിത്രത്തിന്റെ സൃഷ്ടാക്കളിൽ പ്രധാനികൾ സർവ്വശ്രീ. പോത്തന്നൂർ നാരായണപിള്ള, കുറ്റിയാറെ ഗോപാലപിള്ള, താഴ്ചയിൽ ജോൺസാർ, അറുനൂറ്റി മംഗലം വേലുപ്പിള്ള സാർ എന്നിവരെ മുതിർന്ന തലമുറ ആദരവോടെ ഇന്ന് സ്മരിക്കുന്നു.

സ്വാതന്ത്രിയാനന്തരം വിദ്യാഭ്യാസരംഗത്ത് വമ്പിച്ച മുന്നേറ്റത്തിന് തഴക്കര ഗ്രാമപഞ്ചായത്ത് സാക്ഷ്യം വഹിച്ചിട്ടുണ്ട്,. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ കുന്നം

ഗവൺമെന്റ് ഹൈസ്കൂളാണ്. അതിനുശേഷം സ്വാതന്ത്ര്യസമര സേനാനിയായ ശ്രീ. ടി.എം. വർഗ്ഗീസിന്റെ സ്മാരകമായി വെട്ടിയാർ പ്രദേശത്തെ ഒരു ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടു. ശ്രീ. ഇറവങ്കര ഗോപാലക്കുറുപ്പ് എം.എൽ. എ ആയിരുന്ന കാലത്ത ഇറവങ്കരയിൽ ഒരു ഹൈസ്കൂൾ അനുവദിപ്പിക്കുകയും ന്ട്ടുകാരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി സകൂൾ സ്ഥാപിക്കുകയും ചെയ്തു. ഇന്ന് നമ്മുടെ പഞ്ചായത്തിൽ 11 എൽ.പി. സകൂളുകളും 3 യു.പി.സ്കൂളുകളും 4 ഹൈസ്കൂളുകളുമുണ്ട്. അതിൽ കുന്നം ഗവ:സ്കൂൾ ഹയർസെക്കലൻഡറി സ്കൂൾ ബിഷപ് മൂർ വിദ്യാപീഠം അൺഎയിഡ് ഹൈസ്കൂൾ ആണ്. കൂടാതെ 1964–ൽ സ്ഥാപിക്കപ്പെട്ട വിഷമൂർ കോളേജും പ്രവർത്തിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കണക്ക്.

| എൽ.പി | | | യു.പി. | | | എച്ച്.എസ് | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1060 | 210 | 20 | 1324 | 152 | 19 | 853 | 237 | 30 |

സാമ്പത്തിക സാമൂഹ്യ കാരണങ്ങലാൽ നവളരെ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്കുവച്ച് പഠനം നിർത്തുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഗണ്യമായതോതിൽ മക്കളെ പൊതു പിദ്യാലയത്തിൽ ചേർക്കാതെ വിദൂരത്തിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർക്കാൻ താല്പര്യം കാണിക്കുന്നുണ്ട്. കുട്ടികൾ പഞ്ചായത്തിന് വെളിയിലുള്ള ഇംഗ്ലീഷ് മീഡിയം ക്സൂളുകളിൽ പഠിക്കുന്നുണ്ട്

ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം എന്നനിലയിൽ ഒരു കോളേജും സാങ്കേതികവിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ ഒരു സ്വകാര്യ ഐ.ടി.സി.യും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ സ്വകാര്യമേഖലയിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നു. എന്നിരുന്നാലും ഉന്നതവിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാത്തിനും കുട്ടികൾ പ്ചായത്തിന് പുറത്തുള്ള സ്ഥാപനങ്ങളേയും ആശ്രയിക്കുന്നുണ്ട്.

**ഉന്നത വിദ്യാഭ്യാസത്തിനായി മറ്റ് സ്ഥലങ്ങളിലേക്ക് പോകുന്ന വരുടെ കണക്ക്**

| | |
|---|---|
| പ്രീഡിഗ്രി | 123 |
| പ്ലസ്-ടു | 7 |
| ഐ.ടി.സി. | 19 |
| എഞ്ചിനീയറിംഗ് | 3 |
| കംമ്പ്യൂട്ടർ | 12 |
| മെഡിസിൻ | 2 |
| ഡിഗ്രി | 97 |
| എൽ.എൽ.ബി. | 24 |

തഴക്കര പഞ്ചായത്തിൽ 8 ടൂട്ടോരിയൽ സ്ഥാപനങ്ങളും രണ്ട് പാരലൽ കോളേജും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 6 ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളിലായി 100-ൽ പരം ആളുകൾ ടൈപ്പ് റൈറ്റിംഗ് പരിശീലനം നടത്തുന്നു. എവിടേയും ഷോർട്ട് ഹാൻഡ് പരിശീലനം ഗൗരവമായി നടത്തുന്നില്ല്. സീറോക്സിന്റെ സ്വാധീനം കൂടിയതോടെ ടൈപ്പ് റൈറ്റിംഗ് പരിശീലിക്കുന്നവരുടെ പ്രതീക്ഷകൾക്ക് മങ്ങൽ ഏൽക്കുകയാണ്.

5 ഇംഗ്ലീഷ് മീഡിയം അൺഎയ്ഡഡ് നഴ്സറിസ്കൂളും ഒരു അൺ എയ്ഡഡ് പബ്ലിക് സ്കൂളും 11 അംഗൻവാടികളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇന് 15 അംഗൻവാടികൽ കൂടി ആരംഭിക്കുവാൻ നമുക്ക് അനുവാദമുണ്ട്. ഈ സൗകര്യങ്ങളെല്ലാം ഉണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡിലും നിരക്ഷരരുണ്ട് താരതമ്യേന 60വയസ്സിന് മുകളിൽ ഉള്ളവരാണ് ഈ നിരക്ഷരർ. ഇവരെല്ലാം സാക്ഷരതാ ക്ലാസിൽ പങ്കെടുക്കാതിരുന്നവരാണ്. നമ്മുടെ സ്കൂളുകളിൽ നിന്ന് കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 20 ശതമാനം കുട്ടികൾക്ക് അക്ഷരഅക്കജ്ഞാനത്തിന്റെ തോത് വളരെ താഴ്നതാണ്. ഈ ന്യൂനത പരിഹരിക്കുവാൻ ശ്രമകരമായ ഒരുപരിശ്രമം ഉണ്ടാകേണ്ടതുണ്ട്.

ഹൈസ്കൂൾ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാനുള്ള നമ്മുടെ പഞ്ചായത്തിന്റെ പരിശ്രമങ്ങളുടെ ഭാഗമായി പഞ്ചായത്തിലുള്ള ഹൈസ്കൂളുകളിൽ ഒമ്പതാം ക്ലാസിൽ നിന്നും ജയിച്ച് പത്താംക്ലാസ്സിലേക്ക് കയറിയ 150 കുട്ടികൾക്ക് പഠനസഹായം നൽകുന്നതിന് എസ്.എസ്.എൽ.സി. പരീക്ഷയിൽ നല്ല മാർക്കുവാങ്ങുന്ന കുട്ടികൾക്ക് പ്രോത്സാഹനസമ്മാനം കൊടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച പ്രാധമിക-ദ്വിതീയ വിവരങ്ങളുടേയും ഗ്രാമസഭയിലെ ചർച്ചകളിൽനിന്ന് ഉരുത്തിരിഞ്ഞ് വന്ന നിഗമനങ്ങളുടേയും നിർദേശങ്ങളുടേയും അടിസ്ഥനത്തിലാണ് ഈ

റിപ്പോർട്ട് തയ്യാറാക്കിയിരുന്നത്. 13ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവചർച്ച്യ്ക്ക് വിധേയമായി. പൊതുവായി അക്കാഡമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗകതികസാഹചര്യങ്ങൾ, സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും നമ്മുടെ പൊതു വിദ്യാഭ്യസത്തെ വിലയിരുത്തി. ഈ സാഹചര്യങ്ങൽക്കാകെ ആവശ്യമായ മാറ്റങ്ങൾ വരുത്തി വിദ്യാഭ്യാസനിലവാരം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

**ഭൗതിക സാഹചര്യങ്ങൾ.**

| സ്കൂളുകൾ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|
| A.V.S.K.T U.Pതഴക്കര | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| M.G.L.P.S. തഴക്കര | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| L.P.S.വഴിവാടി | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| വിശ്വകർമ്മ UPS വഴുവാടി | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| കുന്നം LPS | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| CMS LPS | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| കുന്നംHigher Secondary | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| കല്ലുമേൽ ന്യൂ LPസ്കൂൾ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| വെട്ടിയാർ LPS | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| വെട്ടിയാർTMV MHS | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ദേവീവിലാസം LPS | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| അറുനൂറ്റിമംഗലം UP | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| അറുനൂറ്റിമംഗലം LPS | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഇറവങ്കര HS | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഇറവങ്കര LPS | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| ആക്കിനാട്ടുകര CMS | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| ബിഷപ്പ് മൂർ College | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| വിദ്യാപീഠം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

ലൈബ്രറി, ലാബട്ടറി, സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും അപ്പർ പ്രൈമറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ന്യായമായ അവകാശമാണ് നിഷേധിക്കുന്നത്.

ഗ്രാമസഭ റിപ്പോർട്ടുകലുടെ അടിസ്ഥാനത്തിൽ വരുന്ന 5 കൊല്ലത്തേക്ക് വേണ്ട വിദ്യാഭ്യാസ മേഖലയിൽഉണ്ടാവേണ്ട മാറ്റങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചുവടേ ചേർക്കുന്നു

## നിർദ്ദേശങ്ങൾ

- പ്രീ-പ്രൈമറി വിദ്യാഭ്യാസം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കുൾപ്പടെ ലഭ്യമാകത്തക്ക തരത്തിൽ വാർഡു തലത്തിൽ സംഘടിപ്പിക്കുക.
- അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലൂടെ പ്രീ-പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാൻ കഴിയും ഇതിനായി അംഗനവാടികൾ കേന്ദ്രീകരിച്ച് ഉപദേശകസമിതി രൂപീകരിക്കുക.
- ഇത്തരം പ്രീപ്രൈമറി വിദ്യാഭ്യാസകേന്ദ്രങ്ങളിൽ ആവശ്യത്തിനുള്ള പഠന സഹായികളും കളിപ്പാട്ടങ്ങളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കുക.
- എല്ലാ പ്രൈമറി സ്കൂളുകളിലും യു.പി. സ്കൂളുകളിലും മൂത്രപ്പുരകളും കക്കൂസുകളും പാചകശാലകളും, ക്ലാസ്മുറികളിലെ ഉപകരണങ്ങൾ ഇവയുടെ കുറവുകൾ പരിഹരിക്കുക.
- എല്ലാ സ്കൂളുകളിലേയും പി.ടി.എ. മാതൃ സംഗമം ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- എല്ലാ പ്രൈമറി സ്കൂളുകളോടും അനുബന്ധിച്ച് നല്ല രീതിയിലുള്ള പ്രീപ്രൈമറി സ്കൂൾ നിർമ്മിക്കണം.
- അൺ എയ്ഡഡ് സ്കൂളുകൾ ഇനിയും അനുവദിക്കാതിരിക്കുക
- സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം
- എല്ലാ സ്കൂളുകളിലേയും ലബോറട്ടറിയുടേയും ലൈബ്രറിയുടേയും കുറവുകൾ പിരിഹരിക്കണം
- കുട്ടികൾക്ക് ശാസ്ത്രകാര്യങ്ങളിൽ പ്രായോഗിക പരിചയം കിട്ടത്തക്കവണ്ണം ലബോറട്ടറി സംവിധാനം പരിഷ്കരിക്കണം
- കലാ-കായിക രംഗത്ത് കൂടിതൽ താല്പര്യം കാണിച്ച് കുട്ടികൾക്ക് പാഠ്യേതരവിഷയങ്ങളിൽ കഴിവുകൾ പ്രോത്സാഹിപ്പിക്കപ്പെടണം
- കുന്നം ഹയർ സെക്കന്ററി സ്കൂളുകളിൽ സയൻസ് ഗ്രൂപ്പിന്റെകൂടി കോഴ്സ് ആരംഭിക്കുന്നതിന് കഴിയണം.
- സ്കൂളുകളിലെ പ്രഥമ അധ്യാപകന് ഭരണശേഷികൂടി ഉണ്ടാകത്തക്കവണ്ണം ആവശ്യമായ പരിശീലനം കൊടുക്കുക
- നിലവിലുള്ള 3 ഹൈസ്കൂളുകളിലും പ്ലസ് -ടു. വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവ ഉടനടി തുടങ്ങുക.
- എല്ലാ വാർഡിലും അനുവദിച്ചിട്ടുള്ള അംഗൻവാഡികളുടെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുക.

■

# കുടിവെള്ളവും പൊതുജനാരോഗ്യവും

വായു, വെള്ളം, പാർപ്പിടം, ആഹാരം ഒരു ജനതയുടെ നിലനില്പിന് ആവശ്യമായ ഘടകങ്ങളാണെങ്കിലും ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം, ശുചിത്വമുള്ള ആഹാരം ഇവയെല്ലാം ആരോഗ്യകാര്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 75ശതമാനം ജനങ്ങളും കിണറുകളെ ആശ്രയിക്കുന്ന എന്നാൽ മിക്ക ആളുകളും വരൾച്ച കാലത്ത് പഞ്ചായത്തിന്റെ വാട്ടർ സപ്ലൈ സ്കീമിൽനിന്നുള്ള വെള്ളത്തെ ആശ്രയിക്കുന്നു 13 വാർഡുകളിലായി 4023 കിണറുകളാണുള്ളത്. ഇതിൽ 1067 കിണറുകളും സാധാരണ ഡിസംബർ, ജനുവരി, ഫെബ്രിവരി, മാർച്ച് മാസങ്ങളിൽ വറ്റുന്നവയാണ്. നമ്മുടെ പഞ്ചായത്തിൽ 71020 മീറ്റർ നീളത്തിൽ പൈപ്പലൈൻ സ്ഥാപിച്ച് 517 പൊതുടാപ്പുകളിൽ കൂടി വെള്ളം എത്തിക്കുന്നുണ്ട് ഇത് കൂടാതെ 890 കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ കൊടുത്തിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് നാളിതുവരെ യായി 5 കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട് എങ്കിലും ഒന്നുംതന്നെ ഇപ്പോൾ പ്രവർത്തനമല്ല.

**ശുദ്ധജലസ്രോതസുകൾ**

| കിണറുകൾ | | | | | |
|---|---|---|---|---|---|
| പൊതു കിണർ | | സ്വകാര്യകിണർ | | കുഴൽകിണർ | ആകെ |
| ഉപയോഗമുള്ളത് | ഇല്ലാത്തത് | വെള്ളമുള്ളത് | വറ്റുന്നത് | | |
| 233 | 27 | 2723 | 1067 | 5 | 4028 |

കുടിവെള്ളത്തിന്റെ ക്ഷാമം ഏറെ അനുഭവിക്കുന്ന പ്രദേശങ്ങൽ പഞ്ചായതിതലുണ്ട്. അടിയന്തിരമായി പരിഹാരം കാണേണ്ടുന്ന വളരെ ഗൗരവമുള്ള സ്ഥിതിലവിശേഷം ഉള്ള പ്രദേശവുമുണ്ട്. 10 വാർഡിന്റെ വടക്ക് കിഴക്ക് ഭാഗത്തുള്ള കിണറുകളിലെ വെള്ളം മലിനജലമായി മാറിയിട്ടുണ്ട്. ഇൻഡസ്ട്രീയൻ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സാൻഗ്രൂസ് ലബോറട്ടറി എന്ന സ്ഥാപനത്തിലെ പൊല്യൂഷൻ മൂലം ആ പ്രദേശമാകെ വെള്ളത്തിലും അന്തരീക്ഷത്തിലും മാലിന്യമുണ്ടെന്നാണ് ബോധ്യമാകാവാൻ കഴിഞ്ഞത്. അധികാരികളുടെ ശ്രദ്ധയെ പലതവണ ഉണർത്തിച്ചുവെങ്കിലും പരിഹാരമായില്ല. ആ പ്രദേശത്തെ കുടിവെള്ളത്തിന്റെ കാര്യത്തിൽ ആവശ്യമായ ഭാഗങ്ങളിലേക്ക് പൈപ്പലൈൻ നീട്ടി കിട്ടുന്നതിനുള്ള നടപടി കൾ വളരെ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. മറ്റ് ചില പ്രദേശങ്ങലിലും പട്ടികജാതി സങ്കേതങ്ങളിലും ഇനിയും കുടിവെള്ളം എത്തേണ്ടതുണ്ട്. അതിനാവശ്യമായ പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളും പരിഹാര മാർഗ്ഗനിർദ്ദേശങ്ങളും.**

1-ാം വാർഡിൽ പാറപ്പുറത്ത് മുക്ക് പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം ക്നായിപ്പള്ളിൽ മുക്കിൽ നിന്ന് 500 മീ. പൈപ്പ് ലൈൻ അവിടേക്ക് നീട്ടിപരിഹരിക്കാവുന്നതാണ്. ലക്ഷം വീടുകോളനിയിലേക്കും ചാങ്ങാശ്ശേരി കോളനിയിലേക്കും വടശ്ശേരിയത്ത് ഭാഗത്തേക്കും പൈപ്പ്ലൈൻ നീട്ടി പരിഹരിക്കാവുന്നതാണ്.

2-ാം വാർഡിൽ പൈപ്പ് ലൈൻ ഒരു ഭാഗത്ത്കൂടി മാത്രമേ കടന്നുപോകുന്നുള്ളു. പഞ്ചായത്തിലെ മറ്റ് 12 വാർഡുകളിലും കിലോമീറ്ററുകൾ കണക്കിന് പൈപ്പ് ,സ്ഥാപിച്ചിട്ടുള്ളപ്പോൾ 2 വാർഡിൽ 900 മീറ്റർ പൈപ്പ് ലൈൻ മാത്രമാണ് ഇന്നുള്ളത്. ബാക്കി മുഴുവൻ ഭാഗത്തേക്കും പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്

3 വാർഡിൽ കരണ്ടിഅയ്യത്ത് കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടി അവിടേയ്ക്ക് വെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റി മൂന്നുവർഷം മുമ്പേ പദ്ധിതിതയ്യാറാക്കി വർക്ക് ടെന്റർ ചെയ്തുവെങ്കിലും നാളിതുവരെ ആയിട്ടും പണി നടത്തിയിട്ടില്ല. അടിയന്തിരമായി ടി വർക്കു നടത്തുകയും മുണ്ടുചാലിൽ കോളനിഭാഗത്തേക്കും, പൈപ്പ് നീട്ടി കുടിവെള്ളം എത്തിക്കണം.

വാർഡ് 4-ൽ കല്ലിമേൽകുറ്റിയിൽ താഴെ ഭാഗത്തേക്കും കാരോലിൽ നിന്ന് വടക്കോട്ടുള്ള റോഡിലും ഇനിയും പൈപ്പ് ലൈൻ എത്താനുണ്ട്. കോട്ടമുക്കിൽനിന്ന് വടക്കോട്ടും-വെട്ടിയാർ വില്ലേജാഫീസിന്റെ മുക്കിൽനിന്ന് വടക്ക്കിഴക്കോട്ടുമുള്ള റോഡിൽ പൈപ്പ് ലൈൻ

എത്താനുണ്ട്. ഇവിടങ്ങളിൽ അടിയന്തിരമായി പൈപ്പ് ലൈൻനീട്ടി കുടിവെള്ളംമെത്തിക്കണം.

5,6,7,8,9,10,11,12 എന്നീ വാർഡുകളിലും ഇന്ന് പൈപ്പ് ലൈൻ എത്താത്ത എല്ലാഭാഗത്തേക്കും അടിയന്തിരമായി പൈപ്പ് ലൈൻ നീട്ടി കുടിവെള്ളമെത്തിക്കണം

നമ്മുടെ പഞ്ചായത്തുപ്രദേശത്തെ കിണറുകളിലെ വെള്ളം ശുദ്ധമായി സൂക്ഷിക്കുന്നതിന് ആവശ്യമായ ബോധവല്ക്കരണം ഉണ്ടാകണം.

ഓരോ മൂന്നുമാസം ഇരിക്കുമ്പോഴും നമ്മുടെ കിണറുകളിൽ വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള മരുന്ന് സൗജന്യമായി നല്കണം

ശുദ്ധജലത്തിനായി പൈപ്പ് ലൈൻ എത്തിക്കുവാൻ കഴിയാത്ത പ്രദേശങ്ങളിൽ സൗജന്യമായി കിണറുകൾ കുഴിച്ചു നല്കണം.

പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് സൗജന്യമായി കിണറുകൾ നിർമ്മിച്ചു നൽകുന്നതുപോലെ സാമ്പത്തികമായി തീരെ പിന്നോക്കം നില്ക്കുന്ന കുടുംബങ്ങൾക്കും കിണറുകൾ നിർമ്മിച്ചു നല്ക്കുക.

നമ്മുടെ പഞ്ചായത്തിലെ പമ്പുഹൗസിൽ ഇന്നുപയോഗിക്കുന്ന പമ്പ് 3.5 എച്ച്.പി. യുടേതാണ് വിസ്തൃതമായ പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തേക്കും വെള്ളമെത്തിക്കുവാൻ ഈ പമ്പിന്റെ പ്രവർത്തനം കൊണ്ട് കഴിയുകയില്ല. ആയതുകൊണ്ട് പമ്പിന്റെ എച്ച്.പി. വർദ്ധിപ്പിച്ച് കുടിവെള്ളവിതരണം കാര്യക്ഷമമാക്കണം.

## ആരോഗ്യം

പഞ്ചായത്തിലെ ആരോഗ്യം ഏതാണ്ട് രാജഭരണകാലം മുതൽ തന്നെ സംരക്ഷിക്കപ്പെട്ടിരുന്നു. അതിനു സഹായകരമായി ഇന്നും തഴക്കര വില്ലേജുൾപ്പെട്ട ഈ പഞ്ചായത്തിന്റെ വാർഡ് 1–നോട് തൊട്ടടുത്ത പ്രദേശത്ത് ഒരു ആധുനിക ചികിത്സാ സ്ഥാപനം ആരംഭിച്ചിരുന്നു. ഈ സ്ഥാപനമാണ് ഇന്നും മാവേലിക്കര ഗവൺമെന്റ് ആശുപത്രി. ആയുർവ്വേദ ചികിത്സാരംഗത്ത് ഒട്ടനവധി നാട്ടുവൈദ്യന്മാർ ഈ പ്രദേശത്ത് ഉണ്ടായിരുന്നു. ചരടു ജപിച്ചു കെട്ടുക, മന്ത്രം ചെയ്ത് ഊതുക, വഴിപാടു നേരുക, തുടങ്ങിയ അന്ധവിശ്വാസജടിലമായ ചികിത്സാ സമ്പ്രദായങ്ങളും ഇവിടെ പ്രചുരപ്രചാരമുണ്ടായിരുന്ന ചികിത്സാ രീതികളാണ്. ആധുനിക ശാസ്ത്രവും ചികിത്സാ രീതികളും ഇത്രയൊക്കെ പുരോഗമിച്ച ഈ കാലഘട്ടത്തിലും ചിലരെങ്കിലും ഈ പ്രാകൃതരീതികൾ അനുവർത്തിക്കുന്നുണ്ട്. ഇതിന്റെയെല്ലാം നടുവിൽ ഏതാണ്ട് 60 വർഷത്തിലേറെയായി ആയുർവ്വേദ ആചാര്യ ശ്രീ. കെ.സി. കുഞ്ഞുരാമൻ വൈദ്യർ തഴക്കരയിലും സ്വവസതിയിലും ഇന്നത്തെ മാവേലിക്കര പട്ടണത്തിലും ചികിത്സ നടത്തികൊണ്ടിരിക്കുന്നു. ആയുർവ്വേദ ചികിത്സാരംഗത്ത് കേരളത്തിനു മൊത്തത്തിൽ പ്രശസ്തിയും അഭിമാനവും നേടിത്തന്ന ഇദ്ദേഹത്തിന്റെ ഔഷധങ്ങളും ചികിത്സാരീതികളും ഏറെ സവിസേഷതകൾ ഉള്ളതാണ്. ശ്രീ. ധന്വന്തരി വിലാസം ആയുർവ്വേദ ഫാർമസി സ്ഥാപിച്ചത് ഇദ്ദേഹമാണ്. വിദേശരാജ്യങ്ങളിൽ പോലും ശ്രീ.കെ. സി. കുഞ്ഞുരാമൻ വൈദ്യരുടെ ഔഷധങ്ങൾക്ക് പ്രശസ്തിയുണ്ടായിരുന്നു. ഇന്ന് പഞ്ചായത്തിന്റേതായ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും 5 സബ്സെന്ററുകളും ഒരു ആയുർവ്വേദ ആശുപത്രിയും അടക്കം 14 ചികിത്സാകേന്ദ്രങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ സ്വകാര്യ മേഖലയിൽ 3 ഹോമിയോ ക്ലിനിക്കുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വിഷചികിത്സാരംഗത്ത് ഒരു കുടുംബം വഴുവാടിയിലുണ്ട്. ഈ തലമുറയിലെ ആളുകൾ ഈ പാരമ്പര്യ ചികിത്സാരീതി ഏതാണ്ട് ഉപേക്ഷിച്ചിരിക്കുകയാണ്. വോട്ടിയാർ ഏഴാം വാർഡിലെ പത്മനാഭൻ വൈദ്യർ വിഷചികിത്സാരംഗത്ത് പ്രസിദ്ധിയുള്ള ആളായിരുന്നു.

# പൊതുസ്ഥാപനങ്ങൾ

തഴക്കര ഗ്രാമപഞ്ചാത്തിലെ പൊതുസ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

| | |
|---|---|
| പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ | 1 |
| ആയുർവ്വേദ ആശുപത്രി | 1 |
| സബ് സെന്ററുകൾ | 5 |
| ഫാമിലി വെൽഫെയർ സെന്റർ | 2 |

ഇവിടെയെല്ലാം കൂടി 20 ജീവനക്കാരാണ് ഉള്ളത്. നമ്മുടെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഒരു മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമാകുന്നില്ല. ഈ അവസ്ഥ അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്. ആരോഗ്യ സംരക്ഷണ കാര്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. എന്നാൽ ഫീൽഡ് വർക്കറന്മാരിൽ ഭൂരിഭാഗത്തിലും കാണുന്ന നിഷ്ക്രീയത ഈ രംഗത്തെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. പൊതു ആരോഗ്യസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും എടുത്ത് കാണേണ്ടതുണ്ട് ഇവയെല്ലാം പരിഗണിച്ച് ആരോഗ്യരംഗ്ത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാകേണ്ടിയിരിക്കുന്നു.

സ്വകാര്യമേഖലയിൽ എടുത്ത് പറയാവുന്ന 4 ചികിത്സാ കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മാങ്കാംകുഴിയിലെ ആനന്ദാ മെഡിക്കൽ സെന്ററും കരുണാലയ ക്ലിനിക്കും കുന്നത്തെ സെന്റ് ജെറോം ആശുപത്രിയും കൊച്ചാലുംമൂട്ടിലെ സെന്റ് ഗ്രീഗോറിയോസ് എന്ന സ്ഥാപനവുമുണ്ട്. കല്ലിമല് പി.എം. ഹോസ്പറ്റിൽ , പൈനുമൂട്ടിൽ ജസി ഹോസ്പിറ്റൽ, പാരാമെഡിക്കൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നു എങ്കിലും അവരുടെ യോഗ്യതകൾ ആശ്വാസകരമല്ലാത്ത സ്ഥിതിയിലാണെന്നാണ് റിപ്പോർട്ടുകൾ കാണിക്കുന്നത്.ആയതിനാൽ മെഡിക്കൽ കോഴ്സുകൾക്കായുള്ള ഒരു സ്ഥാപനം പഞ്ചായത്തിൽ ആരംഭിക്കേണ്ടതായുണ്ട്

ഇത്രയേറെ സ്ഥാപനങ്ങളും സൗകര്യങ്ങളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യസ്ഥിതിയിൽ ഇതിനനുസരണമായുള്ള ഗുണകരമായ വ്യതിയാനം കാണുന്നില്ല. എന്നാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. 1995–96 വർഷത്തിൽ 1627 ജലജന്യരോഗങ്ങളും 103 വായുജന്യ രോഗങ്ങളും 59 പ്രാണിജന്യ രോഗങ്ങളും 21463 മറ്റ് രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നു. കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവർ രണ്ടുപേരുണ്ട്. പഞ്ചായത്തിലെ ജനനനിരക്ക് 24ഉം മരണനിരക്ക് 7,3 ആണ്. നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ പഞ്ചായത്തിന്റെ ആയുർവ്വേദ ആശുപത്രിയിലും കിടത്തി ചികിത്സയ്ക്കുള്ള സൗകര്യം ഇതുവരെ ഉണ്ടായിട്ടല്ല. പഞ്ചായത്തിന്റെ പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നത് ഇറവംങ്കരയിലാണ്. ശ്രീ. കൃഷ്ണനുണ്ണിത്താൻ സ്മാരകമന്ദിരത്തിലാണ് ഇന്ന് ഒ. പി. മാത്രമുള്ള ഈ ആശുപത്രിപ്രവർത്തിക്കുന്നത് 15 കിടക്കകളോടു വിപൂലവും ആധുനികവും ആയ സജ്ജീകരണങ്ങളോടുകൂടിയ പുതിയ കെട്ടിടം നിർന്നിക്കുന്നതിന് 142000 രൂപ സർക്കാരിൽനിന്ന് അനുവദിപ്പിക്കാനും കെട്ടിട നിർമ്മാണ നടപടികൾ ആരംഭിക്കുവാൻ ഇന്നത്തെ പഞ്ചായത്ത കമ്മറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ നമ്മുടെ ആയുർവ്വേദ ആശുപത്രിയുടെ വിപുലീകരിണത്തിനുവേണ്ടിയും ചില പരിശ്രമങ്ങൽ ആരംഭിക്കുവാൻ ഇന്നത്തെ പഞ്ചായത്തി കമ്മറ്റിക്ക് കഴിഞ്ഞിട്ടുണ്ട്.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ആധുനിക സജ്ജീകരണമുള്ള ഒരു ഹോമിയോ ആശുപത്രികൂടി ആരംഭിച്ചു . ഇന്നുള്ള ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയും സമഗ്രമായ ഒരു ആരോഗ്യ പരിപാടി നടപ്പിലാക്കിയും രോഗരഹിതവും ആരോഗ്യപൂർണ്ണവുമായ ഒരു മാതൃക പഞ്ചായത്ത് ആക്കിയെടുക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം.

## പ്രാഥമിക സൗകര്യങ്ങൾ

പൊതു ജനാരോഗ്യത്തെ കുറിച്ച് പറയുമ്പോൾ തന്നെ കുടിവെള്ളത്തെപ്പോലെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ശുചിത്വം ഇതിൽ പരിസര ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ്. കക്കൂസ്. പപഞ്ചായത്തിലെ 3247 വീടുകളിൽ നിലവിൽ കക്കൂസ് ഇല്ല ഇതിനാൽ വിരശല്യം വയറിളക്കരോഗങ്ങൾ എന്നിവ താരതമ്യേന കൂടുതൽ കണ്ടു വരുന്നു 1995-96 വർഷത്തെ കണക്കു പ്രകാരം പഞ്ചായത്തിൽ 1627 പേർക്ക് ജലജന്യരോഗങ്ങൾ ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.

ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങലും പരിഹാരങ്ങളും ചുവടേ ചേർക്കുന്നു

| തടസ്സങ്ങൾ | പരിഹാരങ്ങൾ |
| --- | --- |
| 1. സാമ്പത്തികമായ പിന്നോക്കാവസ്ഥ | 1. സർക്കാർ അർദ്ധസർക്കാര്ദ്ധ സ്ഥാപനങ്ങൾ സന്നദ്ധസംഘടനകൽ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| 2. സ്ഥലപരിമിതി (ലക്ഷംവീട് കോളനികൾ മറ്റ് സെറ്റിൽമെന്റ് കോളനികൾ. ഭൂരഹിത കോളനികൾ) | 2. പൊതുവായി സെപ്റ്റിക് ടാങ്കുകൾ നിർമ്മിച്ച് ഇത് പരിഹരിക്കാവൂന്നതാണ് |
| 3. ബോധ്യപ്പെടായ്മ | 3. ആവശ്യമായ ബോധവല്ക്കരണപ്രവർത്തനങ്ങൾക്ക് ആധുനികമാർഗ്ഗങ്ങൾ സ്വീകരിക്കുക. |

## നിർദ്ദേശങ്ങൾ

- പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡുകൾ നിർമ്മിച്ച സൗകര്യം ഉണ്ടാക്കുക. മുഴുവൻ സമയം സേവനം ലഭ്യമാക്കുക. വെട്ടിയാർ കേന്ദ്രമാക്കിയും ഒരു പി.എച്ച്.സി. ആരംഭിക്കുക.
- ആയുർവ്വേദാശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനുള്ള വാർഡു നിർമ്മിച്ച് സൗകര്യപ്പെടുത്തുക. മുഴുവൻ സമയസേവനം ഉറപ്പുവരുത്തുക.
- പഞ്ചായത്തിൽ ഒരു ഹോമിയോ ക്ലിനിക് ആരംഭിക്കുക.

- പഞ്ചായത്തിലെ സബ്സെന്ററുകൽക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് മുഴുവൻ സമയസേവനം ലഭ്യമാക്കുക.
- കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നല്കുന്ന പോഷകാഹാവിതരണം മെച്ചപ്പെടുത്തുക.
- കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും യുദ്ധകാലാടിസ്ഥാനത്തിൽ കക്കൂസ് നിർമ്മിച്ച് നല്കുവാൻ സ്കീം നടപ്പാക്കുക.
- പൊതു സ്ഥലങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള പ്രത്യേക സംവിധാനം ഉണ്ടാക്കുക.
- സ്ഥാപനങ്ങൾ മൂലമുള്ള മലിനീകരണത്തിന് അടിയന്തിര പരിഹാരം കാണുക
- കൊതുക് ഈച്ച എലി , അലഞ്ഞുനടക്കുന്ന പട്ടികൾ ഇവയെ നശിപ്പിക്കുക
- പൊതു കുളങ്ങളിലെ പായൽ പോള, ഇവ നീക്കംചെയ്ത് വൃത്തിയായി സൂക്ഷിക്കുക
- മായം ചേർക്കൽ നടപടിയ്ക്കെതിരെ കർശനമായ ശിക്ഷാമാർഗ്ഗം സ്വീകരിക്കുക.
- പകർച്ചവ്യാധികൾക്കെതിരായി പരിസരശുചീകരണത്തെക്കുറിച്ച് ബോധവല്ക്കരണം നടത്തുക.

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്, റോഡ്

ജനങ്ങളുടെ സംഘബോധത്തിന്റെ കരുത്തും നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്നപങ്കും തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വീകർ. ഈ തിരിച്ചറിവിന്റെ ഫലമായിട്ടാണ് തഴക്കര ഗ്രാമപഞ്ചായത്തിലെ വിവിധ രോഡുകളും നിർമ്മിക്കപ്പെട്ടിട്ടുള്ളത്.

മാനവവിഭവശേഷി സമാഹരിച്ച് നിർമ്മിക്കപ്പെട്ട് പള്ളിമുക്ക് താന്നക്കുന്ന് റോഡും, നാലുമുക്ക് വെട്ടിയാറ് പാലം രോഡും, കാവുള്ളതിൽ മുക്ക് - മഠത്തിൽതര റോഡും എടുത്ത് പറയാവുന്നതാണ്.

പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ റോഡുകൾ 94.04 കിലോമീറ്ററാണ്. ഒരു ച:കി.മീ: വിസ്തീർണ്ണത്തിൽ ശരാശരി 3.62 കിലോമീറ്റർ റോഡാണ് ആകെയുള്ളത്. സംസ്ഥാനശരാശരിയായ 3.2 കിലോമീറ്റർ/ച:കി:മീറ്ററിൽനിന്നും ഏറെ ഉയർന്നിട്ടില്ല എന്നതാണ് വസ്തുത പഞ്ചായത്തിൽ ആകെ ടാർചെയ്ത റോഡു 35.65 കിലോമീറ്റർമാത്രമാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർറോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് ഏതാണ്ട് 1 മീറ്റർ ടാർറോഡുമാത്രമേ ഉള്ളൂ.

പഞ്ചായത്തിൽ നിലവിലുള്ള ടാർറോഡുകൾ അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാസൗകര്യങ്ങൾഎന്നിവ താഴെ കൊടുക്കുന്നു.

## പഞ്ചായത്തിലെ ടാർറോഡുകൾ

| റോഡുകൾ | ഉടമസ്ഥത | ദൂരം | വീതി | ബസ്/മറ്റുള്ളവ |
|---|---|---|---|---|
| 1. തഴക്കര-വെട്ടിയാർപാലം | PWD | – | 8 | ഉണ്ട് |
| 2. കൊച്ചാലുംമൂട്- കൊല്ലുകടവ് | PWD | | 8 | ഉണ്ട് |
| 3. പൈനുമൂട്-കൊല്ലകടവ് | PWD | | 8 | ഉണ്ട് |
| 4. പൈനുംമൂട്-കാരോലി | PWD | | 8 | ഉണ്ട് |
| 5. മാംങ്കാംകുഴി-കോടമുക്ക് | PWD | | 8 | ഉണ്ട് |
| 6. നാലുമുക്ക്-കല്ലുമലതെക്കേമുക്ക് | PWD | 8 | ഉണ്ട് | |
| 7. മുണ്ടുപാലം-പൊറ്റമേൽകടവ് | PWD | | 8 | ഉണ്ട് |
| 8. ഏറാംതോട്ടം-വഴുവാടിക്കടവ് | പഞ്ചായത്ത | | 8 | ഉണ്ട് |
| 9. കുഞ്ഞാറ്റിൽമുക്ക് - ഭജനമഠം | പഞ്ചായത്ത് | | 6 | ഉണ്ട് |
| 10. വേണാട്ട് മുക്ക് -മഠത്തിൽതറ | പഞ്ചായത്ത് | | 6 | ഉണ്ട് |
| 11. പയ്യംപള്ളിൽ -കോളനിമുക്ക് | പഞ്ചായത്ത | | 6 | ഉണ്ട് |
| 12. കുന്നംസ്കൂൾ-വറ്റെലുമുക്ക് | പഞ്ചായത്ത് | | 6 | ഉണ്ട് |
| 13. കുന്നം സ്കുൾ-മുണ്ടുച്ചാലിൽ | പഞ്ചായത്ത് | | 6 | ഉണ്ട് |
| 14. കുരിശുംമുട് - വട്ടകുഴി | പഞ്ചായത്ത് | | 4 | ഉണ്ട് |
| 15. വെട്ടിയാർ പോസ്റ്റാഫീസ്- നെല്ലിക്കോമത്ത് | പഞ്ചായത്ത് | | 6 | ഉണ്ട് |
| 16. കുറ്റിയിൽ മുക്ക് - മുരിയായിക്കര | പഞ്ചായത്ത് | | 6 | ഉണ്ട് |
| 17. മാധവിമുക്ക് - അമ്മച്ചേരിൽ | പഞ്ചായത്ത് | | 6 | ഉണ്ട് |
| 18. കാരോലിൽ-മുലേപ്പള്ളിമുക്ക് | PWD | | 8 | ഉണ്ട് |
| 19. എൻ.എസ്.എസ്. കരയോഗം- ചേനംവട്ടത്ത് മുക്ക് | പഞ്ചായത്ത് | | 6 | ഉണ്ട് |
| 20. മുറിയായിക്കര | പഞ്ചായത്ത് | | 6 | ഉണ്ട് |

റോഡ് ശ്രംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് മിക്ക റോഡുകളിലും വെള്ളം കെട്ടിനില്ക്കുന്നു. ഓവുചാലുകളുടേയും കലങ്കുകളുടേയും അഭാവമാണ് ഇതിനുകാരണം ആവശ്യത്തിന് ഫണ്ടില്ലായ്മ എല്ലാ വികസമപ്രവൃനങ്ങൾക്കും വിലങ്ങ്തടിയാകുന്നു. തഴക്കര പഞ്ചായത്തിലെ ഒന്നാംവാർഡിന്റേയും രണ്ടാംവാർഡിന്റേയും മൂന്നാം വാർഡിന്റെയും ഭാഗത്തുകൂടിയാണ് സതേൺറേയിൽവേയുടെ തിരുവനന്തപുരം എറണാകുളം ലൈൻ കടന്നുപോകുന്നത്. റയിൽവേ ആരംഭിച്ച കാലത്ത് ഇന്നത്തെ രണ്ടാവർഡിന്റേയും മൂന്നാംവാർഡിന്റേയും ഭാഗത്ത് മാവേലിക്കര റയിൽവേസ്റ്റേഷനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിന് നടപടികൾ നടത്തിയിരുന്നതാണ്. എന്നാൽ ആ പ്രദേശത്തെ ആളുകൾ കൂട്ടായി എതിർത്തതുകൊണ്ട് ഗവൺമെന്റ് പിന്മാറുകയും റയിൽവേസ്റ്റേഷൻ ഇന്ന് സ്ഥിതിചെയ്യുന്നസ്ഥലത്തേക്ക് പോകുകയും ആണുണ്ടായത്.

## റോഡുകളുടെ ഇന്നത്തെ അവസ്ഥ

ഗ്രാമസഭകൾ 13 വാർഡിലേയും റോഡുകളുടെ ഇന്നത്തെ ശോചനീയാവസ്ഥയെക്കുറിച്ച് വിശദമായ ചർച്ചകൾ ഉയർന്നിട്ടുണ്ട്.' നിരവധി റോഡുകൾ കുണ്ടും കുഴിയുമായി കിടക്കുന്നുണ്ട് മഴക്കാല്ത്ത് വെള്ളം കെട്ടിനിന്ന് ചെളിയും വെള്ളവുമായി യാത്രചെയ്യാൻ ആവാത്തവണ്ണം താറുമാറാകാറുണ്ട്. വേണ്ടത്ര ഓടയില്ലാത്ത റോഡുകളുടെ നടുവിലൂടെ വെള്ളം കുത്തിയൊലിച്ച് ഒഴുകി മിക്ക റോഡുകളുടേയും നടുഭാഗം വലിയ കുഴിയായി കിടക്കുന്ന സ്ഥിതിയുമുണ്ട് ഈ റോഡുകളെല്ലാം മെറ്റൽ ചെയ്ത് ടാർ ചെയ്യണമെന്നാണ് ഗ്രാമസഭകളിലെ പൊതു നിർദ്ദേശം.

പുതിയ മൺറോഡുകൽ നിർമ്മിക്കുന്നതിനും ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. നിലവിലുള്ള ഇടവഴികൾ വീതികൂട്ടി മൺറോഡുകളാക്കി മാറ്റുന്നതിലൂടെ പ്രദേശപരമായി ജനങ്ങൾക്കും വാഹനങ്ങൾക്കും ഇന്നുള്ളതിൽ നിന്നും കൂടുതലായ സഞ്ചാര സൗകര്യവും യാത്രാസൗകര്യവും മെച്ചപ്പെടുത്തുവാൻ കഴിയും.

പാടശേഖരങ്ങളുടെ നടുവിലൂടെ ഇന്നുള്ള വീതികൂടിയ വരമ്പുകളും വാഹനമുൾപ്പടെ ഗതാഗതം ചെയ്യത്തക്കവണ്ണം വീതികൂട്ടി ചിറകെട്ടി റോഡുകളാക്കണമെന്ന നിർദ്ദേശവും ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. ആക്കനാട്ടുകരയിലെ ചരിവിൽ തെക്കേപാടത്തും കുന്നത്തെ തണ്ണിമുക്കം പാടത്തും ചെറുമനതെക്കേപാടത്തും ഈ തരത്തിലുള്ള റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

## പട്ടികജാതി സങ്കേതങ്ങളിലേക്കുള്ള റോഡുകൾ

പട്ടികജാതി സങ്കേതങ്ങളിലേക്കുള്ള റോഡുകളുടെ അപര്യാപ്ത്ത ഏറെയാണ്. കുന്നത്ത് തൊടുകയിൽ കോളനിയിലേത്ത് ഒരു വാഹനത്തിൽ സൗകര്യപൂർവ്വമായി കടന്നുചെയ്യുവാൻ ഇന്നും കഴിയാത്ത് അവസ്ഥയുണ്ട്. മലയിൽ മുക്കിൽനിന്ന് വടക്കോട്ടുള്ള റോഡിൽ റെയിൽവേ ലൈൻ ക്രോസ്സുചെയ്യുന്ന ഭാഗത്തുള്ള ഇടനാഴിയുടെ വീതികൂട്ടി മാത്രമേ അതുവഴി തൊടുകയിൽ പാറയ്ക്കൽ പട്ടികജാതി സാങ്കേതത്തിലേക്ക് വാഹനത്തിൽ എത്തുവാൻ കഴിയു. രോഗികളെയും പ്രസവവേദനയിൽ ഞെളിപിരികൊള്ളുന്ന സ്ത്രീകളെയും കിലോമീറ്ററുകൽ ദൂരത്തിൽ താങ്ങിയെടുത്തുകൊണ്ടുപോയെങ്കിൽ മാത്രമേ അവരെ ആശുപത്രിയിൽ എത്തിക്കാനാവൂ. അതുപോലെ കുന്നം വാർഡിലെതന്നെ കോളഭാഗത്ത് സെറ്റിൽമെന്റ് കോളനിയിലേക്ക് ഇന്നു ഒരു പൊതുവഴിയില്ലാത്ത അവസ്ഥയാണ്.

അതു കൊണ്ടുതന്നെ ഇന്നും കോളഭാഗത്തേക്ക് വൈദ്യുതി എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ തരത്തിൽ കോട്ടേമലയിലും മാമ്പള്ളി കരുവത്തിലും മാമ്പ്രാ കൊച്ചിക്ക ഭാഗങ്ങളിലും സൗകര്യപ്രദമായ പൊതുവഴിയുടെ അപര്യപ്തതകൊണ്ടും എല്ലാഭാഗത്തേക്ക് വൈദ്യുതി എത്താത്ത സ്ഥിതിയുമുണ്ട്. മുകളിൽ സൂചിപ്പിള്ള ഭാഗങ്ങളിലേക്ക് മൺ റോഡുകൾ നിർമ്മിക്കുന്നത് സംബന്ധിച്ചും ഗ്രാമസഭകളിൽ നർദ്ദേശം ഉയർന്നിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

- നാടാവള്ളിൽ മുക്കു മുതൽ വഴുവാടിയിലേക്കുള്ളുള്ല റോഡു കിഴങ്ങുവിള മുക്കുമുതൽ എരിയമ്പലത്തു കോളനിയിലേക്കുള്ള റോഡു, കല്ലുംതുണ്ടത്തിൽ മുക്കുമുതൽ കിഴക്കോട്ട് എരിയമ്പലത്തു കോളനിയിലേക്കുള്ള റോഡു് ഓവർബ്രിഡ്ജ് മുതൽ തെക്കോട്ട് മുട്ടത്തയ്യത്ത് ഐ.എ.ഡി.പി കോളനിയിലേക്കുള്ള റോഡ്, ഓലോത്തിക മുക്കുമുത്ൽ പാറപ്പുളത്ത് മുക്കുവരെയുളള റോഡു്, വേണായ് ഫാക്ടറിമുക്കുമുതൽ - കോളേഴത്ത് കോളനിയിലേക്കുള്ള റോഡു്, പൈനുംമൂട് പടിഞ്ഞാറെ മുക്ക് മുതൽ മണപ്പറമ്പിൽ മുക്കു വരെയുള്ള റോഡു്, കോലോലില മുക്കുമുതൽ വടക്കോട്ട് കനാൽ പാലം വരിയുള്ള റോഡു് ഇവയെല്ലാ ംടാംർചെയ്ത് സഞ്ചാരയോഗ്യമാക്കുക.
- വഴിവാടി ശവക്കോട്ടപ്പാലം മുതൽ വടക്കോട്ട് പൂഞ്ചാറ്റുമുക്കിലേക്കുള്ള റോഡു്, എൽ,പി. സ്കൂൾ മുക്കുമുത്ൽ പടിഞ്ഞാരോട്ട് മംഗലേത്തേക്കുള്ള റോഡു് പ്ലാനിലം മുക്കുമുതൽ വീട്ടിനാൽ ഭാഗത്തേക്കുള്ള റോഡു്, ആസലിത്തറ ഐ.എച്ച.ഡി.പി. കോളനിയിലേക്കുള്ള റോഡു്, എൻ.എസ്. എസ്. കരയോഗമുക്കുമുതൽ മങ്ങാട്ടുഭാഗത്തേക്കുള്ളറോഡു് ഭജനമഠം മുതൽ വടക്കോട്ട് പൊറ്റമേൽക്കടവ് വരെയുള്ള റോഡു് ഇവ മെറ്റൽ ചെയ്ത് ടാർചെയ്ത് സഞ്ചായരയോഗ്യമാക്കുക.
- കുന്നം കരണ്ടിയയ്യത്ത് പട്ടികജാതി സങ്കേത്തിലേക്കുള്ളറോഡു്, കിണറ്റിൻകര മുത്ൽ കുന്നം സ്കൂൾ പരെയുള്ള റോഡു്, പൂത്ൻ പുരയ്ക്കൽ മുതൽ തൊടികയിൽ ഐ.എച്ച.ഡി.പി. കോളനിയിലേക്കുള്ള റോഡു്, കാവിൽ കോളനി ഭാഗത്തേക്കുള്ള റോഡു്, സെന്റ് ജറോം ആശുപത്രിമുതൽ വടക്കോട്ട് റയിൽവേക്രോസ് വരെയുള്ള റോഡു് കിഴക്കേടത്ത് മുക്കുമുതൽ റയിൽവേക്രോസു വരെയുള്ള റോഡു് ഈ റോഡു്കളെല്ലാം ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
- മാംങ്കാംകുഴി മാർക്കറ്റ് മുതൽ വടക്കോട്ട് കോണത്ത് വരെയുള്ള റോഡു് , ഓടനേത്ത് മുക്ക് മുതൽ കിഴക്കോട്ട് അർത്തകണ്ഠ ക്ഷേത്രം മുക്കുവരെയുള്ള റോഡു് , പഴയ പോസ്റ്റോഫീസ് മുക്കുമുതൽ കിഴക്കോട്ട് ഓർത്തഡോക്സ് പള്ളിവരെയുള്ള റോഡു് , കാരോലിൽ മുതൽ മാങ്കോയിക്കൽ മുക്ക് വരെയുള്ള റോഡു് . ചാമപ്പരമ്പിൽ മുക്ക് മുതൽ കല്ലുച്ചിറ വരെയുള്ള റോഡു് , ഗുരു മന്ദിരം മുതൽ കിഴക്കോട്ട് പഴഞ്ചിറവരെയുള്ള റോഡു് , കല്ലിമേൽ കുറ്റിയിൽ താഴെ പാടത്തേയ്ക്കുള്ള റോഡു് ഈ റോഡുകളെല്ലാം ആവശ്യമായ പുനരുദ്ധാരണം നടത്തി മെറ്റൽ ചെയ്ത് ടാർ ചെയ്ത് സഞ്ചാരയോഗ്യ.മാക്കുക.
- കല്ലുവിള മുക്കുമുതൽ പുതിച്ചിറ കരുവേലിൽ കോളനിവരെ, ഇരട്ടപ്പള്ളിക്കുടം മുതൽ ചക്കുളത്ത്.കടവുവരെ, മലങ്കാവിള മുക്കുമുതൽ വെട്ടയ്യത്ത് ഗുരുവത്തിൽ കോളനി വരെ, ആതിരമുക്കുമുതൽ കാക്കനാട് കോളനിവരെ, വെടിയനമ്പലം മുക്കുമുതൽ കോട്ടയ്ക്കലത്ത് കോളനി, ആശ്രമജംഗ്ഷൻ

മുതൽ പമ്പുഹൗസ് വരെ, കോട്ടാലയ്യത്ത് മുക്ക് മുതൽ ക്രിപാലയ ജംഗ്ഷൻ ഈ റോഡ്യ് കളെല്ലാം വീതികൂട്ടി മെറ്റൽ ചെയ്ത് ടാർ ചെയ്യുക.

- കന്നിമേൽ ഐ.എച്ച്.ഡി.പി. കോളനിയിലേക്കുള്ള റോഡ്യ് , ക്ഷേത്രമുക്കുമുതൽ പണിക്കത്തേത്ത് തെക്കേഭാഗത്തേക്കുള്ള റോഡ് പടിപ്പുരമുക്കിൽനിന്നും വല്യകൊല്ലാകളത്തിലേക്കുള്ളറോഡ്യ് , വല്യയ്യത്തുമുക്കിലേക്കുള്ള റോഡ്യ്കൾ, മലയിൽ തെക്കേമുക്കുമുതൽ മാർത്തോമാ പള്ളിവഴി കന്നിമേൽ കോളനിയിലേക്കുള്ള റോഡ്യ് , ചെറുമല കോളനിയിലേക്കുള്ള റോഡ്യ് , പള്ളിമുക്ക്മുതൽ വടക്കോട്ട്, നെല്ലിക്കോണത്ത് വരെയുള്ള റോഡ്യ് , തുടങ്ങിയ എല്ലാ റോഡ്യ്കളും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
- മലയിൽ മുക്ക് മുതൽ ടി.എം.വി.എം.എച്ച് എസ് ഭാഗത്തേക്കുള്ളറോഡ്, ഇരട്ടപ്പള്ളിക്കൂടം ജംഗ്ഷൻ മുതൽ തെക്കോട്ട് കൊട്ടയ്ക്കാട്ടുവിള പട്ടികജാതി കോളനി വരെയുള്ള റോഡ്യ് , ഫാമിലി വെൽമുക്കുമുതൽ തെക്കോട്ടുള്ള റോഡ്യ് , ടി.എം.വി.എച്ച.എസ്. മുതൽ തെക്കോട്ട് പണയിൽ മുക്ക് വരെയുള്ള റോഡ്യ് , തുരുത്തിമുക്ക് മുതൽ കിഴക്കോട്ട് വിളയിൽ തെക്കേഭാഗം വരെയുള്ള റോഡ്യ് കല്ലുവിള മുക്ക് മുതൽ തെക്കോട്ടുള്ള റോഡ്യ് ഈ റോഡ്യ് കളെല്ലാം മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
- പള്ളിമുക്ക് താന്നിക്കുന്ന് റോഡ്യ് , പള്ളിമുക്ക് വെള്ളയ്ക്കൽ റോഡ്യ് , പള്ളിമുക്ക് പണയിൽ റോഡ്യ് , രാമല്ലൂർ കോളനി റോഡ്യ് , പാറകുളങ്ങര മാമ്പ്രക്കോളനി റോഡ്യ് , കോയിക്കൽ കോളനി റോഡ്യ് , കുഴിയത്ത്-താഴെത്തറ റോഡ്യ് , പൊയ്കതടത്തിൽ-കുഴിയത്ത് റോഡ്യ് , പ്ലാവിള ജംഗ്ഷൻ മുതൽ കിഴക്കോട്ടുള്ള റോഡ്യ് , മലയിൽ ജംഗ്ഷൻ മുതൽ പഞ്ചവരെയുള്ള റോഡ്യ് , താന്നിക്കുന്ന് മലയിൽനിന്ന് വടക്കോട്ട് പുഞ്ച വരെയുള്ള റോഡ്യ് , ഇവയിൽ അത്യാവശ്യമായ പരിഷ്കാരങ്ങൾവരുത്തി മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
- വാര്യത്തുവിള കിഴക്കേ ഭാഗത്തുകീടി ആഞ്ഞിലിവിള ജംഗ്ഷൻ വരെയുള്ള റോഡ്, പാറക്കുളങ്ങര ഗുരുമന്ദിരം മുതൽ കുഴിപ്പറമ്പിൽ മുക്ക് വരെയുള്ള റോഡ്യ് , മുഹമ്മദൻ എൽപി. സ്കൂൾ മുതൽ പാറപ്പുരം മുക്ക് വരെയുള്ള റോഡ്യ് , കുറ്റിയിൽ മുക്ക് മുതൽ വടക്കോട്ട് മിനർവാമുക്ക് വരെയുള്ള റോഡ്യ് , പുത്തൻപുരയ്ക്കൽ മുക്ക് മുതൽ കരുവേലി കോളനി വരെയുള്ള റോഡ്യ് മെറ്റൽ ചെയ്ത ടാർ ചെയ്യുക.
- കൊച്ചാലുംമൂട് മുക്ക് മുതൽ ഇറവംങ്കരവഴി ഗ്ലാസ് ഫാക്ടറിമുക്ക് വരെയുള്ള റോഡ്യ് , ആനിക്കാട് മലമുറ്റത്ത് കോളനിയിലേക്കുള്ള റോഡ്യ് , ശിവക്ഷേത്രം മുതൽ പടിഞ്ഞാരോട്ട് പോരൂർതറ ഭാഗത്തേക്കും, കാഞ്ഞിരവിള ഭാഗത്തേക്കുമുള്ള റോഡ്യ് , കലാസദനം മുക്ക് മുതൽ തെക്കോട്ട്, കാഞ്ഞിരവിള ഭാഗത്തേക്കുള്ള റോഡ്യ് , കായിക്കൽ മുതൽ തെക്കോട്ട് കാഞ്ഞിരവിള ബാഗത്തേക്കുള്ള റോഡ്യ് , കുറ്റിയിൽ കോളനിയിലേക്കുള്ള റോഡ്യ് , എച്ച.എസ്. ജംഗ്ഷൻ മുതൽ തറോട്ടിൽ ഭാഗത്തേക്കുള്ള റോഡ്യ് ഈ റോഡുകളെല്ലാം മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
- എള്ളുവിള മുക്ക് മുതൽ തെങ്ങുംതറ കോളമിവരെയുള്ള റോഡ്യ് , കനാൽ പാലം മുതൽ തെക്കോട്ട് ആൽമുക്ക് വരെയും കനാൽ പാലം മുതൽ കല്ലൂർ പടിവഴി സ്കൂൾജംഗ്ഷൻ വരെയുള്ള റോഡ്യ് , കല്ലൂർ മുക്ക് മുതൽ വിളയിൽ മുക്ക് വരെയുള്ല റോഡ്യ് . തടത്തിൽ കോലനിയിലേക്കുള്ള റോഡ്യ് , വല്യത്ത് മുക്ക് മുതൽ മണ്ണാലിൽ ജംഗ്ഷൻ വരെയുള്ള റോഡ്യ് , പാത്തിമാകോളനിറോഡ്യ് പല്യത്ത് മൂടേത്ത് മുക്ക് മുതൽ കനാൽ പാലം വരെയുള്ള റോഡ്യ് ഈ റോഡുകളെല്ലാം മെറ്റൽ ചെയ്ത് ടാർ ചെയ്യുക.

- മുപ്പത്തിമുക്കുമുതൽ മാക്രിമടവരെയുള്ള റോഡ്് , ഇറവംങ്കര പള്ളിയയ്യത്തു മുക്ക് മുതൽ പുത്തൻപുരപടിവരെയുള്ള റോഡ്് , പൊയ്കയിൽ കുളം-തടത്തിൽ മുക്ക് വരെ യുള്ള റോഡ്് ഈ റോഡുകളെല്ലാം മെറ്റൽചെയ്ത് ടാർ ചെയ്യുക.
- എം.സി മുക്ക് മുതൽ ചരുവിൽ മുക്ക് വരെ യുള്ള റോഡ്് , കല്ലോട്ട് പീടികമുതൽ തെക്കോട്ട് ഐ.ടി.ഐ വരെയുള്ള റോഡ്് , മുകളു പറമ്പിൽ മുതൽ മൂലേൽ കടത്ത് വരെയുള്ള റോഡ് , തണ്ടാൻവിള മുതൽ വടക്കോട്ട് ക്ഷേത്രം വരെയുള്ള റോഡ് ഈ റോഡുകളെല്ലാം മെറ്റൽ ചെയ്ത് ടാറു ചെയ്യുക.

## മറ്റ് ചില പ്രധാന നിർദ്ദേശങ്ങൾ

- തഴക്കര പഞ്ചായത്തിലെ ഏറ്റവും പ്രധാന പ്പെട്ട വെട്ടിയാർ നാലുമുക്ക് മുതൽ വെട്ടി യാർ പാലം വരെയുള്ള റോഡ് വെട്ടിയാർ ചെറുകുന്നം റോഡിന്റെ ഭാഗമാണ്. ചെറു കുന്നം മുതൽ നാലുമുക്കുവരെയുള്ള ഭാഗം ടാറുചെയ്തിട്ട് ദശാംബ്ദങ്ങൾ പിന്നിട്ട് എന്നിട്ടും നാലുമുക്കുമുതൽ കിഴക്കോട്ട് വെട്ടിയാർ പാലം വരെയുള്ള റോഡ് ഇന്നും കുണ്ടും കുഴിയുമായി കിടക്കുകയാണ്. അടിയന്തിരമായി ടിറോഡ് ഭാഗം പി.ഡബ്ല്യു. ഡി. ഏറ്റെടുത്ത് ടാറു ചെയ്ത് അതുവഴി ബസ്സ് റൂട്ട് അനുവദിക്കണം.
- ഇറവങ്കര-കണ്ണാട്ടുമൂടി റോഡിൽ ബസ്സ്സർവ്വീസ് ആരംഭിക്കണം.
- കുന്നംവഴിയുള്ള റൂട്ടിൽ ബസ്സ് സർവ്വീസ് ആരംഭിക്കണം.
- വെട്ടിയാർ പോസേറ്റാഫീസ് മുതൽ പണ യിൽ വഴി ബസ്സ് സർവ്വീസ് ആരംഭിക്കണം.
- മാവേലിക്കര-വെട്ടിയാർ നാലുമുക്ക് വഴി ബസ്സ് സർവ്വീസ് വിപുലപ്പെടുത്തണം.
- എം.സി. മുക്കുമുതൽ കോട്ടമുക്ക് വരെ യുള്ള റോഡിലൂടെ സർവ്വീസ് വിപുലപ്പെ ടുത്തണം.
- കുന്നം ജി.എച്ച്.എസ് ഗ്രൗണ്ടിന് മദ്ധ്യഭാഗ ത്തുകൂടി പോകുന്ന പഞ്ചായത്ത് റോഡ് സ്കൂൾ ഗ്രൗണ്ടിനും സ്കൂളിനും ബുദ്ധിമു ട്ടുണ്ടാക്കാതെ സ്കൂൾ ഗ്രൗണ്ടിന്റെ തെക്കേ അറ്റത്തുകൂടി റോഡ് ശരിയാക്കണം എന്ന് നിർദ്ദേശിക്കുന്നു.
- പഞ്ചായത്തിലെ എല്ലാവാർഡുകളിലും ഇന്നുള്ള ചെമ്മൺപാതകൾക്ക് ആവശ്യ മായ മെയിന്റനൻസ് നടത്തി സഞ്ചാരയോ ഗ്യമാക്കുക.

## ഊർജ്ജം

തഴക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി എത്തിയിട്ട് അരനൂറ്റാണ്ടിലേറെ ആകുന്നു. 1945 നും 1950 നും ഇടയിൽ വൈദ്യുത കണക്ഷനുള്ള 15 വീടുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് ഉണ്ടായിരുന്നതായി രേഖകൾ സൂചിപ്പിക്കുന്നു. ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി കടന്നു വന്നിട്ട് 50 വർഷത്തി ലേറെയായിട്ട് പഞ്ചായത്തിലെ മുഴുവൻപ്രദേ ശത്ത് ഒരു ഇലക്ട്രിക്കൽമേജർ സെക്ഷൻ ആഫീസ് പ്രവർത്തിക്കുന്നുണ്ട്. എന്നിരു ന്നാലും 1-ാം വാർഡിന്റെ പൈനുംമൂട് വരെ യുള്ള ഭാഗവും 2-ാം വാർഡ് പൂർണ്ണമായും 3-ാം വാർഡും 11ന്റെ കനാലുകവരെയുള്ള ഭാഗവും മാവേലിക്കര സെക്ഷൻ ആഫീസിന്റെ കീഴിലും 8-ാം വാർഡിന്റെ പള്ളിമുക്കിന് തെക്കുഭാഗവും 9-ാം വാർഡിന്റെ തെക്കേറ്റം ഭാഗവും ചാരുംമൂട് സെക്ഷൻ ആഫീസിൻരെ കീഴിലുമാണ്. മാവേലിക്കര, ഇടപ്പോൺ, ചെങ്ങന്നൂർ സബ് സ്റ്റേഷനുകളിൽ നിന്നാണ് വൈദ്യുതി ഫീഡ് ചെയ്യുന്നത്.

തഴക്കര പഞ്ചായത്തിൽ 5813 ഹൗസ് കണക്ഷനും 527 കൊമേർഷ്യൽ കണക്ഷനും 103 ഇൻഡസ്ട്രീയൽ കണക്ഷനും 86 അഗ്രികൾച്ചർ കണക്ഷനുമാണുള്ളത് ഇതു കൂടാതെ 425 പേർ സാധാരണനിലയിലും ഒ.റ്റി.പി പ്രകാരം 63 പേരും ഒ.വൈ.ഇ.സി പ്രകാരം 82 പേരും കണക്ഷൻ കിട്ടുവാൻ വേണ്ടി കാത്തിരിക്കുന്നു. എസ്.എസ്.ഐ. യൂണിറ്റിന്റെ രജിസ്ട്രേഷൻ പ്രയോറിട്ടിയിൽ 11 പേരും കണക്ഷൻ പ്രതീക്ഷിച്ചു കഴിയുന്നു. പഞ്ചായത്തുപ്രദേശത്ത് കണക്ഷൻ 34 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 1515 തെരുവ് ബൾബുകളും 137 ട്യൂബുകളും 1 മെർക്കുറി ബൾബുമാണ് പൊതുവായി സ്ഥാപിച്ചിട്ടുള്ളത്.

**വൈദ്യുതി സംബന്ധിച്ച പൊതുവിവരം**

| സംവിധാനങ്ങൾ | എണ്ണം |
|---|---|
| ഹൗസ് കണക്ഷനുകൾ | 5813 |
| കൊമേർഷ്യൽ കണക്ഷൻ | 527 |
| ഇന്റസ്ട്രീയൽ | 103 |
| അഗ്രികൾച്ചർ | 86 |
| ട്രാൻസ്ഫോർമറുകൾ | 34 |

**കണക്ഷൻ പ്രതീക്ഷിക്കുന്നത് സംബന്ധിച്ചുള്ള പൊതുവിവരം**

| സംവിധാനങ്ങൾ | എണ്ണം |
|---|---|
| ഓർഡിനറി | 425 |
| ഒ.ടിയപി | 63 |
| ഒ.വൈ.ഇ.സി | 82 |
| എസ്.എസ്.ഐ യുണിറ്റ് | 11 |

ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ച പരാതിയുള്ളവരാണ്. അതുകൊണ്ടുതന്നെ മിക്ക ഗ്രാമസഭകളിലും പുതിയട്രാൻസ് ഫോർമറുകൾ വേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ള മീറ്ററുകളിൽ 50 ശതമാനം കേടായവയാണെന്ന് പരാതുയുണ്ട്. മാത്രമല്ല തെരുവുവിളക്കുകളിൽ 75 ശതമാനവും കത്താത്തവയാണ്.

## പ്രശ്നങ്ങൾ

- പഞ്ചായത്തിലെ ഒരുവാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
- പഞ്ചായത്തുപ്രദേശം വൈദ്യുതി വാർഡിന്റെ പല സെക്ഷൻ ആഫീസുകളുടെ നിയന്ത്രണത്തിൽ ആയതുകൊണ്ട് കൂടുതൽ വൈഷമ്യങ്ങൾ നേരിടുന്നു.
- ഫ്യൂസായിപ്പോകുന്ന ബൾബുകളും ട്യൂബുകൾക്കും പകരം പ്രവർത്തനക്ഷമമായ ഉപകരണങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ ബോർഡ് തികഞ്ഞ ഉത്തരവാദിത്വമില്ലായ്മ കാണിക്കുന്നു.
- കാലാകാലത്ത് ടച്ചിംഗ്വെട്ടി കളയാത്തതുകൊണ്ട് പലപ്പോഴും വൈദ്യുതി വിതരണം മുടങ്ങുന്നു.
- അനധികൃതമായ വൈദ്യുതി ഉപയോഗം പലപ്പോഴും മൊത്തത്തിലുള്ള ഉപഭോഗത്തിന് തടസ്സം ഉണ്ടാക്കുന്നു.
- സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്പ്-അപ്പ് ഉപയോഗം മറ്റുള്ളവർക്ക് ദോഷമാകുന്നു.
- ബോർഡ് ജീവനക്കാരുടെ അനാസ്ഥ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത എന്നിവയും ഈ മേഖലയിൽ വിഷമങ്ങൾ സൃഷ്ടിക്കുന്നു.

## നിർദ്ദേശങ്ങൾ

- പ്രദേശത്തിന്റെ വൈദ്യുതി പ്രശ്നങ്ങളുടെ ശാശ്വതമായ പരിഹാരത്തിനായി കൊച്ചാലും മൂട് കേന്ദ്രീകരിച്ച് 66 കിലോവാട്ട് അല്ലെങ്കിൽ 11 കെ.വി. സബ്സ്റ്റേഷൻ അടിയന്തിരമായി സ്ഥാപിക്കുക.
- നിലവിൽ സ്താപിച്ചിട്ടുള്ള ട്രാസൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.
- ഇടപ്പോൺ സബ്സ്റ്റേഷനിൽ നിന്ന് പ്രത്യേകമായ ത്രീഫേസ് എക്സ്റ്റെൻഷൻ പഞ്ചായത്ത് ഉടനീളം ലഭ്യമാക്കുക.
- പഞ്ചായത്ത്പ്രദേശത്ത് മൊത്തത്തിലുള്ള വൈദ്യുതി വിതരണം ഒരു സെക്ഷൻ ആഫീസിന്റെ നീയന്ത്രണത്തിലാക്കുക.
- വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായി അത്യാവശ്യകേന്ദ്രങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയോ അല്ലെങ്കിൽ സ്റ്റെപ്പ് അപ് സംവിധാനമോ ഉണ്ടാക്കുക.
- തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് മിനിമം ഗ്യാരണ്ടി വെയ്ക്കണമെന്ന നിലപാട് ബോർഡ് ഉപേക്ഷിക്കുക.
- നിലവിൽ വൈദ്യുതി എത്താത്ത മുഴുവൻ വാർഡ് പ്രദേശങ്ങളിലേക്ക് പുതിയ പോസ്റ്റിട്ട് ലൈൻ വലിച്ച് തെരുവി വിളക്കുകൾ സ്ഥാപിക്കുക.
- പട്ടികജാതി സങ്കേതങ്ങളിലേക്ക് ഏതുവിധേനയും വൈദ്യുതി എത്തിക്കുക.
- ഫ്യൂസ് ആകുന്ന ബൽബുകളും ട്യൂബുകളും മാറ്റി പകരം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് അവകാശം പഞ്ചായത്ത്കൾക്ക് വിട്ടുതരികയും ഈ ജോലിക്കാവശ്യമായ ബോർഡ് ജീവനക്കാരുടെ സേവനം ലഭ്യമാക്കുകയും ചെയ്യുക.

വൈദ്യുതി ഉപഭോഗം സംബന്ധിച്ച് ഇന്നുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനും ദുരുപയോഗം തടയുന്നതിനും അപകടങ്ങൾ ഒഴുവാക്കുന്നതിനും വൈദ്യുതിബോർഡിന്റെ സഹകരണത്തോടെ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത് ആവസ്യമാണെന്ന നിർദ്ദേശമുണ്ട്. വർദ്ധിച്ചുവരുന്ന ഉപഭോഗം കണക്കിലെടുത്ത് പഞ്ചായത്ത് തനുതായ വൈദ്യുതി ഉല്പാതനസംവിധാനം ഉണ്ടാകണമെന്ന് നിർദ്ദേശമുണ്ടായിട്ടുണ്ട്.

## മാർക്കറ്റ്.

പഞ്ചായത്തിന്റെ കിഴക്കൻ വാർഡു കൾക്ക് സഹായകരമായി മാങ്കാംകുഴിയിൽ പഞ്ചായത്തിന്റെ പബ്ലിക് മാർക്കറ്റ് പ്രവർത്തി ക്കുന്നുണ്ട്. മുമ്പ് ഈ മാർക്കറ്റ് മാങ്കാംകുഴിയിൽ ഇന്ന് പ്രവർത്തിക്കുന്ന സ്ഥലത്തുനിന്നു തെക്കോട്ട് മാറ്റിക്കൊണ്ടുപോകുകയും പിന്നീട് തിരിച്ച് അവിടേയ്ക്കുതന്നെ കൊണ്ടുവരികയും ചെയ്തതുമുള്ള സുഖകരമല്ലാത്ത ചിലപ്രവണ തകലുടെ ചരിത്രം ഈ പബ്ലിക് മാർക്കറ്റിനു ണ്ട്.

വർഷംതോറും പഞ്ചായത്തിൽനിന്ന് ഈ മാർക്കറ്റിലെ ഗേറ്റ് ഫീസ് കളക്ഷനുള്ള അവകാശം ലേലം ചെയ്ത് കൊടുക്കാറുണ്ട്. എന്നാൽ ലേലം ഉറയ്ക്കുന്ന ആളുകൾ ചന്ത യിലേക്ക് കാർഷികോല്പന്നങ്ങളുമായി എത്തുന്ന ചെറുകിട കർഷകരെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു എന്ന് അമിതമായ പീസ് പിരിക്കുന്നു എന്ന് പരാതിയുണ്ടായിട്ടുണ്ട്. കാലാകാലത്തുള്ള ഇത്തരം പരാതികളും മാർക്കറ്റിന് ഉണ്ടാകേണ്ട സംരക്ഷണവും സൗകര്യങ്ങളും ഏർപ്പാടു ചെയ്യുന്നതിൽ ഉണ്ടായ വിമുഖത മാങ്കാംകുഴി മാർക്കറ്റിന്റെ പ്രതാപം നഷ്ടപ്പെടുത്തിയിട്ടുണ്ട്. നിവലിവുള്ള പ്രകൃതി വിഭവങ്ങളും കാർഷിക വിഭവങ്ങളും ജനജീവിതവുമായി കോർത്തിണക്കി ഒരു ഗ്രാമീണസംസ്കാരവും പ്രസ്തുതചന്തയോടു കഴിയാവുന്ന ആശ്രയത്വവും വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സുകളും വാർത്തെ ടുക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് സ്വാശ്രയത്തത്തിന്റെ ചുവട് ഉറ പ്പിക്കാനും സമ്പന്നതയുടെ തിരുമുറ്റത്തേക്ക് നടന്നു കയറാനും കഴിയുമെന്നാണ് ഗ്രാമസഭ കളിലെ ചർച്ചകളുടെ ഉള്ളടക്കം.

ഇതുകൂടാതെ ആക്കനാട്ടുകരയിൽ തഴ ക്കര പഞ്ചായത്ത്ന്റെ പേരിൽ ഒരു പ്രൈവറ്റ് മാർക്കറ്റുണ്ട് വളരെ കൂടുതൽ വികസന സാധ്യ തയുള്ള ഒരു പ്രദേശമെന്നനിലയിൽ ആക്കിനാ ട്ടുകരയിൽ പഞ്ചായത്തിന് സ്വന്തമായി വസ്തു കണ്ടെത്തി ഒരു പബ്ലിക്മാർക്കറ്റ് ഉണ്ടാക്കുന്ന തുകൊണ്ട് പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ ഒരു ഭാഗംകൂടി കണ്ടെത്തുവാനാ കുമെന്നാണ് മറ്റൊരു നിർദ്ദേശം. പൈനുംമൂ ട്ടിൽ പഞ്ചായത്തിന്റെ ഏഴരസെന്റ് വസ്തു വിൽ ഒരു ചെറിയ പ്രഭാതമാർക്കറ്റ് പ്രവർത്തി ക്കുന്നുണ്ട് ഈ ചന്തകളിലെല്ലാം ജനങ്ങളുടെ ദൈനംദിന ജീവിതത്തിനാവശ്യമായ സാധന ങ്ങളുടെ വിപണനം നടക്കുന്നുണ്ട്. എന്നാൽപഞ്ചായത്തിൽ നിന്നോ അല്ലാ തെയോ ഇവിടെ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല.

## നിർദ്ദേശങ്ങൾ

- ❒ പബ്ലിക്ക് മാർക്കറ്റ് ലേലം ചെയ്ത് കൊടു ക്കുമ്പോൾ വ്യക്തവും കർക്കശവുമായ നിബന്ധനകൾക്ക് വിധേയമായി മാത്രം ലേലം ഉറപ്പിക്കുക.
- ❒ ഗേറ്റ് ഫീസിന്റെ വിശദമായ പട്ടിക പ്രദർശി പ്പിക്കുക
- ❒ കാർഷികോല്പന്നങ്ങൾ വിപണനത്തി നായി മാർക്കറ്റിലേക്ക് കൊണ്ടുവരുന്ന കർഷകരെ ചൂഷണം ചെയ്യുന്ന നടപടി ഒഴി വാക്കുക.
- ❒ പബ്ലിക്ക്മാർക്കറ്റിലെ ഇന്നുള്ള അസൗകര്യ ങ്ങൾ ഒഴവാക്കുകയും ചന്തയ്ക്കകത്തെ സ്ഥിരതാമസം ഒഴിവാക്കുകയും ചെയ്യുക.
- ❒ മാർക്കറ്റിന്റെ ചുറ്റുമതിലുകൾ ബലപ്പെടുത്തു കയും ഉപയോഗശൂന്യമായി നില്ക്കുന്ന വാട്ടർ ടാങ്ക് പൊളിച്ചുമാറ്റുകയും ചെയ്യുക
- ❒ ചെറുകിട പച്ചക്കറി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ പ്രത്യേകമായി സ്ഥലം സജ്ജീകരിച്ച് നല്കുക.
- ❒ മത്സ്യ-മാംസ്യാദികൾ വിപണനം ചെയ്യുന്ന

സ്ഥലത്ത് അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ ഒഴുവാക്കി നന്നയി ശുചീകരണം ഏർപ്പാടുചെയ്യുക.

- തുറസ്സായ സ്റ്റാളുകൾ പ്രത്യേകമായി അടച്ചുപൂട്ടുന്നതിനും തുറക്കുന്നതിനുമുള്ള ക്രമീകരിണം ഉണ്ടാക്കുക.
- ആക്കനാട്ടുകരയിൽ പ്രത്യേകമായി വസ്തു കണ്ടെത്തി പഞ്ചായത്തിന്റേതായ പബ്ലിക്ക് മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.
- പൈനുംമൂട്ടിലെ പ്രഭാതമാർക്കറ്റിന് കൂടുതൽ സൗകര്യപ്രദമായ വസ്തുകണ്ടെത്തി വിപുലപ്പെടുത്തുക അവിടെ പഞ്ചായത്തിന്റെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.
- വ്യക്തമായ ഒരു വിപണനശൃംഖല പഞ്ചായത്തിൽ വികസിപ്പിച്ചെടുക്കുന്നതിനേക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതാണ്.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെമുൻപന്തിയിൽ നില്ക്കുന്ന ഈ പപഞ്ചായത്ത്തഴക്കര, വെട്ടിയാർ എന്നീ രണ്ട് വില്ലേജുകൾ ചേർന്നതാണ്.

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിലെ സാമ്പത്തി ക മേഖലയിലെ പ്രധാനഘടകമാണ്. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭവനനിർമ്മാണ രംഗത്ത് കൊൺക്രീറ്റ് സൗധങ്ങളിൽ ഒതുങ്ങിനില്ക്കുന്നു.

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലെങ്കിലും ഈ പഞ്ചായത്ത് പ്രദേശത്ത് കുടിലുകളുടെ എണ്ണം താരതമ്യേന കുറവാണ്.

പഞ്ചായത്തതിൽ ആകെയുള്ള 8538 വീടുകളിൽ 298 ഇരുനില കെട്ടിടങ്ങളും 3549 ടെറസ്സുള്ള കെട്ടിടവും 3704 ഓടിട്ട കെട്ടിടങ്ങളും ബാക്കി 1530 ഓലമേഞ്ഞ വീടുകളുമാണ്.

ഓലമേഞ്ഞ വീടുകളിൽ 540 പട്ടികജാതി വിഭാഗത്തിൽപെട്ടവരും അതിൽ 415 കുടുംബങ്ങൾക്ക് സ്വന്തം പേരിൽ വസ്തുഉള്ളവരുമാണ്. ബാക്കി 422 ദുർബല ജനവിഭാഗത്തിൽപെട്ടവരുമാണ്. ഇതിൽ 132 പേർക്ക് സ്വന്തംപേരിൽ വസ്തുഉള്ളവരാണ്.

വീടുകളുടെ എണ്ണം വാർഡുതിരിച്ച് ചുവടേ ചേർക്കുന്നു.

| നമ്പർ | വാർഡ് കൾ | ആകെ വീട് വർഗ്ഗകുടിൽ | പട്ടികജാതി/ദുർബ്ബലജന വിഭാഗകുടിൽ |
|---|---|---|---|
| 1 തഴക്കര | 754 | 33 | 25 |
| 2 വഴുവാടി | 776 | 45 | 45 |
| 3 കുന്നം | 591 | 33 | 33 |
| 4 കല്ലിമേൽ | 765 | 51 | 40 |
| 5. വെട്ടിയാർ-എ | 701 | 43 | 26 |
| 6. വെട്ടിയാർ-ബി | 695 | 45 | 33 |
| 7. വെട്ടിയാർ-സി | 543 | 42 | 34 |
| 8. വെട്ടിയാർ-ഡി | 492 | 72 | 60 |
| 9. വെട്ടിയാർ-ഇ | 765 | 59 | 50 |
| 10.ഇറവങ്കര | 577 | 30 | 17 |
| 11. അറുനൂറ്റിമംഗലം-എ | 567 | 32 | 22 |
| 12. അറുനൂറ്റിമംഗലം-ബി | 546 | 42 | 27 |
| 13.ആക്കനാട്ടുകര | 766 | 23 | 20 |
| **ആകെ** | **8538** | **540** | **422** |

പി.ഡബ്ല്യൂ.ഡി. റോഡിന് സമീപമായി ട്ടാണ് ലക്ഷങ്ങൾമുടക്കി വലിയ വീടുകൾനിർമ്മിക്കുന്നു എങ്കിലും വയൽനികത്തി കെട്ടിടം പണിയുന്ന അവസ്ഥയും പഞ്ചായത്തിലുണ്ട് കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവണത ഏറിവന്നതാല്ലാതെ കുറയുന്നില്ല.

ഭവനനിർമ്മാണ രംഗ്ത്ത് ഫലപ്രദമായി പ്രവർത്തിക്കുന്ന വായ്പാ ബാങ്കുകളുടെ അഭാവം ഈ പഞ്ചായത്തിനെ സാരമായി ബാധിച്ചിട്ടുണ്ട് . സഹകരണ മേഖലയിലാണെങ്കിലും ഒരു ഭവനനിർമ്മാണ വായ്പ മിതമായ പലിശയ്ക്ക ലഭ്യമാക്കുന്ന ഒരു ബാങ്കിന്റെ ആവശ്യകത ഈ പഞ്ചായത്തിലുണ്ട്.

ഇന്ന് നിലവിലുള്ള ഭവനവായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്ക രീതിയിൽ വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്.

## സ്വീകരിക്കാവുന്ന ചില നിർദ്ദേശങ്ങൾ ചുവടേ ചേർക്കുന്നു.

- നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് പായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
- പലിശനിരക്ക് 10 ശതമാനത്തിൽ താഴെയാക്കി തവണകളുടെ എണ്ണം വർദ്ധിപ്പിച്ച് വായ്പകൾ ലഭ്യമാക്കുക.
- ബ്ലോക്കടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ചു നല്കുക.
- സർക്കാർ ഭവനനിർമ്മാണ ബോർഡുവഴി ദുർബല-ഇടത്തര വിഭാഗക്കാർക്ക് നടപ്പായിക്കൊണ്ടിരിക്കുന്ന ഭവന വായ്പ അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- മൈത്രി ഭവനനിർമ്മാണ പദ്ധതി ഗ്രാമപഞ്ചായത്തുകളെ ഏല്പിക്കുക.
- ജനകീയ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിരപ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതു വഴി നാടിന്റെ പ്രത്യുല്പാദനരംഗങ്ങളിൽ ആത്മാർത്ഥതയോടും ഉത്സാഹത്തോടും സജീവമാക്കാൻ സമസ്ഥ ജനവിഭാഗത്തിനും പ്രേരണ നല്കുമെന്നുള്ളത് വസ്തുതയാണ്.

**കഴിഞ്ഞ ഒരു വർഷം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കുവാൻ കഴിഞ്ഞ വീടുകളുടെ എണ്ണം.**

| പദ്ധതികൾ | ജെ.ആർ.വൈ | ബ്ലോക്കിൽനിന്ന് | പട്ടികജാതി വികസനവകുപ്പ് |
|---|---|---|---|
| വീടുകളുടെ | | 45 | 4 |
| എണ്ണം | 13 | 16 | 6 = 18 |
| | | 9 | 8 |
| ആകെ | | | 101 |

## ചില പ്രായോഗിക നിർദ്ദേശങ്ങൾ

- പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. ഇഞ്ചിനീയർ മുതൽ ലേബർവരെയുള്ളവരെ സംഘത്തിലൂടെ സപ്ലേചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്ക് എത്തിക്കുന്ന ഏജൻസിയായി ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.
- കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽസപ്ലെയിസ് ഇടപെടുക. സിമന്റ്, കമ്പി മുതലായവ ന്യായവിലയ്ക്ക ലഭ്യമാക്കുക.
- നിർമ്മാണചെലവ് 2 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധിഏർപ്പെടുത്തുക.
- സർക്കാർ ലഭ്യമാക്കുന്ന വായ്പകൾ സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
- ഇത്തരം വായ്പകൾക്കുള്ള അപേക്ഷകൾ ഗ്രാമപഞ്ചായത്ത്വഴി വിതരണം ചെയ്യുക.
- സ്റ്റേജ് സർട്ടിഫിക്കറ്റ് നല്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പറന്മാർക്ക് നല്കുക.
- സർക്കാരന്റെ ഭവനനിർമ്മാണ വായ്പ 30000 രൂപയാക്കി ഉയർത്തുക.
- വരുന്ന 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെടത്തക്കവണ്ണം കാര്യക്ഷമമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് സന്നദ്ധസംഘടനകളുടേയും മറ്റും സഹായം ലഭ്യമാക്കി ഇത് പരിഹരിക്കപ്പെടാവുന്നതാണ്.

■

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്രരേഖക്ക് താഴെയുള്ളവരെ ഉദ്ദരിക്കാനുള്ള ദാരിദ്രനിർമാമാജന പദ്ധതികളും മറ്റ് ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര -സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്രനിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായിതിരിക്കാം.

ഈ പദ്ധതികൾക്കു പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർറേഷനും പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തതത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ അർഹപ്പെട്ടവർക്ക് കിട്ടായ്മ ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണ കുറവ്, ആവശ്യത്തിനും സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്ത് പറയേണ്ടത് തന്നെയാണ്.

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക്

ഡവലൂപ്പുമെന്റ് ആഫീസിന് താഴെയുള്ള രണ്ട് വി.ഇ.ഒ സർക്കിളുകൾ വഴിയാണ്.

തഴക്കര പഞ്ചായത്തിൽ ഐ.ആർ.ഡി.പി സർവ്വേപ്രകാരം 122 കുടുംബങ്ങൾ ദാരിദ്രരേഖക്ക് താഴെയാണെന്നാണ് രേഖകൾ സൂചിപ്പിക്കുന്നു. ദാരിദ്രരേഖക്ക് താഴെ ആകെയുണ്ടായിരുന്നു 1656 കുടുംബങ്ങൾക്ക് ലഭ്യമായ വിവിധ ജീവനോപാധികൾ ഉപയോഗപ്പെടുത്തി 1534 കുടുംബങ്ങൾ ദാരിദ്രരേഖക്ക് മുകളിൽ എത്തിയതായിട്ടാണ് രേഖകൾ സൂചിപ്പിക്കുന്നത്.

## ഡി.ഡബ്ല്യൂ.സി.ആർ.എ സഹായം

സ്ത്രീകളുടെയും കുട്ടികളുടെയുംഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ് ഡി.ഡബ്ല്യൂ.സി.ആർ.എ.

ഡി.ഡബ്ല്യൂ.സി.ആർ.എ പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

തഴക്കര ഗ്രാമപഞ്ചായത്തിലെ 4-8 വാർഡുകളിൽ മാത്രമാണ് രണ്ടുയൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ഈ രണ്ടുയൂണിറ്റുകളുടെയും പ്രവർത്തനം തൃപ്തികരമാണ്. 1-ാം വാർഡിൽ റബ്ബിൽ പൊട്ടിച്ച് മെറ്റൽ ആക്കിവില്ക്കുന്ന ഒരു യൂണിറ്റ രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും ഇന്നു പ്രവർത്തിക്കുന്നില്ല.

ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതിയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

ട്രൈസം പരിശീലനം ലഭിച്ചവരുടെ എണ്ണം

| വർഷം | എണ്ണം |
|---|---|
| 1992-93 | 10 |
| 1993-94 | 8 |
| 1994-95 | 12 |
| 1995-96 | 12 |
| **ആകെ** | **40** |

1992 മുതലുള്ള 4 വർഷക്കാലമായി ശരാശരി 10 പേർക്കാണ് തഴക്കര പഞ്ചായത്തിൽ നിന്ന് ട്രൈസം മുഖാന്തരമുള്ള പരിശീലനം ലഭ്യമായിട്ടുള്ളത്. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുന്ന കാര്യത്തിൽ സജീവ ശ്രദ്ധയുണ്ടാകാറില്ല. പരിശീലന കാലയളവിൽ പോലും തുച്ഛമായ സ്റ്റൈപന്റ് മാത്രമാണ് കിട്ടുന്നത്. ഇതുമായി ബന്ധപ്പെട്ട ന്യൂനതകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

## ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീനതൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. മാവേലിക്കര ബ്ലോക്കിൽ നിന്നാണ് ഇതിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. വി.ഇ.ഒ മാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആണ് കഴിഞ്ഞ 4 വർഷങ്ങളിലായി 4 പേരക്ക് മൊത്തതിൽ 40000 രൂപയാണ് ലഭ്യമായിട്ടുള്ളത്. ഒരാൾക്ക് 10000 രൂപയുടെ തൊഴിലുപകരണങ്ങൾ വാങ്ങിക്കൊടുത്തുവെന്നതാണ് ഈ പദ്ധതി.

## സി.ആർ.എസ്.പി. കക്കൂസുകൾ

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ്,നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് സി.ആർ.എസ്.പി. ഓരോ വർഷത്തിലും ചുരുക്കം ആളുകൾക്ക് മാത്രമേ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളു. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും സംഖ്യ വർദ്ധിപ്പിക്കുകയും വേണം. ഈ ആനുകൂല്യം ബ്ലോക്ക് മുഖാന്തിമാണ് നടപ്പാക്കുന്നത്. കഴിഞ്ഞ 3 വർഷങ്ങളായി അനുവദിച്ച സി.ആർ.എസ്.പി കക്കൂസുകളുടെ എണ്ണം

| വാർഡ് | അനുവദിച്ച കക്കൂസുകൾ | പണി പൂർത്തിയാക്കിയത് | പൂർത്തിയാക്കാത്ത കക്കൂസുകൾ |
|---|---|---|---|
| 1 | 13 | 9 | 4 |
| 2 | 12 | 12 | ഇല്ല |
| 3 | 8 | 8 | ഇല്ല |
| 4 | 12 | 10 | 2 |
| 5 | 12 | 9 | 3 |
| 6 | 12 | 12 | ഇല്ല |
| 7 | 12 | 10 | 2 |
| 8 | 13 | 13 | ഇല്ല |
| 9 | 13 | 13 | ഇല്ല |
| 10 | 16 | 16 | ഇല്ല |
| 11 | 16 | 14 | 2 |
| 12 | 17 | 15 | 2 |
| 13 | 16 | 13 | 3 |

ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾ സ്വന്തമായി പണം കണ്ടെത്തി കക്കൂസുകൾ നിർമ്മിച്ച് വി.ഇ.ഒയെ ബോദ്ധ്യപ്പെടുത്തിയെങ്കിൽമാത്രമേ അതിനായി അനുവദിച്ച തുക കൊടുക്കൂ എന്നത് ചുരുക്കം ചില ആളുകൾക്കെങ്കിലും ഇതിന്റെ പണികൾ പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. അതിന് പരിഹാരം കാണേണ്ടതുണ്ട്

## പഞ്ചായത്തിൽനിന്നുളള ക്ഷേമപ്രവർത്തനങ്ങൾ.

പഞ്ചായത്തിൽ നിന്നുള്ള ക്ഷേമപ്രവർത്തനങ്ങൾ എന്ന നിലയിൽ പുരകെട്ടിമേയുവാനും സാമ്പത്തികമായി തീരെ പിന്നോക്കം നില്കുന്ന കുടുംബങ്ങളിൽ നിന്ന് സ്കൂളിൽ പഠിക്കുന്ന കുട്ടികളിൽ ഒമ്പതാംക്ലാസ്സിൽനിന്നും ജയിച്ച് പത്താംക്ലാസ്സിലേക്ക് കയറ്റം കിട്ടിയ കുട്ടികൾക്ക് പഠന സഹായം നല്കുവാനും ദുർബല പട്ടികജാതി കുടുംബങ്ങൾക്ക് കക്കൂസുകൾ നിർമ്മിച്ച് കൊടുക്കുക. തുടങ്ങിയ ആനുകൂല്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിന്ന് ലഭ്യമായിക്കൊണ്ടിരിക്കുകയാണ്.

**വിവിധ ആനുകൂല്യങ്ങൾ ലഭിച്ച കുടുംബങ്ങളുടെ വിശദ വിവരം.**

| വർഷം | പുരകെട്ടിമേയുന്നതിനുള്ള സഹായം | കക്കൂസുകൾലഭിച്ച് കുടുംബങ്ങൾ | വിദ്യാഭ്യാസാനുകൂല്യം ലഭിച്ച കുട്ടികൾ |
|---|---|---|---|
| 1996–96 | 180 | 144 | 160 |

**ചെലവഴിച്ച ആകെ തുക**

| ഇനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| പുരകെട്ടിമേയുന്നതിനുള്ള സഹായം | 36000 |
| കക്കൂസുകൾ നിർമ്മിച്ച് നല്കിയത് | 319000 |
| പഠനസഹായം | 32000 |
| **ആകെ** | **3,87,000** |

## മറ്റ്ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമരംഗ്ത്ത് റവന്യൂവകുപ്പ് കാര്യമായി പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങലുമാണ് പഞ്ചായത്ത് ലഭ്യമാക്കുന്നത്. വാർദ്ധക്യകാല പെൻഷൻ വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയാണ് ഇതിൽ പ്രധാനം. ഇതിൽ വാർദ്ധക്യകാല പെൻഷനും വിധവാ പെൻഷനും ഇന്ന് പഞ്ചായത്ത് കൾ വഴിയാണ് വിതരണം ചെയ്യുന്നത്. മറ്റ ചില ആനുകൂല്യങ്ങൽ കൂടി നടപ്പിലാക്കിവരുന്നു,. ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകളുടെ ആദ്യപ്രസവത്തിന് 300 രൂപയും രണ്ടാമത്തെ പ്രസവത്തിന് 200 രൂപയും ധനസഹായമായി നല്കുന്നു. സാധാരണ മരണത്തിന് 5000 രൂപയും കൂടാതെ അപകടമരണം സംഭവിക്കുന്ന ആളുകളുടെ ആശ്രിതർക്ക് 10000 രൂപ ധനസഹായമായി നല്കുന്ന പദ്ധതിയും ഉണ്ട്.

എല്ലാ പദ്ധതികളും നടപ്പിലാക്കുമ്പോഴും അർഹരായ മുഴുവൻ പേർക്കും ഈ സഹായങ്ങൾ കിട്ടുന്നില്ല എന്ന്താണ് യാഥാർത്യം നിത്യവൃത്തിയ്ക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നല്കുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നുള്ളതും വലിയ പ്രശ്നംതന്നെയായി അവശേഷിക്കുന്നു. ഈ ആനുകൂല്യങ്ങളുടെ തവണകൾ മുടങ്ങുന്നതു സംബന്ധിച്ചും ആർഹതയുണ്ടായിട്ടും ലഭ്യമാകാത്തതു സംബന്ധിച്ചും 13ഗ്രാമസഭകളിലും രൂക്ഷമായ വിമർശ

നവും ചർച്ചയും ഉണ്ടായിട്ടുണ്ട്. മേൽ വിവരിച്ച പദ്ധതികൾ ഗ്രാമപഞ്ചായത്തിന് പൂർണ്ണ അളവിൽ കൈമാറേണ്ടതും ആവശ്യമുള്ള ഫണ്ട് ലഭ്യമാക്കുകയും ചെയ്യേണ്ടുന്നതാണ്.

തഴക്കര ഗ്രാമപഞ്ചായത്ത് നിന്നും ഇപ്പോൾ 42 കുടിപ്പള്ളിക്കൂട ആശാന്മാർക്ക് പ്രതിമാസം 100 രൂപാ ക്രമത്തിൽ ഗ്രാന്റ് നല്കുന്നുണ്ട്. ഇതിൽ മുഴുവൻപേരും പൂർണ്ണമായും അർഹതയാണെന്നുള്ള അഭിപ്രായമില്ല. മുമ്പ് താലൂക്ക് പഞ്ചായത്ത് ആഫീസിൽനിന്നും നടത്തിയിട്ടുള്ള അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ 42 പേർക്കും ഗ്രാന്റ് തുകനല്കുന്നത്.

## കർഷകത്തൊഴിലാളി പെൻഷൻ

സാമൂഹ്യക്ഷേപ്രവർത്തനത്തിന്റെ ഭാഗമായി കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി നടപ്പിലാക്കി. അർഹരായ ധാരാളം പേർക്ക് പെൻഷൻ കിട്ടുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ നിലവിലുള്ള ഏറ്റവും വലിയ കുഴപ്പം. അപേക്ഷിച്ചാൽ വരിഷങ്ങൾക്കു ശേഷമാണ് വില്ലേജാഫീസിൽനിന്ന് ജില്ലാ ലേബർ ആഫീസിലേക്ക് അയയ്ക്കുന്നത്. അവിടെ നിന്നും വർഷങ്ങൾക്ക് ശേഷം ഒരു കാർഡ് കിട്ടുന്നു. ഒന്നുകിൽ യഥാർത്ഥ കർഷകത്തൊഴിലാളിയല്ല. അല്ലെങ്കിൽ കുടുംബവരുമാനം വളരെ കൂടുതലാണ് എന്നുകാണിച്ച് അപേക്ഷ നിരസിക്കുന്നു എന്ന അറിയിപ്പാണ് കിട്ടുന്നത്. മഹത്തായ ഈ പദ്ധതിയുടെ ഉന്നതമായ ലക്ഷ്യം അതിന്റെ മതിപ്പ് കുറയ്ക്കുവാനേ ഇത് ഉപകരിക്കൂ. ഈ പദ്ധതിയും പൂർണ്ണമായി ഗ്രാമപഞ്ചായത്തിനെ ഏല്പിക്കണം. തൊഴിലില്ലായ്മാ വേതനം. നമ്മുടെ പഞ്ചായത്താിലും അനർഹമായി തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നവരുടെ കണക്ക് വളരെ കൂടുതലാണെന്ന് കണക്കുകൾ കാണിക്കുന്നു. എന്തായാലും ഈ ആനുകൂല്യത്തിന്റേയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരവും ഗ്രാമപഞ്ചായത്താുകളെ ഏല്പിക്കുന്നതാണ് നല്ലത്.

തഴക്കര ഗ്രാമപഞ്ചായത്താിൽ വിവധ ക്ഷമാനുകൂല്യങ്ങൽ ലഭിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വാർദ്ധക്യകാല പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | പ്രസവാനുകൂല്യം ധനസഹായം | അപകടമരണ ധനസഹായം | അവശകലാകാരന്മാരുള്ള പെൻഷൻ | ക്ഷേത്ര[illegible] പെൻഷൻ | കർഷകത്തൊഴിലാളി | തൊഴിലില്ലായ്മാ വേതനം | വർഷങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 68 | 42 | 17 | – | – | 3 | 5 | – | . – | 1995 |
| 143 | 75 | 23 | 65 | 4 | 8 | 5 | | | 1996 |

## അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന അംഗൻവാടികൽ നമ്മുടെ പഞ്ചായത്തിൽ 13 വാർഡുകളിലായി 11 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഒരു വാർഡിൽ 2 കേന്ദ്രങ്ങൾ എന്ന തരത്തിൽ പ്രവർത്തിക്കുന്നതിന് സാമൂഹ്യക്ഷേമവകുപ്പിന്റെ അനുവാദം കിട്ടിയിട്ട് 2 വർഷം കഴിഞ്ഞിരിക്കുന്നു എന്നിട്ടും അനു

യോജ്യമായ സ്ഥലസൗകര്യങ്ങൾ കണ്ടെത്തുവാൻ കഴിയാതിരിക്കുകയാണ്. 3 സെൻർ പുറമ്പോക്ക് വസ്തുവോ, സൗജന്യമായി വിട്ടുകിട്ടുന്ന വസ്തുവോ ലഭ്യമായാൽ അവിടെ അംഗൻവാടി കേന്ദ്രം പണിയുവാൻ സാമൂഹ്യ വകുപ്പ് തയ്യാറാണ്. ഇപ്പോൾ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ 7 എണ്ണവും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

ആയിരം ജനസംഖ്യയ്ക്ക് ഒരു അംഗൻവാടിയെന്നതാണ് ഐ.സി.ഡി.എസിന്റെ ലക്ഷ്യമെങ്കിലും ഇത് നമ്മുടെ പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ല. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ ദോഷകരമായ പിടിയിൽ നിന്ന് നമ്മുടെ ഇളം തലമുറയെ രക്ഷിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കാൻ അംഗൻവാടികൾക്ക് കഴിയും. കുട്ടികളുടെയും അവരുടെ അമ്മമാരുടെയും ഒരു പരിധിവരെയുള്ള ആരോഗ്യസംരക്ഷണവും കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം സാധ്യമാക്കുന്ന അംഗൻവാടികൾ സ്ഥാപിക്കുന്ന കാര്യത്തിൽ നമ്മൾക്ക് ഇനിയും ബഹുദൂരം പോകേണ്ടതുണ്ട്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് അംഗൻവാടികളിൽ ഉള്ളത്. പ്രയാസം സഹിച്ചും നാടിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാമ്. ഈ അവസ്ഥയും പരിഹാരം കാണേണ്ടിയിരിക്കുന്നു.

### റേഷൻഷാപ്പ്
### (പൊതു വിതരണകേന്ദ്രം)

1996ലെ റേഷനിംഗ് ആക്ട് പ്രകാരമുള്ള റേഷൻഷാപ്പ് ഇന്ന് പൊതുവേ വിതരണകേന്ദ്രം എന്നപേരിലാണ് അറിയപ്പെടുന്നത്. റേഷൻഷാപ്പുകൾ വഴിയുള്ള പൊതു വിതരണത്തെ സംബന്ധിച്ച് ഒട്ടനവധി പരാതികൾ കാർഡ് ഉടമകൾക്കും അതുപോലെ ഷാപ്പ് ഉടമകൾക്കും ഉണ്ട്.

പഞ്ചായത്തുകളിലെ റേഷൻ കടകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്തുകൾ ഏറ്റെടുത്ത് ഈ പരാതികൾക്ക് പരിഹാരം കാണേണ്ടതാണ്.

റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൽ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ശ്രമിക്കുന്നത് നല്ലതാണ്.

## നിർദ്ദേശങ്ങൾ

ക്ഷേമാനുകൂല്യങ്ങൾ സംബന്ധിച്ചുള്ള മുഴുവൻ പ്രവർത്തനങ്ങളും പൂർണ്ണമായി പഞ്ചായത്തിനെ ഏല്പിക്കുക

- ❖ വാർദ്ധക്യകാല പെൻഷൻ
- ❖ വിധവാ പെൻഷൻ
- ❖ വികലാംഗപെൻഷൻ
- ❖ കർഷകതൊഴിലാളി പെൻഷൻ
- ❖ തൊഴിലില്ലായ്മാ വേതനം
- ❖ പ്രസവാനുകൂല്യം
- ❖ അപകടമരണധനസഹായം
- ❖ ക്ഷയരോഗപെൻഷൻ
- ❖ ക്യാൻസർ രോഗപെൻഷൻ
- ❖ അവശകലാകാരന്മാർക്കുള്ള പെൻഷൻ

ഇവയുടെയെല്ലാം അപേക്ഷകൾ സ്വീകരിക്കുവാനും പരിശോധിക്കുവാനും അർഹരായവരെ തെരഞ്ഞെടുക്കുവാനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാനും പഞ്ചായത്തുകളെ ഏല്പിക്കാവുന്നതാണ് ഏറ്റവും നല്ലത്

13 വാർഡുകളുലും അംഗൻവാടി കളുടെ പ്രവർത്തനം ആരംഭിക്കണം. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. ഇന്നുള്ള അംഗൻവാടികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

- അംഗൻവാടികളിലെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.
- ശുചിത്വ പരിപാലനത്തിന്റെ ഭാഗമായി മുഴുവൻ അംഗൻവാടികളിലും പാഴ് വസ്തുക്കളും മലിനവസ്തുക്കളുംനീക്കം ചെയ്യാൻ സംവിധാനമുണ്ടാക്കുക.
- അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയുംസേവന-വേതന വ്യവസ്ഥകൽ ഉയർത്തുകയും ചെയ്യുക
- അംഗൻവാടികളിലെ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.
- പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ നാളിതുവരെയായി ഒരു റേഷൻകടയില്ലാത്ത സ്ഥിതിയുണ്ട്. അതിന് അടിയന്തിരമായി പരിഹാരം കാണണം.
- റേഷൻ കടകളിൽ നിന്ന് വിതരണം ചെയ്യുന്ന അരിയും മറ്റ് സാധനങ്ങളും വാങ്ങി ഉപയോഗിക്കുന്നതിനാവശ്യമായ ബോധവല്ക്കരണം ഉണ്ടാകണം
- റേഷൻ കടകളിൽക്കൂടി ഏറ്റവും നല്ല ക്വാളിറ്റിയുള്ള സാധനങ്ങൾ വിതരണം ചെയ്യുക.
- ലക്ഷംവീട് കോളനിയിലും പട്ടികജാതി സങ്കേതങ്ങളിലും ടി.വി. സ്ഥാപിക്കുക
- ലക്ഷംവീടുകോളനികളിലെയും പട്ടികജാതി സങ്കേതങ്ങളിലും പ്രാഥമിക സൗകര്യങ്ങൾ പൂർണ്ണ അളവിൽ ഏർപ്പെടുത്തുക. കൂടാതെ കോളനികളിൽ കമ്യൂണിറ്റി ഹാളുകൾ നിർമ്മിക്കുക.
- ലക്ഷംവീട് കോളനികളോടുചേർന്ന് പൊതുശ്മശാനം സ്ഥാപിക്കുക.

# സംസ്കാരം

അച്ചൻകോവിലാറിന്റെ ഈ തീരഭൂമിക്ക് ഉത്കൃഷ്ടമായ ഒരു പാരമ്പര്യത്തിന് പൈതൃകം അവകാശപ്പെടാവുന്ന ചരിത്രപശ്ചാത്തലമുണ്ട്. രാജഭരണത്തിന്റെയും ബ്രിട്ടീഷ് സാമ്രാജ്യവാഴ്ചയുടെയും ഫ്യൂഡൽ പ്രഭുവർഗ്ഗ സർവ്വാധിപത്യത്തിന്റേയും രുചി കാലാകാലങ്ങളിൽ അനുഭവിച്ചറിഞ്ഞവരാണ് ഈ നാട്ടിലെ അടിസ്ഥാനവർഗ്ഗം. കാലത്തിന്റെ അനിനിയന്ത്രതമായ പരക്കം പാച്ചിലിൽ ഒരു ഗ്രാമീണജനതയുടെ സാംസ്കാരികാഭിവീക്ഷണത്തെ സമ്പന്നമാക്കിയവരാണ് ഇവിടുത്തെ ബഹുജനങ്ങൾ

വരേണ്യവർഗ്ഗത്തിന്റേയും നാടുവാഴി പ്രഭുക്കന്മാരുടെയും അധിശാധികാരത്തെ ചെറുത്തുനിന്ന പോരാട്ടത്തിന്റെ ചരിത്രം ഉറങ്ങുന്ന കോട്ടമുക്കും, പടിപ്പുരമുക്കും നിരവധി ഐതീഹ്യങ്ങൾ ഇന്നും മാറ്റൊലിക്കൊള്ളുന്ന പൂഞ്ചമൺ മഠവും, കരിമ്പൻകാവും ഈ നാടിന്റെ സാംസ്കാരിക പൈതൃകത്തെ വിളിച്ചറിയിക്കുന്ന പ്രതിഭാഗങ്ങളാണ്.

ഇന്ന് നാം എത്തിനില്ക്കുന്ന ദിശയിൽനിന്ന് തിരിഞ്ഞ് നോക്കുമ്പോൾ വിവിധങ്ങളായ സ്രോതസ്സുകൾ ഈ ഗ്രാമസംസ്കൃതിയുടെ പരിപോഷകങ്ങളായി പരിണമിച്ചത് കണ്ടെത്താനൊക്കും. സാംസ്കാരിക നവോദ്ധാനത്തിന് വീഥിയൊരുക്കുന്ന പ്രസ്ഥാനങ്ങളാണ് ഇന്നാട്ടിലെ അമേച്വർ കലാ,സമിതികളും കായികസമിതികളും, വനിതാ സംഘടനകളും. നിരവധി അമേച്വർ കലാസമിതികൾ ജന്മംകൊള്ളുകയും അകാലമൃത്യുവരിക്കുകയും ചെയ്ത ഊഷരഭൂമിയാണി ഗ്രാമം. ഇന്നും 23 കലാകായിക സമിതികൾ ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. അതിൽ എടുത്തു പറയാവുന്ന തഴക്കര അജന്താ ആർട്സ്ക്ളബ്ബും, വഴുവാടിയിലെ ഒ.എസ്.ഇ.എ.യും സോഷ്യൽ സർവ്വീസ് ക്ലബ്ബും, കുന്നത്തെ പ്രതിഭാ ആർട്സ് ക്ലബ്ബും, ഇറവങ്കരയിലെ ലിബർട്ടി ആർട്സ് ക്ലബ്ബും വെട്ടിയാർ നാടകരംഗവും എല്ലാം പഴയ കാലത്ത് ഉണ്ടായിരുന്ന ചില സാംസ്കാരിക പ്രസ്ഥാനങ്ങളാണ്. ഇതിൽ ഒരു അമേച്വർ നാടകസംഘം അവതരിപ്പിച്ച "നമ്മൾ ഒന്നാണ്" എന്ന നാടകം ആ കാലത്തെ സാമൂഹ്യ അസമത്വങ്ങൾക്കെതിരെ ശ്ക്തമായ ഒരു താക്കീതായിരുന്നു. കൂടാതെ ശ്രീ. കല്ലുമല കരുണാകരനും ശ്രീ. എം.എൻ ഇറവങ്കരയും ശ്രീ കൃഷ്ണനനുണ്ണിത്താനും എല്ലാം ചേർന്ന് അവതരിപ്പിച്ച കുറെ നാടകങ്ങൾ സാസ്കാരിക നവോദ്ധന ആശയത്തിന്റെ പ്രചരണ മാധ്യമങ്ങളായിരുന്നു. ശ്രീ.വെട്ടിയാർ പി.കെയുടെ കഥാപ്രസംഗ പരിപാടിയും ശ്രീ. വെട്ടിയാർ പ്രേംനാഥിന്റെ നാടൻ കലാപ്രസ്ഥാനവും എല്ലാം നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക നവോഥാനത്തിന്റം മാർഗ്ഗദർശികളായിരുന്നു. ദേശാന്തരങ്ങളിൽ അറിയപ്പെട്ട ശ്രീ. പാറപ്പുറത്തിന്റെ സാഹിത്യസൃഷ്ടികൾ ഈ നാട്ടുംപുറത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിന്റെ തെളിവുകളാണ്.

ഈ ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്നത് ഹിന്ദുക്കളാണ്. ക്രിസ്തുമതത്തിൽപെട്ടവരും കുറവല്ല. മുസ്ലീംമത വിശ്വാസികളും ഒരു നല്ല ശതമാനമുണ്ട്. എന്നാൽ സ്വാതന്ത്രലബ്ദിക്കുമുമ്പോ അതിനുശേഷമോ എടുത്തുപറയാവുന്ന ഏതെങ്കിലും മതപരമായ സംഘട്ടനങ്ങളോ വിദ്വേഷാധിഷ്ഠിതമായ സംഘട്ടനോങ്ങളോ ഉണ്ടായിട്ടില്ലായെന്നു

തന്നെ. ഈ പഞ്ചായത്തു പ്രദേശത്തിന്റെ സാംസ്കാരിക നിലവാരത്തിന്റെ ഉത്തമോദാഹരണമാണ്.

## കായികരംഗം

കായികരംഗത്തിന്റെ നിർണ്ണായകമായ ഒരു സ്ഥാനം അവകാശപ്പെടാൻ നമ്മുടെ പഞ്ചായത്തിന്കഴിയുന്നില്ല. എന്നാൽ യീണിവേഴ്സിറ്റി തലത്തിലും സ്റ്റേറ്റ് തലത്തിലും വരെ ശ്രദ്ധിക്കപ്പെടുവാൻ കഴിഞ്ഞിട്ടുള്ള നിരവധി കായിക താരങ്ങൾ നമ്മൾക്കുണ്ട്. ആരുടേയും പേര് എടുത്ത് പറയുന്നില്ല.

പുതിയ തലമുറയെ കായിക രംഗത്തേക്ക് ആകർഷിക്കുവാൻ കഴിയാത്തതിന്റെ കാരണം വിദ്യാർത്ഥികളിൽ കായികാഭിരിചി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്കൂൾതലത്തിൽനടപ്പിലാക്കുന്നില്ല എന്നതുതന്നെയാണ്. സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ പലതും വേണ്ട രീതിയിൽ വിനിയോഗിക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിയാതെ പോകുന്നു.

പഞ്ചായത്തു തലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുകയും അതിന്റെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ കായികമേളകൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ട് യുവാക്കളിൽ കായികാഭിരുചി വളർത്തിയെടുക്കാൻ കഴിയും. അവധിക്കാല സമയങ്ങളിൽ വിവിധകോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിച്ചും യുവാക്കളിൽ കായികാഭിരുചി വളർത്തിയെടുക്കാൻ കഴിയും. പഞ്ചായത്തുകളിൽ സ്ഥിരമായി കോച്ചിംഗ് സെന്ററുകൾ സംഘടിപ്പിച്ചും ഈ മേഖലയിൽ ശ്രദ്ധേയമായ നേട്ടം ഉണ്ടാക്കുവാൻ കഴിയും. കൂടാതെ ഓരോ വാർഡിലും 50 സെന്റ് വീതമെങ്കിലുമുള്ള ഓരോ മിനിസ്റ്റേഡിയം നിർമ്മിക്കുവാൻ കഴിയുകയും കായികസംഘടനകൾക്ക് അകാവുന്ന സാമ്പത്തികസഹായം അനുവദിച്ച് കൊടുക്കുകയും ചെയ്താൽ കായികരംഗത്ത് നമ്മൾക്ക് വളരെ മുന്നോട്ട് പോകാൻ കഴിയും.

## പ്രശ്നങ്ങൾ

- ഇന്ന്നമ്മുടെ സാംസ്കാരിക മണ്ഡലത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ചുവടെ ചേർക്കുന്നതുപോലെം സംഗ്രഹിക്കാം
- നമ്മുടെ 1,4,7,8,9,10,12,13 വാർഡുകളിൽ പ്രത്യേകമായി ഗ്രന്ഥശാലകളോ വായനശാലകളോ ഇല്ല.
- കലാസാഹിത്യ അഭിരുചിയുള്ള ദരിദ്രവിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേകമായ പ്രോത്സാഹനം കൊടുക്കുവാൻ കഴിയുന്നില്ല. ഇളംതലമുറമുറയുടെ സർഗ്ഗാത്മക ഭാവനകൾ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്തിൽ തനതായ സംവിധാനം ഇല്ല.
- സാക്ഷരതാപ്രവർത്തനം കാര്യക്ഷമമാക്കുവാൻ പ്രത്യേകസംവിധാനം കണ്ടെത്തുവാൻ കഴിഞ്ഞില്ല.
- പ്രാഥമിക വിദ്യാഭ്യാസഘട്ടംമുതൽ തന്നെ കായികരംഗത്ത് അഭിരുചിവളർത്തിയെടുക്കുവാനുള്ള പ്രത്യേക പാഠ്യവിഷയങ്ങൾ ആവിഷ്കരിക്കുവാൻ കഴിയുന്നില്ല. സ്കൂളുകളിൽ പാഠ്യേതര വായനകൾക്ക് വേണ്ടത്ര പ്രോത്സാഹനമില്ല.
- പരിഹാരനിർദ്ദേശങ്ങൾ
- സന്നദ്ധസംഘടനകളുടെ മേൽനോട്ടത്തിൽ വായനശാലകൾ തുടങ്ങുകയും ഈ ഗ്രാമത്തിലെ എല്ലാ ഗ്രന്ഥശാലകൾക്കും 3 വർത്തമാനപത്രമെങ്കിലും അനുവദിക്കുകയും ചെയ്യുക
- ഇന്നുള്ള ഗ്രന്ഥശാലകൾക്ക് വൈദ്യുതിയടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും പുസ്തകങ്ങൾ വാങ്ങിക്കുന്നതിന് പ്രത്യേക സഹായം അനുവദിക്കുകയും ചെയ്യുക.
- മദ്ധ്യവേനൽ അവധിയിൽ കലാസാഹിത്യ

അഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തു ചേരലിനും പരിശീലനക്കളരികൾ സംഘ ടിപ്പിച്ച് പരിശീലനം ലഭ്യമാക്കുന്നതിനും അവസരം ഉണ്ടാക്കുക.

- സാക്ഷരതാപ്രവർത്തനങ്ങൾ പുനഃരുജ്ജീ വിപ്പിക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ സജീ വമാക്കുകയും ചെയ്യുക
- പഞ്ചായത്തിൽ പ്രത്യേക കായിക കോച്ചിംഗ് സെന്റർ ആരംഭിക്കുക.
- ഓരോ വാർഡിലും 50 സെന്റിൽ കുറയാത്ത വിസ്തീർണ്ണത്തിലുള്ള മിനിസ്റ്റേഡിയം നിർമ്മിക്കുക
- പഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസി ലുകൾ സ്ഥാപിക്കുക
- കായിക-കലാപ്രതിഭകൾക്ക് പ്രത്യേക പഠന സഹായങ്ങൾ ഏർപ്പെടുത്തുക.
- കലാകായിക സംഘടനകളെ പ്രത്യേക മായി പ്രോത്സാഹിപ്പിക്കുക. അവയുടെ പ്രവർത്തനത്തിന് പ്രത്യേകമായ ധനസ ഹായം നല്കുക.

സാംസ്കാരിക വളർച്ച നേടുന്നതിലൂടെ സമൂഹത്തിലെ അപചയങ്ങൾക്കെതിരെ ജാഗ രൂകരാകുവാനും പ്രതിരോധനിര പടുത്തു യർത്തി പ്രിതിലോമശക്തികളെ ചെറുത്ത് തോല്പിക്കുവാനും ഇതാണ് നമ്മുടെ ചരിത്ര പരമായ കർത്തവ്യം നിറവേറ്റുവാനും കഴിയ ണം.

# വനിതാരംഗം

സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ രാജ്യത്തെമ്പാടും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങിക്കൂടുകയാണ്. തഴക്കര ഗ്രാമപഞ്ചായത്തിലും സ്ഥിതി വ്യത്യസ്ഥമല്ല.

സാമൂഹ്യപ്രവർത്തനമേഖലകളിൽ പഴയ കാലത്ത് സ്ത്രീപങ്കാളിത്തം വളരെ കുറവായിരുന്നു. ആ കാലഘട്ടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്നു. ഇപ്പോഴത്തെ കണക്കനുസരിച്ച് നമമുടെ പഞ്ചായത്തിൽ 21788 സ്ത്രീകളുണ്ട്. പുരുഷന്മാരേക്കാൾ 1339 പേർ കൂടുതൽ. സ്ത്രീ ജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ കൂടുതൽ സ്ത്രീകൾക്ക് സമൂഹത്തിൽ ഉയർന്നസ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു. 6 വയസ്സിൽ താഴെയുള്ള് ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതലാണ്.

ഈ നൂറ്റാണ്ടന്റം ആദ്യ ദശകത്തിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സൗകര്യ ലഭിച്ചിരുന്നുവെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യ ഇല്ലായിരുന്നു. അതുകൊണ്ട് തന്നെ സ്ത്രീകളുടെ ജോലി അടുക്കള ജോലിയിലൊതുങ്ങി. അതിൽ നിന്നും വ്യത്യസ്ഥമായി നമ്മുടെ പഞ്ചായത്തിൽ ചുരുക്കം ചില സ്ത്രീകളെങ്കിലും ദേശീയ പ്രസ്ഥനത്തിന്റെ കാലംമുതലേ പൊതു രംഗത്തും അതുപോലെ അധ്യാപകരംഗത്തും പ്രവർത്തിച്ചിരുന്നതായി സുചിപ്പിക്കുന്നു. അത്തരം വനിതകളിൽ പ്രധാനികളായിരുന്നു ശ്രീമതി. അമ്പാടിയിൽ ജാനകിയമ്മ, ശ്രീമതി. കമലാക്ഷിയമ്മ, തഴക്കര പോത്തന്നൂർ വീട്ടിൽ ശ്രീമതി. ചെല്ലമ്മസാറും മറ്റും.

ഇന്നും ഉന്നത് വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്ക് കുറവാണെങ്കിലും അദ്ധ്യാപകരംഗത്ത് പുരുഷന്മാരേക്കാൾ മുൻപന്തിയിലാണ് സ്ത്രീകൾ.

സ്ത്രീകളുടെ പ്രത്യേകമായ സമാജങ്ങൾ നമ്മുടെ പഞ്ചായത്തിലും രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

## മഹിളാ സമാജങ്ങൾ

| വാർഡ് | പേര് | സ്ഥലം |
|---|---|---|
| 1 | തഴക്കര ഗ്രാമീണ മഹിളാസമാജം | തഴക്കര |
| 2 | ഇല്ല | – |
| 3 | ഇല്ല | – |
| 4. | കല്ലിമേൽ മഹിളാ സമാജം | കല്ലിമേൽ |
| 5 | ഇല്ല | – |
| 6 | വെട്ടിയാർ മഹിളാസമാജം | വെട്ടിയാർ |
| 7 | രാമനല്ലൂർ മഹിളാസമാജം | വെട്ടിയാർ |
| 8 | ഉദയാ മഹിളാസമാജം | വെട്ടിയാർ |
| 9 | 3 മഹിളാസമാജങ്ങൾ | മാങ്കാംകുഴി |
| | | അറുനൂറ്റിമംഗലം |
| | | പാറക്കുളങ്ങര |
| 10 | കസ്തൂർബാ മഹിളാസമാജം | ഇറവങ്കര |
| 11 | അറുനൂറ്റിമംഗലം മഹിളാസമാജം | അറുനൂറ്റിമംഗലം |
| 12 | ഇല്ല | – |
| 13 | ഇല്ല | – |

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു

| തൊഴിൽമേഖല | സ്ത്രീകളുടെ എണ്ണം |
|---|---|
| കർഷകർ | 107 |
| ആതുരസേവനം | 117 |
| കർഷകതൊഴിലാളി | 2033 |
| മൃഗസംരക്ഷണം | 87 |
| ചെറികിടവ്യവസായം | 526 |
| കെട്ടിടനിർമ്മാണം | 143 |
| വ്യാപാരം | 69 |
| അദ്ധ്യാപകർ | 151 |
| മറ്റുള്ളവർ | 426 |

ഓരോ മേഖലയിലും ഇന്നുള്ള സാധ്യതകളുമായി തട്ടിച്ചുനോക്കുമ്പോൾ വിവിധ തൊഴിൽ മേഖലകളിൽ ഇന്നത്തെ പങ്കാളിത്തം എത്രയോകുറവാണെന്ന് ബോദ്ധ്യപ്പെടുവാൻ കഴിയും. ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ പ്രത്യേകിച്ച് കോഴിവളർത്തൽ, ആടുവളർത്തൽ, അടുക്കളത്തോട്ടം, എംബ്രായിഡറി, റെഡിമെയ്ഡ്, പ്ലാസ്റ്റിക് ഉപകരണങ്ങൾ, മെഴുകുതിരി നിർമ്മാണം, കമ്പോസിംഗ് തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ കേന്ദ്രീകരണം ഉണ്ടാകുന്നതിൽ ബോധപൂർവ്വമായ ഒരു പരിശ്രമം ഉണ്ടായാൽ തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും തൊഴിലില്ലായ്മയ്ക്കും ഒരു പരിധിവരെ പരിഹാരം കാണാനും കഴിയും.

തഴക്കരയിൽ വനിതകളുടെ ഒരുസഹകരണബാങ്ക് പ്രവർത്തിക്കുന്നുണ്ട്. ശ്രീമതി.എസ്. പങ്കിയമ്മയാണ് അതിന്റെ പ്രസിഡന്റ്. സഹകരണമേഖലയിലും മുന്നിട്ടിറങ്ങി പ്രവർത്തിക്കുവാൻ നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞിട്ടുണ്ട്, എന്നതിന്റെ സൂചനയാണ്. മാത്രമല്ല ദേശീയ സമ്പാദ്യ പദ്ധതികളുടെ ഏജന്റന്മാരായി പ്രവർത്തിച്ച് കുടുംബജീവിതം പുലർത്തുന്ന സ്ത്രീകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഡി.ഡബ്ല്യു.സി.ആർ.എ യുടെ യൂണിറ്റുകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഡന്റ് 463 റേഷൻ കാർഡുകളിൽ കുടുംബനാഥകൾ സ്ത്രീകളാണ്.മാത്രമല്ല ഇന്ന് ഉന്നത വിദ്യാഭ്യാസരംഗത്തും തഴക്കര പഞ്ചായത്തിലെ സ്ത്രീകൾ വളരെ മുന്നിലാണ്. അതുമായി ബന്ധപ്പെട്ട് ചിലവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മേഖല | എണ്ണം |
|---|---|
| അലോപ്പതി ഡോക്ടർമാർ | 7 |
| ആയുർവ്വദ ഡോക്ടർമാർ | 4 |
| ഹോമിയോ ഡോക്ടർമാർ | 6 |
| വെറ്റിനറി ഡോക്ടർമാർ | 2 |
| എൻജിനീയറന്മാർ | 2 |

സാങ്കേതികരംഗത്ത് പുരുഷന്മാരോടൊപ്പം എണ്ണത്തിൽ തുല്യതയില്ലെങ്കിലും അത്തരം മേഖലകളിലേക്കും എത്തിച്ചേരുവാൻ തഴക്കര പഞ്ചായത്തിലെ സ്ത്രീകൾക്ക് കഴിഞ്ഞു. എന്നത് ഏറെ സന്തോഷത്തിന് വകനല്കുന്ന യാഥാർത്ഥ്യമാണ്.

കഴിഞ്ഞ ഒരു കാലയളവിലെ സാക്ഷരതാപ്രവർത്തനങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകളാണ് താല്പര്യം കാണിച്ച് ആത്മാർത്ഥതയോടെ പ്രവർത്തിച്ചത്. നമ്മുടെ സാമൂഹ്യവളർച്ചയിൽ സ്ത്രീകളുടെ ത്ലാപര്യത്തിന്റെ സൂചകമാണ് ഈ പ്രവർത്തനം

## പ്രശ്നങ്ങൾ

സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമായ ഒരു പ്രശ്നംതന്നെയാണ്. ഉള്ളതൊഴിൽ മേഖലയിൽ തന്നെ കൂലിനിരക്കിലുള്ള വിവേചനം നമ്മളെ അമ്പരപ്പിക്കുന്നതാണ്.

| തൊഴിൽമേഖല | സ്ത്രീകളുടെ കൂലി | പുരു: കൂലി |
|---|---|---|
| കർഷകതൊഴിലാളി | 45 | 100–110 |
| നിർമ്മാണതൊഴിലാളി | 75 | 100–125 |
| ചെറുകിട വ്യവസായം | 15–20 | 75–100 |

സ്ത്രീകൾമാത്രം തൊഴിലെടുക്കുന്ന മേഖലയിൽ കൂലി വളരെ കുറവാണ്.

അവകാശങ്ങൾ തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്ത് കൊണ്ടാണത്ര ഏതു രംഗത്തും ജനവിഭാഗങ്ങൾ നേട്ടമുണ്ടാക്കിയത്. സ്ത്രീകൾ ഈ മാർഗ്ഗം തന്നെയാണ് വിമോചനത്തിനുള്ളമാർഗ്ഗം എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.

## സാധ്യതകൾ

സാമൂഹ്യരംഗത്തും പൊതു രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ അവർക്കായി പ്രത്യേക നേതൃത്വപരിശീനനപരിപാടികൾ സംഘടിപ്പിക്കണം. കഴിയുന്നത്ര സ്ത്രീകളെ നേതൃനിരയിലേക്ക് കൊണ്ടുവരാൻ ഓരോ രാഷ്ട്രീയ സാംസ്കാരിക, സാമൂഹ്യ സംഘടനകളും ശ്രദ്ധിക്കണം. പൊതു പ്രവർത്തനത്തിൽ മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയ്ക്കായി പങ്കുവയ്ക്കുകയും അങ്ങനെ അവരിൽ ആത്മവിശ്വാസം ഉണർത്തുകയും വേണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും സ്ത്രീകളുടെ സ്വയം പ്രവർത്തനത്തിന് സഹായകരമായ പരിപാടികൾ ആവിഷ്കരിക്കണം. പഞ്ചായത്തുകൾ തോറും വനിതാക്ഷേമസമിതികൾ രൂപീകരിക്കണം. ഇത്തരം പ്രവർത്തനത്തിലൂടെ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ കഴയും.

## നിർദ്ദേശങ്ങൾ

- ഉത്പാദനപരമായ സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്ക് ഇടയിൽ സംഘടിപ്പിക്കുകയും പരമാവധി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് അവസാമുണ്ടാക്കിക്കൊടുക്കുകയും ചെയ്യുക.
- വിഭവലഭ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
- തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക
- തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക
- തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുകയും അതിലൂടെ സ്ത്രീ-പുരഷ വിവേചനം അവസാനിപ്പിക്കുകയും ചെയ്യുക.
- വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗപെൻഷൻ, പ്രസവാനുകൂല്യങ്ങൾ, മറ്റ് അഗതി പെൻഷനുകൾ ഇവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
- അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും പിടിയിൽനിന്ന് സ്ത്രീകളെ മോചിപ്പിക്കുവാൻ പ്രാപ്തമായ ബോധവല്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
- വനിതാ സംരക്ഷണ സമിതി-പഞ്ചായത്തു തലത്തിൽ രൂപീകരിച്ചുകൊണ്ട് സ്ത്രീകളുടെ സർവ്വതോന്മുഖമായ പുരോഗതിയെ കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- സ്കൂളികളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ആവശ്യമായ സഹായം ലഭ്യമാക്കുക.

■

# സഹകരണം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ തഴക്കര പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് ഭാരതത്തിൽ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെ 1920 മേയ് മാസം 17 തിയതി അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് സഹകരണസംഘം എന്നപേരിൽ അറനൂറ്റിമംഗലം കേന്ദ്രമാക്കി ആരംഭിച്ച സഹകരണ പ്രസ്ഥാനമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം . കാലപ്പഴക്കങ്ങളിൽ ഈ സംഘം അറനൂറ്റിമംഗലം സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ 206 എന്ന പേരിൽ അറിയപ്പെടുന്നു, ഇടക്കാലത്ത് ഈ സംഘം പ്രവർത്തനമില്ലാതെ കിടക്കുകയും ഇപ്പോൾ ഈ സഹകരണസംഘത്തെ പുനർജീവിപ്പിച്ച് പഞ്ചായത്താഫീസിനടുത്തുള്ള വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

1923 ഡിസംബർ മാസം 13 തീയതിയാണ്. കുന്നം ഫാർമേഴ്സ് ക്രെഡിറ്റ് സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം കുന്നം കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചത്. ഇന്ന് ഈ സംഘം കുന്നും സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ 559 എന്ന പേരിൽ അറിയപ്പെടുന്നു. 1925 ഏപ്രിൽ മാസം 10 തീയിതി യാണ് അറനൂറ്റിമംഗലം സർവ്വീസ് സഹകരണസംഘം പ്രവർത്തനം ആരംഭിച്ചത്. 1950ലാണ് തഴക്കരയിൽ വില്ലേജ് കൺസ്യൂമർ സഹകരണസംഘം ആരംഭിച്ചത്. ഏതാണ്ട് ഇതേ കാലയളവിലാണ് കല്ലുമല എച്ച്.ഡബ്ല്യു 14 എന്ന് കാർഷിക വികസനസഹകരണസംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. ഇതു കൂടാതെ ഇന്നു നമ്മുടെ പഞ്ചായത്തിൽ ക്ഷീരോല്പാദക സഹകരണസംഘവും , ഒരു വനിതാ സഹകരണബാങ്കും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ 13 വാർഡിലും നെല്ലുല്പാദനസഹകരണ സംഘം എന്നപേരിൽ 13 സംഘം രജിസ്റ്റർ ചെയ്തിരുന്നുലവെങ്കിലും ഇന്ന് ഒരെണ്ണംപോലും പ്രവർത്തമക്ഷമമല്ല. പഞ്ചായത്ത് കേന്ദ്രീകരിച്ച് കൃഷിഭവനുമായി ബന്ധപ്പെട്ട് കേരളകർഷകസമിതി എന്ന പേരിൽ ഒരു സഹകരണസംഘം രജിസ്റ്റർചെയ്ത് പ്രവർത്തിക്കന്നുണ്ട്. ഇതിന്റെ പ്രവർത്തനവും കാര്യക്ഷമമല്ല. ഏതാനും വർഷങ്ങൾക്കു മുമ്പ് പഞ്ചായത്ത് കേന്ദ്രീകരിച്ച് സെറികൾച്ചർ സർവ്വീസ് സഹകരണസംഘം രജിസ്റ്റർചെയ്ത് പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലുംഇന്ന് ആ സംഘവും പൂർണ്ണമായി ഇല്ലാതായിരിക്കുന്നു. പഞ്ചായത്തിലെ 3 ഹൈസ്കൂളികളിൽ 3 സ്കൂൾ സഹകരണസംഘവും ബിഷപ്പ്മൂർ കോളേജിൽ ഒരു കോളേജ് സഹകരണസംഘവും പ്രവർത്തിക്കുന്നു. കഴിഞ്ഞ 2 വർഷം മുമ്പ് കൊച്ചാലുംമൂട് കേന്ദ്രമാക്കി ഒരു ഹൗസിംഗ് സഹകരണസംഘം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഇന്ന് ആസംഘവും പ്രവർത്തികുന്നില്ല. ഇതെല്ലാം കൂടാതെ കൊല്ലുകടവ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റിൽ ഒരു പട്ടികജാതി

നെയ്ത്തു സഹകരണ സംഘവും ഒരു പട്ടികജാതി അച്ചടി സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ മൊത്തത്തിൽ 32 സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തുവെങ്കിലും 17 സംഘങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത്.15 എണ്ണം പൂർണ്ണമായും പ്രവർത്തിക്കുന്നില്ല.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ.

കാർഷിക മേഖലയിൽ കല്ലുമല സഹകരണസംഘം മാത്രമാണ് ഇന്ന് ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നത്. അറനൂറ്റിമംഗലം നമ്പർ 1184 സഹകരണസംഘവും അറനൂറ്റിമംഗലം നമ്പർ 206 വേണ്ടത്ര വായ്പാവിതരണം ചെയ്യുവാൻ കഴിയാത്ത വണ്ണമുള്ള സാമ്പത്തിക തകർച്ചയിലാണ്. 1972–ൽ സഹകരണ മേഖലയെ ആകെ കളങ്കപ്പടുത്തിക്കൊണ്ട് ജീവനക്കാരും ഭരണസമിതിയും ചേർന്ന് നടത്തിയ സാമ്പത്തിക കുംഭകോണത്തിനുശേഷം കുന്നം സർവ്വീസ് സഹകരണ സംഘവും മരിച്ചു ജീവിക്കുകയായിരുന്നു. എന്നാൽ അടുത്തകാലത്ത് കുന്നം സരവ്വീസ് സഹകരണസംഘവും വായ്പ രംഗത്ത് ഒരു പുനർരംഗപ്രവേശം നടത്തിയിരിക്കുകയാണ്.

ഭരണനേതൃത്വത്തിന്റെ കെടുകാര്യസ്ഥതയും പിടിപ്പുകേടും സാമ്പത്തിക അഴിമതിയും നമ്മുടെ സഹകരണ മേഖലയോട് ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുത്തിയിട്ടുണ്ട. എന്നാൽ സാധാരണക്കാർക്ക് അത്യാവശ്യം ചില വായ്പകൾ വേണ്ടിവരുന്നതുകൊണ്ടുമാത്രമാണ് ഇത്തരം സർവ്വീസ് സഹകരണസംഘങ്ങൾ നിലനിന്നിരുന്നുപോകുന്നത്. ഇതിന്റെ പ്രവർത്തന രീതിയിലും സാമൂഹ്യആവശ്യങ്ങളിലെ ഇടപെടലിലും ശാസ്ത്രീയമായ ഒരു പരിവർത്തനം ഉണ്ടാവേണ്ടതുണ്ട്. സംസ്ഥാമത്തെ അധികാര മാറ്റങ്ങളിൽ ദീർഘവീക്ഷണമില്ലാതെ ആവിഷ്ക്കരിക്കുന്ന നയത്തിന്റെ യും തീരുമാനങ്ങളുടെയും ഫലമായി നമ്മുടെ സഹകരണമേഖല സ്വജനപക്ഷപാതവും അഴിമതിയും നടപ്പാക്കാനുള്ള ഒരു പരസ്യവേദിയായി തരംതാണതിന്റെ ദുഷ്ഫലങ്ങൾ നമ്മുടെ പഞ്ചായത്തിലെ സംഘങ്ങളെയും ബാധിച്ചിട്ടുണ്ട്. ഇതിനെല്ലാം ശാശ്വതമായ പരിഹാരത്തിനുതകുന്ന നിയമനിർമ്മാണങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ എല്ലാം തന്നെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. വഴുവാടി, ഇറവങ്കര, വെട്ടിയാർ എന്നീ ക്ഷീരോല്പാദക സംഘങ്ങൾക്ക് സ്വന്തമായി വസ്തുവോ, കെട്ടിടങ്ങളോ ഇല്ല. അതുനേടുവാൻ ആവശ്യമായ സാമ്പത്തിക ആസ്തി ഒരു പരിധിവരെ നേടുവാൻ ഈ സംഘങ്ങൾക്കും കഴിഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്.

തഴക്കരയിലെ വില്ലേജ് കൺസ്യൂമർ സഹകരണ സംഘം ഇന്ന് പൂർണ്ണമായി പ്രവർത്തനമില്ലാത്ത അവസ്ഥയിലാണ്. ദീർഘവീക്ഷണമില്ലായ്മയും ഭരണത്തിലെ കെട്ടുകാര്യസ്ഥതയുമാണ് ആ സംഘത്തെയും പതനത്തിൽ എത്തിച്ചത്. ഹൗസിംഗ് സൊസൈറ്റി ആരംഭിച്ചുവെങ്കിലും അതിനെ പ്രവർത്തനക്ഷമമാക്കുവാൻ കഴിഞ്ഞില്ല. ഇന്ന് ഈ സംഘം അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലുമാണ്.

## ഇന്നുള്ള പ്രശ്നങ്ങൾ

- ആകെയുള്ള 4 വായ്പാ സഹകരണസംഘത്തിന്റെ കല്ലുമല എച്ച്.ഡബ്ല്യു.14 ഒഴികെ ഒന്നും വായ്പാരംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഈ കാരണത്താൽ കർഷകർക്ക് ബുദ്ധിമുട്ടുകൾ ഏറെയാണ്.
- ആകെയുണ്ടായിരുന്ന ഒരു കൺസ്യൂമർ സഹകരണസംഘവും പ്രവർത്തിക്കുന്നില്ല.
- വിസ്തൃതമായ തഴക്കര പഞ്ചായത്തിൽ ക്ഷീരസംഭരണ വിതരണരംഗത്ത് സംഘങ്ങളുടെ എണ്ണം അപര്യാപ്തമാണ്. ക്ഷീരോല്പാദക കരഷകർ മിക്കവാർഡുകളിലും കൂടുതൽ ബുദ്ധിമുട്ടുന്നു.

- ലേബർ കോൺട്രാക്റ്റ് സംഘങ്ങൾ ഈ പഞ്ചായത്തിലില്ല. ആ തരത്തിൽ ലഭ്യമാക്കാമായിരുന്ന തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു.
- പരമ്പരാഗത കൈത്തൊഴിലുകാരെ ഉൾപ്പെടുത്തി ചെറുകിട വ്യവസായസംഘങ്ങൾ രൂപീകരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടില്ല.
- മിക്ക സംഘങ്ങൾക്കും സ്വന്തമായ കെട്ടിടവും സ്ഥലസൗകര്യങ്ങളുമില്ല.

## പരിഹാര നിർദ്ദേശങ്ങൾ

- ക്രെഡിറ്റ് സംഘങ്ങളിൽ കൂടുതൽ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക. അതിനായുള്ള നടപടികൾ ലഘൂകരിക്കുക.
- കുറഞ്ഞത് 2 വാർഡുകൾക്ക് ഒന്ന് എന്ന തരത്തിൽ കൺസ്യൂമർ സംഘങ്ങൾ സ്ഥാപിക്കുക. അതുവഴി നിത്യോപയോഗ വസ്തുക്കൾ മിതമായ വിലകൾക്ക് ലഭ്യമാക്കുക.
- ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ആവശ്യാനുസരണമായി സ്ഥാപിക്കുക. അതിലൂടെ കന്നുകാലികൃഷിയും തീറ്റപ്പുൽ കൃഷിയും പ്രോത്സാഹിപ്പിക്കുക.
- ചെറുകിട വ്യവസായ സഹകരണസംഘങ്ങൾ കുറഞ്ഞത് ഒരുവാർഡിൽ ഒന്ന് എന്ന രൂപത്തിൽസംഘടിപ്പിക്കുക.
- പഞ്ചായത്തിലെ സാങ്കേതിക വിദ്യാഭ്യാസമുള്ള ചെറുപ്പക്കാരെ കോർത്തിണക്കി ഒരു ലേബർ കോൺട്രക്റ്റ് സൊസൈറ്റി സംഘടിപ്പിക്കുക.
- വിദേശത്തുനിന്നും മടങ്ങി വരുന്നവരെ കോർത്തിണക്കി സഹകരണസംഘങ്ങൾ രൂപീകരിച്ച വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.
- പഞ്ചായത്തിൽ രണ്ടു ഭാഗത്തായി രണ്ടു പട്ടികജാതി സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

തഴക്കര ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ ഏകദേശം 20 ശതമാനം പട്ടികജാതി വിഭാഗമാണ്. 6-ാം വാർഡിൽ 1 കുടുംബം മാത്രമാണ് പട്ടികവർഗ്ഗക്കാരായി ഉള്ളത്. ഈ ജനവിഭാഗത്തിന്റെ പൊതുഅവസ്ഥയ്ക്കും ആവശ്യങ്ങൾക്കും പുരോഗതിക്കും ജീവിത ആവശ്യങ്ങൾക്കും സമാനതയുള്ളതിനാൽ അവരുടെ സാമൂഹ്യ, സാമ്പത്തിക മണ്ഡലങ്ങളിൽ നിലനില്ക്കുന്ന പ്രശ്നങ്ങളും ഏതാണ്ട് ഒരുപോലെയാണ്. ഈ പ്രശ്നങ്ങൾക്ക് സാമൂഹ്യവും സാമ്പത്തികവുമായ പരിഹാരം കാണുകയാണ്, അടിയന്തിര കടമ.

നമ്മുടെ പഞ്ചായത്തിൽ 13 വാർഡുകളാണ് ഉള്ളത്. 13 വാർഡുകളിലായി 4 പട്ടികജാതി തീവ്ര വികസനകേന്ദ്രവും 4 പട്ടികജാതി സെറ്റിൽമെന്റ് കേന്ദ്രങ്ങളും ഉണ്ട്. ഇത്തരം കേന്ദ്രങ്ങളിൽപ്പെടാതെ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾ വേറെയും ഉണ്ട്.

മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് തഴക്കര പഞ്ചായത്തിലെ എല്ലാവാർഡുകളിലും വസ്തുവകകൾ സ്വന്തമായി ഏറെയുണ്ടായിരുന്ന പട്ടികജാതി കുടുംബങ്ങൾ പണ്ടുകാലം മുതലെ താമസിച്ചിരുന്നു വെന്നത് ഒരു പ്രത്യേകതയാണ്. എടുത്തുപറയാവുന്ന നിരവധി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വിദ്യാഭ്യാസപരമായും സാമൂഹ്യമായും സാമ്പത്തികമായും ഔദ്യോഗികമായും വളരെ ഉയർന്നനിലവാരം പുലർത്തുന്ന നിരവധി പട്ടികജാതി വിഭാഗത്തിലുള്ള കുടുംബങ്ങളും നമ്മുടെ പഞ്ചായത്തിൽ ജീവിക്കുന്നുവെന്നത് എടുത്തു പറയേണ്ടുന്ന വസ്തുതയാണ്.

എന്നാൽ പ്രത്യേകമായ സങ്കേതങ്ങളിലും മറ്റ് താമസ്ഥലങ്ങളിലും അടിസ്ഥാനജീവിത ആവശ്യങ്ങൾ ഒട്ടും തന്നെ തൃപ്തികരമല്ലാത്ത സ്ഥിതിയാണ്. പാർപ്പിടം, കുടിവെള്ളം ശുചിത്വം, വൈദ്യുതി പ്രാഥമിക ആവശ്യങ്ങൾക്കുള്ള കക്കൂസ്, കുളിമുറി മുതലായവ അപ്രാപ്യമായ മേഖലകളും ഉണ്ട്. ഈ കാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് വിട്ടുനില്ക്കുന്ന പ്രവണത ചില ചില പ്രദേശങ്ങളിലെങ്കിലും ഉണ്ട്. നമ്മുടെ ആസൂത്രണ പ്രക്രിയയിൽ വൈദഗ്ദ്ധ്യവും അർപ്പണ ബോധവും ഉണ്ടായാൽ ഈ കുറവുകൾ വളരെ വേഗത്തിൽ പരിഹാരം കാണുവാൻ കഴിയും.

ഈ സാങ്കേതങ്ങളിലെ പഴയതലമുറയിൽപ്പെട്ട അധികം പേരും സാക്ഷരരല്ലായെന്നുള്ള യാഥാർത്ഥ്യം നാം കുറച്ചുകാണുന്നത് ശരിയല്ല, വളർന്നുവരുന്ന തലമുറയിൽ പ്രത്യേകിച്ച് യുവാക്കൾ 50 ശതമാനത്തിലേറെ വിദ്യാഭ്യാസ കാര്യത്തിൽ പിന്നോക്കം പൊയ്ക്കൊണ്ടിരിക്കുന്നു. ആഹാരം, വസത്രം എന്നിവയുടെ കുറവ്, രക്ഷിതാക്കളുടെ അനാസ്ഥത, സാമൂഹ്യചുറ്റുപാടുകളിലെ വ്യത്യസ്ഥത, സിനിമ,ടി.വി എന്നിവയുടെ അമിത സ്വാധീനം എന്നിവയെല്ലാം കാരണങ്ങളിൽ ചിലതുമാത്രമാണ്.

അധികമാളുകളും കാർഷികമേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കാർഷിക മേഖലയിലെ ഉല്പാദമാന്ദ്യവും ഈ മേഖലയുടെ തകർച്ചയും താളം തെറ്റിക്കുന്നു. ഈ വിഭാഗം തൊഴിലാളികളുടെ പ്രതീക്ഷകളേയും കുടുംബജീ

വിതത്തേയുമാണ്. കാർഷിക മേഖലയുടെ സമഗ്രമായ പുരോഗതി കൈവരിക്കുന്നതിലൂടെ മാത്രമേ നമ്മുടെ രാജ്യത്തിന് രക്ഷപെടാനാവു എന്നതുപോലെതന്നെ ഈ വിഭാഗം തൊഴിലാളികളുടെയും സമൂഹത്തന്റെയും നിലനില്പും പുരോഗതിയും സാധ്യമാക്കാനാവുക.

പട്ടികജാതിയിൽപ്പെട്ട 540 കുടുംബങ്ങൾക്ക് ഇനിയും വീടുകൾ ഉണ്ടാകേണ്ടതുണ്ട്. മാത്രമല്ല ഇനിയും വൈദ്യുതികരിക്കപ്പെടാത്ത വീടുകളും 503 എണ്ണം നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. മനുഷ്യന്റെ ജീവത്തായ ഈ പ്രശ്നങ്ങൾക്ക അടിയന്തിര പരിഹാരം കാണേണ്ടതുണ്ട്.ഈ വിവരങ്ങളുടെ വിശദമായ പട്ടിക മുൻ അദ്ധ്യായങ്ങളിൽ ചേർത്തിരുന്നു.

## പ്രശ്നങ്ങൾ

- പഞ്ചായത്തിലെ 4,ഐ.എച്ച്.ഡി.പി കോളനികളിലേക്കും സഞ്ചാരയോഗ്യവും ടാറുചെയ്തതുമായ റോഡുകളുടെ അഭാവം നിലനില്ക്കുകയാണ്.
- മറ്റുള്ള പട്ടികജാതി സങ്കേതങ്ങളിലേക്കും റോഡുകളുടെ അഭാവം സങ്കീർണ്ണമായി നില്ക്കുന്നു. ഈ പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമുള്ള ഉപകരണങ്ങൾ വാഹനത്തിൽ കൊണ്ടുചെല്ലുവാൻ കഴിയുകയില്ല. ഇഷ്ടികയും മണലും മറ്റുപകരണങ്ങളും തലചുമടായി മാത്രമേ കൊണ്ടുചെല്ലുവാൻ കഴിയു.
- എല്ലാവർക്കും സ്വന്തമായി വീടില്ല. 127 പേർക്ക് വീടുവെക്കാൻ സ്വന്തമായി വസ്തു ഇല്ല.
- നിലവിൽ വീടുള്ളവർക്കും കുടിലുകളിലും ഇനിയും പൈദ്യുതി എത്തേണ്ടതുണ്ട്. ഈ കാരണത്താൽ നന്നായിപഠിക്കുന്ന വിദ്യാർത്ഥികൾക്കുപോലും തൃപ്തികരമായി പഠിക്കുവാൻ പോലും കഴിയുന്നില്ല.
- പ്രാഥമിക ആവശ്യത്തിന് എല്ലാവർക്കും കക്കൂസ് സൗകര്യം എത്തിയിട്ടില്ല. 356 കുടുംബങ്ങൾക്ക് ഇനിയും കക്കൂസ് ലഭ്യമാകാനുണ്ട്.
- കന്നിമേൽ കോളനിയിൽ (ഐ.എച്ച്.ഡി.പി ആയിട്ടുപോലും) ഇനിയും കുടിവെള്ളം എത്തിയില്ല. മറ്റ് സാങ്കേതങ്ങളിലും പൈപ്പ് ലൈൻ നീട്ടി കുടിവെള്ളം എത്തിക്കേണ്ടതുണ്ട്. മാത്രമല്ല ആരോഗ്യസംരക്ഷണ സംവിധാനങ്ങളും തീരെയില്ല.
- പൊതുശ്മശാനം ഇല്ല.
- കൈവശ ഭൂമിക്ക് പട്ടയം കിട്ടിയിട്ടില്ലാത്തവരുമുണ്ട്.
- പട്ടികജാതി ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണ അളവിൽ ലഭ്യ.മാകാറില്ല.
- മറ്റ് ക്ഷേമസഹായങ്ങൾ അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

- കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
- പട്ടികജാതി പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് അവർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക.
- ഇന്ന് പൈപ്പ് ലൈൻ എത്തിയിട്ടില്ലാത്ത മുഴുവൻ പട്ടികജാതി സങ്കേതങ്ങളിലേക്കും പൈപ്പ്ലൈൻ നീട്ടി കുടിവെള്ളമെത്തിക്കുക.
- ഓടിട്ട വീടില്ലാത്ത മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് നിർമ്മിച്ചുനൽകുക. വീട് നിർമ്മാണത്തിനുള്ള ധനസഹായത്തിന്റെ പരിധി ഉയർത്തുക.
- കക്കൂസ് സൗകര്യമില്ലാത്ത മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചുനൽകുക.
- ലക്ഷം വീടുകോളനികളിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടുകളാക്കുകയും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

* വൈദ്യുതീകരിച്ചിട്ടില്ലാത്ത മുഴുവൻ പട്ടിക ജാതി കുടുംബങ്ങളുടെ വീടുകളും അടിയന്തിരമായി വൈദ്യുതീകരിച്ച് നൽകുക.

* ദ്രുപഞ്ചായത്തിലെ മുഴുവൻ ഐ.എച്ച്.ഡി.പി കോളനികളിലേക്കുള്ള റോഡുകൾ മെറ്റൽ ചെയ്തു ടാറുചെയ്ത് സഞ്ചാരയോഗ്യമാക്കുക.

* പട്ടികജാതി സെറ്റിൽമെന്റെ സങ്കേതങ്ങളിലേക്കുള്ള മുഴുവൻ റോഡുകളും സഞ്ചാരയോഗ്യമാക്കുക. പരമാവധി രോഡുകൾ ടാറുചെയ്യുക.

* സങ്കേതപ്രദേശങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ സംരക്ഷണ ജോലികൾ ചെയ്യുക.

* മുഴുവമ് പട്ടികജാതി സങ്കേതങ്ങളിലും സാധ്യതയ്ക്കനുസരണമായി കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുകയും ടി.വി. സെറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

* അതിനോടനുബന്ധമായി വായനശാലകളും നിർമ്മിച്ചു നൽകുക.

* പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമ-സഹായ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഫണ്ടും ചുമതലയും പഞ്ചായത്തുകളെ ഏല്പിക്കുക,

* കഴിയുന്നത്ര പട്ടികജാതി സങ്കേതങ്ങളിൽ പൊതുശ്മശാനം നിർമ്മിക്കുക. ശവശരീരങ്ങൾ കുഴിച്ചു മൂടുന്നതിന് പകരമായി ദഹിപ്പിക്കുന്നതിനുള്ള പ്രത്യേക സംവിധാനവും ഉണ്ടാക്കുക.

* വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാനും ഇടക്കുവെച്ച് കൊഴിഞ്ഞു പോകാതിരിക്കുന്നതിനുള്ള പ്രത്യേക സംവിധാനവും ഏർപ്പെടുത്തുക.

* പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ശാസ്ത്രീയമായ സംരക്ഷണം ചുമതല ആവിഷ്ക്കരിക്കുക.

# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ മൂന്ന് കാർഷിക രംഗത്തെ മുരടിപ്പാണ്. കൃഷി നിലങ്ങൾ താമസപ്പറമ്പുകളായി അനുദിനം മാറിക്കൊണ്ടിരിക്കുന്നു. ഉല്പാദനക്ഷമത അനുദിനം ഇടിയുന്നു. കർഷകർ കർഷകത്തൊഴിലാളിയായി മാറുന്നു. രാസവള ഉപഭോഗം ഉണ്ടാക്കുന്ന ദോഷഫലങ്ങൾ ഒഴുവാക്കി ജൈവവളപ്രയോഗത്തിന് പ്രാധാന്യം നൽകണം. അതിനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവസമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

സർക്കാർ ഗ്രാന്റുകൾക്ക് ഇന്നും ഡിപ്പാർട്ടുമെന്റ് അധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരുതരത്തിലുള്ള വിവേചനവും നിലനിർത്താതെ ഗ്രാന്റുകൾ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം ഉണ്ടാകണം. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റുകൾ ഒന്നുംരണ്ടും വർഷം കഴിഞ്ഞാണ് പഞ്ചായത്തുകളിൽ എത്തുന്നത്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനസംഖ്യ, പട്ടികജാതി ജനസംഖ്യ സ്ത്രീകളുടെ എണ്ണം, എന്നിവ പരിഗണിച്ച് ജനസംഖ്യാനുപാതത്തിൽ ഗ്രാന്റ് വിതകണം ചെയ്യുന്നതിനു നീതിപൂർവ്വമായ തീരുമാനം ഉണ്ടാക്കണം.

തഴക്കര പഞ്ചായത്തിലെ വരുമാനം സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| നമ്പർ | ഇനം | 1995-96 | 1996-97 |
|---|---|---|---|
| 1. | കെട്ടിട നികുതി | 382160 | 394120 |
| 2. | തൊഴിൽ നികുതി | 210000 | 196715 |
| 3. | വിനോദ നികുതി | 12687 | 11815 |
| 4. | ഉപാധിരഹിത ഫണ്ട് | 282000 | 319000 |
| 5. | പി.ഡബ്ല്യു.ഡി ഗ്രാന്റ് | - | 40000 |
| 6. | ജെ.ആർ.വൈ | 280400 | 368800 |
| 7. | മറ്റ് ഗ്രാന്റുകൾ സംഭാവനകൾ | 903341 | 1168400 |
| | ആകെ വരവ് | 2070588 | 2498850 |
| | **ആകെ ചെലവ്** | **1203259** | **1780614** |

ഓരോ വാർഡിൽ നിന്നും ഗൾഫിൽ ജോലി ചെയ്യുന്നവരുടെ പട്ടിക താഴെകൊടുക്കുന്നു. ഇവരിൽ ഉയർന്ന സാമ്പത്തിക നിലകൈവരിച്ചവർ വളരെ കുറവാണ്.

**ഗൾഫ് ജോലിക്കാരുടെ വാർഡു തിരിച്ചുള്ള കണക്ക്**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 83 | 102 | 46 | 124 | 23 | 32 | 118 | 53 | 97 | 47 | 68 | 39 | 73 |

നമ്മുടെ പഞ്ചായത്തിൽ മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. ലോൺ വാങ്ങേണ്ട ആവശ്യമുള്ളപ്പഴോ എന്തെങ്കിലും ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരുമ്പോഴോ നികുതി കൊടുക്കുന്ന സമ്പ്രദായമാണിപ്പോഴുള്ളത്. നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെല്ലാം ഫീസ് അടക്കാതെയും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കുകവഴി ചെയ്യുന്നതെന്ന തിരിച്ചറിവ് ഉണ്ടാക്കിക്കൊടുക്കുകയും നികുതിയും ഫീസും കൃത്യമായി അടക്കുകയും ചെയ്താൽ പഞ്ചായത്തിൻരെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. വിഭവ സമാഹരണത്തിൽ നികുതി അടക്കിലിനും അടപ്പിക്കലിനും നിർണ്ണായകപങ്കുണ്ട്.

## മറ്റു ധനാഗമമാർഗ്ഗങ്ങൾ

- പഞ്ചായത്തിന്റെ പുറമ്പോക്കു ഭൂമി അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റം ഒഴുപ്പിച്ച് ലീസിന് കൊടുത്താൽ പ്രതിവർഷം പതിനായിരക്കണക്കിന് രൂപാ പഞ്ചായത്തിലേക്ക് വരുമാനമുണ്ടാക്കാൻ കഴിയും. പ്രകൃതി ഒരുക്കിത്തന്ന നല്ലൊരു വരുമാനമാർഗ്ഗം പാഴാക്കുകയാണ് നാം ചെയ്തുകൊണ്ടിരിക്കുകയാണ്.
- കീച്ചേരിത്ത് ഭാഗത്തെ പഞ്ചായത്തിന്റെ സ്വത്തായ കുളവും അതുപോലെയുള്ള മറ്റ് കുളങ്ങളും മത്സ്യകൃഷിക്ക് താല്പര്യമുള്ളവർക്ക് മത്സ്യകൃഷിക്കായി വിട്ടുകൊടുത്തുകൊണ്ട് ന്യായമായ ഫീസ് ഈടാക്കിയാലും ഒരു നല്ല സംഖ്യ വരുമാനം ഉണ്ടാക്കുവാൻ കഴിയും.
- നിർമ്മാണ തൊഴിലാളികൾക്കും , ഇൻഡസ്ട്രീയൽ എസ്റ്റേറ്റുപോലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളിലും പെട്രോൾ പമ്പിലും പണിയെടുക്കുന്ന തൊഴിലാളികളിൽ നിന്നും, അതുപോലെ പഞ്ചായത്ത് പ്രദേശങ്ങളിൽ ഓട്ടോ, ടാക്സി, ടെമ്പോ മുതലായ ഓടിക്കുന്ന തൊഴിലാളികളിൽ നിന്നും പ്രതിവർഷം ഒരു തുച്ഛമായ സംഖ്യ തൊഴിൽ കരംവാങ്ങി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
- പഞ്ചായത്തിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്കളിൽ നിന്ന് ഒരു സംഖ്യ. പ്രതിവർഷം ഫീസ് അടപ്പിക്കുകയും പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ നിന്ന് ഒരു തുച്ഛമായ സംഖ്യ തൊഴിൽകരമായി ഈടാക്കിയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
- പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിക്കുന്ന പ്രത്യേകമായ പരസ്യബോർഡുകൾക്ക് ഒരു നിശ്ചിതഫീസ് ഈടാക്കാവുന്നതാണ്. കവലകളിൽ സ്ഥിരമായി സ്ഥാപിക്കുന്ന വലിയ പരസ്യബോർഡുകൾക്ക് ഒരുനല്ല സംഖ്യ ഫീസായി ഈടാക്കാവുന്നതാണ്.
- പ്രൈവറ്റ് ഐ.റ്റി.സികൾ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഇവയിൽ നിന്നെല്ലാം തൊഴിൽ കരം ഈടാക്കാവുന്നതാണ്.
- കേബിൾ, ടി.വി, സ്ഥാപിച്ചിട്ടുള്ള കുടുംബങ്ങളിൽ നിന്ന് ഷോ ടാക്സ് പോലെ ഒരു ചെറിയ ഫീസ് വീട്ടുകരത്തോടൊപ്പം ഈടാക്കാവുന്നതാണ്.
- നമ്മുടെ പഞ്ചായത്തിലെ തകിടി പ്രദേശങ്ങളിൽ പ്രകൃതി വിഭവം എന്ന നിലയിൽ ചെളിയെടുത്ത് ഇഷ്ടിക നിർമ്മണവും വ്യവസായവും നടത്തുന്ന ആളുകളിൽനിന്ന് ഒരു നല്ല സംഖ്യ ഫീസായി അടപ്പിച്ച് ഈ വ്യവസായത്തിന് ലൈസൻസ് ഏർപ്പാടുണ്ടാക്കണം.
- പഞ്ചായത്ത് പ്രദേശത്ത് നിരവധി സ്വകാര്യഫൈനാൻസിയേഴ്സ് പ്രവർത്തിക്കുന്നുണ്ട്. അവരിൽ നിന്ന് വരുമാനത്തിനുസരണമായ ഒരു ഫീസ് ഈടാക്കാവുന്നതാണ്.
- പഞ്ചായത്താഫീസ് കോമ്പൗണ്ടിൽ പി.ഡബ്ല്യു.ഡി റോഡിനെ ഫേസ് ചെയ്യുന്ന തരത്തിൽ ഷോപ്പീംഗ് കോംപ്ലക്സും മുകളിൽ ഒരു വിശാലമായ ആഡിറ്റോറിയവും പണികഴിപ്പിച്ച് അവ വാടകയ്ക്ക് കൊടുത്ത് പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
- പഞ്ചായത്തിന്റെ മിനി സറ്റേഡിയത്തിൽ ഗാലറിയുൾപ്പടെയുള്ള സൗകര്യങ്ങളോടു കുടി സ്റ്റേഡിയത്തിന്റെ പണി പൂർത്തീകരിച്ച് വിവിധ മാച്ചുകൾ നടത്തുവാൻ വാടകയ്ക്ക് കൊടുത്ത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക.
- പഞ്ചായത്തിലെ കൃഷി ഭവൻ, അഗ്രികൾച്ചർ ഫാമും, സീഡ് ഫാമും, ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ എല്ലാ സ്ഥാപങ്ങളിലും ഓരോ വർഷവും കാർഷിക വ്യാവസായിക പ്രദർശനം സംഘടിപ്പിച്ചാലും ഫഞ്ചായത്തിന് വരുമാനം ഉണ്ടാക്കാവുന്നതാണ്.

## മനുഷ്യാധ്വാനം

പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്വിഭവം തന്നെയാണ്. എല്ലാഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യുവാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതി, മതം, കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അധ്വാനം മഹത്തരമായ ഒരാശയമാണ്.

എല്ലാബഹുജന സംഘടനങ്ങൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ടുതന്നെ ബഹുജനസംഘനകൾ വികസനപ്രവർത്തനരംഗത്ത് ഇടപ്പെടുന്നത് നേട്ടങ്ങൾക്ക് സഹായകരമാണ്.

## വിദേശ-സമ്പാദ്യ വിഹിതം

വിദേശരാജ്യങ്ങളിൽ പോയിജോലി ചെയ്ത് സാമ്പത്തികം സ്വരൂപിക്കുന്ന അവരുടെ കഴിവിന്റെയും സന്മനോഭാവത്തിന്റെയും അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിന്റെ വികസനോന്മുഖമായ ക്ഷേമ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി അവരെ ക്കൂടി സഹകരിപ്പിച്ച് നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ കഴിയും.

# ഉപസംഹാരം

ആസൂത്രണം അർത്ഥവത്താവുന്നത്, വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്- പ്രകൃതി വിഭലവങ്ങൾ, ജനവിഭവങ്ങൾ, എന്നിവ പ്രയോജനപ്പെടുത്തി ചരിത്രപരമായ സാഹചര്യ ബന്ധങ്ങളെ വിശകലനം ചെയ്തു പ്രായോഗികബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്തുവാൻ കഴിയണം. ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമത്തിൽ എല്ലാവിഷയങ്ങളിലേയും നിർദ്ധേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ദസമിതികൾക്ക് കഴിയും.

ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന വിനോദമല്ല ജനകീയ ആസൂത്രണം. മറിച്ച് ജനോപകരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യ ആയുധമാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം.

അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനരേഖ സമ്പുഷ്ടമാക്കി കാര്യങ്ങൾ സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയെ തീരു. കക്ഷിരാഷ്ട്രീയത്തിനധീതമായി രാഷ്ട്രീയത്തിൽ മുഴുകിയാൽ ആഴക്കടലിൽ നിന്ന് മുത്തുകൾ വാരിയെടുക്കുന്ന അത്ഭുതം പോലെ നമ്മുടെ പഞ്ചായത്തിൽ വികസനത്തിൻരെ മുത്തുകൾ വാരിക്കൂട്ടുവാൻ കഴിയും, ഗ്രാമസഭകളുടെയും ജനകീയ ശക്തിയുടെയും മാസ്മര ശക്തിയാൽ ഗ്രാമവികസനത്തിന് ഒരു വേലിയേറ്റം സൃഷ്ടിക്കുവാൻ കഴിയും.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ സമഗ്ര വികസന രേഖ തഴക്കര ഗ്രാമപഞ്ചായത്തിലെ വികസന സെമിനാറിന്,മുമ്പിൽ വിനയപൂർവ്വം സമർപ്പിക്കുന്നു.

വിശദമായ വിശകലനവും ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും വേണ്ടി.

# നന്ദി......

ബഹുമാന്യരേ,

1995 ഒക്ടോബർ 2ന് അധികാരത്തിൽ വന്ന പഞ്ചായത്തു കമ്മറ്റിക്ക് പിന്നിട്ട ഒരു വർഷക്കാലയളവിൽ എടുത്തു പറയുവുന്ന അനവധി വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഓരോന്നും എണ്ണി എണ്ണി പറയുവാൻ ഈ അവസരം വിനിയോഗിക്കുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ കൂട്ടായ പ്രർത്തനത്തിലൂടെ നേട്ടങ്ങൾ ഉണ്ടാക്കി മുന്നേറുവാൻ കഴിയുമെന്നുള്ള യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടുകൊണ്ട് ഞങ്ങൾ പ്രവർത്തിക്കുകയാണ്.

ജനാധിപത്യത്തിന്റെ ഉന്നതമായ മൂല്യങ്ങൾ ചോർന്നുപോകാതെ അഴിമതിയില്ലാതെ ഈ ഗ്രാമപഞ്ചായത്തിന്റെ നാനാവിധമായ അപര്യാപ്തതകൾക്കും പരിഹാരം കാണുവാനുള്ള പരിശ്രമത്തിലാണ് ഞങ്ങൾ. ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള ജനകീയ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുവാൻ നിങ്ങളുടെ കൂടി സഹായസഹകരണങ്ങൾ ഉണ്ടായെങ്കിലേ കഴിയൂ. അതിനുള്ള സൈദ്ധാന്തികവും പ്രായോഗികവുമായ മാർഗ്ഗമാണ് ജനകീയ. ആസൂത്രണ പ്രസ്ഥാനം. ഈ പ്രസ്ഥാനത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്ക് ഞങ്ങളെ സഹായിച്ചവരെയും നമ്മുടെ ബഹുമാന്യരായ ഡി.ആർ.പിമാരേയും എൽ.ആർ.പി മാരെയും വിവരശേഖരണത്തിന് സഹായിച്ച ഉദ്യോഗസ്ഥ-അനുദ്യോഗസ്ഥ സുഹൃത്തുക്കളെയും ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

മാത്രമല്ല നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസന മാർഗ്ഗരേഖയുടെ പൂർത്തീകരണത്തിനായി, ഈ ചരിത്ര മുഹൂർത്തത്തിന് സാക്ഷ്യം വഹിക്കുവാനായി ഞങ്ങളോട് സഹകരിച്ച എല്ലാവരോടും ഞങ്ങൾക്കുള്ള നിസിമമായ നന്ദി വിനയപൂർവ്വം രേഖപ്പെടുത്തുന്നു.

സ്നേഹാദരങ്ങളോടെ,

മുരളി തഴക്കര
പ്രസിഡന്റ്
(തഴക്കര ഗ്രാമപഞ്ചായത്ത്)

തഴക്കര പഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്നവർ

1. മുരളിതഴക്കര
2. റ്റി. കൃഷ്ണൻ
3. ഡോ. പി.എൻ. വിശ്വനാഥൻ
4. അഡ്വ. ഇറവങ്കര വിശ്വനാഥൻ
5. കെ. രഘുപ്രസാദ്
6. പ്രദീപ്, കാവിൽ
7. ഷീലാരവീന്ദ്രനുണ്ണിത്താൻ
8. ഓമനക്കുട്ടിയമ്മ
9. കെ.ജി, ഷാ
10. എ. കേശവൻ
11. ജി. അജയൻ
12. രാധാകൃഷ്ണൻ
13. സുരേന്ദ്രൻ
14. ശ്രീകുമാർ
15. റ്റി.പി. വിക്രമനുണ്ണിത്താൻ
16. ജോൺ പീടികയിൽ
17. കെ. മിനി
18. കെ.ജി. മഹാദേവൻ
19. കെ.വാസുദേവൻ
20. ശശി തുണ്ടിൽ
21. വെട്ടിയാർ ശിവരാമൻ നായർ
22. വി.കെ. രാജൻ
23. എസ്. അനിരുദ്ധൻ
24. റ്റി. ആർ. വിജയകുമാർ
25. സി. കുഞ്ഞുമോൻ

## വാർഡുതിരിച്ചുള്ള കോളനികളുടെ എണ്ണം, കോളനികളുടെ പേര്

| നമ്പർ | കോളനികളുടെ പേര് | വാർഡ് | വാർഡ് തിരിച്ചുള്ള എണ്ണം | ഐ.എച്ച്.ഡി.പി ആണോ/അല്ല. |
|---|---|---|---|---|
| 1. | എരിയമ്പലുത്ത് കോളനി | 1 | | |
| 2. | മരുത്വം പള്ളിൽ-കോളേഴത്ത് | 1 | | |
| 3. | മഠത്തിൽതറ കോളനി ഐ.എച്ച്.ഡി.പി | 1 | 5 | |
| 4. | മുടുത്തയ്യത്ത് കോളനി | 1 | | |
| 5. | ചാണ്ടശ്ശേരിൽ | 1 | | |
| 6. | മുലേൽ കോളനി | 2 | | |
| 7. | നീലവേലയിൽ ഐ.എച്ച്.ഡി.പി | 2 | 3 | |
| 8. | ആമ്പിലിത്തറ കോളനി | 2 | | |
| 9. | കരണ്ടിഅയ്യത്ത് | 3 | | |
| 10. | തൊടുകയിൽ - പാറയ്ക്കൽ ഐ.എച്ച്.ഡി.പി | 3 | 4 | |
| 11. | മുണ്ടുചാലിൽ-മണറ്റാൽ | 3 | | |
| 12, | കാവിൽ-പെരിങ്ങേലിപ്പുറത്ത് | 3 | | |
| 13. | ശാസ്താംപടവിൽ-കല്ലിമേൽകുറ്റിയിൽ | 4 | | |
| 14. | ഒരിപ്പുറത്ത് കോളനി | 4 | 4 | |
| 15. | കോണത്ത് കോളനി | 4 | | |
| 16. | കീച്ചേരിത്ത് കോളനി | 4 | | |
| 17. | കരുവേലിൽ കോളനി | 5 | | |
| 18. | മലങ്കാവിള കോളനി | 5 | 3 | |
| 19. | മാമ്പത്തിൽ-കരുവത്തിൽ | 5 | | |
| 20. | ഒറ്റതെങ്ങിൽ- | 6 | | |
| 21. | ചെറുമല ഐ.എച്ച്.ഡി.പി | 6 | 4 | |
| 22. | ആക്കനാട്ടുതറ | 6 | | |
| 23. | കന്നിമേൽ-പണിക്കത്തേത്ത് | 6 | | |

| നമ്പർ | കോളനികളുടെ പേര് | വാർഡ് | വാർഡ് തിരിച്ചുള്ള എണ്ണം | ഐ.എച്ച്.ഡി.പി ആണോ/അല്ല. |
|---|---|---|---|---|
| 24. | പയ്യംമ്പള്ളിൽ കോളനി | 7 | | |
| 25. | കൊട്ടക്കാട്ടുവിള കോളനി ഐ.എച്ച.ഡി.പി | 7 | 2 | |
| 26. | മേലാത്തറ കോളനി | 8 | | |
| 27. | മാമ്പ്ര കോളനി ഐ.എച്ച.ഡി.പിപ്രൊപ്പോസൽ | 8 | 3 | |
| 28. | രാമല്ലൂർ-കൊച്ചിക്ക | 8 | | |
| 29. | നിരവിനാൽ | 9 | | |
| 30. | പ്ലാവിള- മുടത്തുമൂല | 9 | | |
| 31. | നെടുവേലിത്തറ | 9 | 5 | |
| 32. | കരുവേലിൽ | 9 | | |
| 33. | കുരംചിറ | 9 | | |
| 34. | പേരൂർത്തറ | 10 | | |
| 35. | ആനിക്കാട്-മലമുറ്റം | 10 | 4 | |
| 36. | | | | |
| 37. | കുറ്റിയിൽ | 10 | | |
| 38. | തെങ്ങുംതറ | 11 | 2 | |
| 39. | കൊട്ടക്കാട്ടുവിള | 11 | | |
| 40 | കോതാറ | 12 | | |
| 41. | ഭൂതക്കുഴി-തടത്തിൽ | 12 | 3 | |
| 42. | കുട്ടൻകുളം | 12 | | |
| 43. | പുറ്റമ്പാട്ട് | 13 | 2 | |
| 44. | ആലുള്ളതിൽ | 13 | | |
| | ആകെ | 44 | | |

## വിവിധ സബ്കമ്മറ്റി കൺവീനറന്മാർ

| | | |
|---|---|---|
| 1. ററി.പി. വിക്രമനുണ്ണിത്താൻ | – | കൃഷിയും അനുബന്ധവും |
| 2. ജോൺ പീടികയിൽ | – | മൃഗസംരക്ഷണവും മത്സ്യബന്ധനവും |
| 3. കെ.കെ.മനോജ് | – | വ്യവസായം |
| 4. എലിസബത്ത് കുര്യൻ | – | ഊർജ്ജം, ഗതാഗതം |
| 5. ഡോ. പി. എൻ. വിശ്വനാഥൻ | – | കുടിവെള്ളവും ആരോഗ്യവും |
| 6. ററി. കൃഷ്ണൻ | – | പാർപ്പിടവും സാമൂഹ്യക്ഷേമവും |
| 7. കെ.മിനി | – | വിദ്യാഭ്യാസം |
| 8. മുരളി വൃന്ദാവനം | – | സംസ്ക്കാരം |
| 9. കെ.വി. ബാലകൃഷ്ണപിള്ള | – | സഹകരണം |
| 10. ലേഖാ വിജയകുമാർ | – | വനിതാസംരക്ഷണം |
| 11. വിലാസിനി കൃഷ്ണൻകുട്ടി | – | പട്ടികജാതി സംരക്ഷണം |
| 12. സരസുസാറാ മാത്യു | – | വിഭവസമാഹരണം. |



.......സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ തങ്ങൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമദരിദ്രനുപോലും അനുഭവപ്പെടുന്ന ഒരു ഭാരതം, ഉയർന്നവർഗ്ഗക്കാരോ താഴ്നവർഗ്ഗക്കാരോ ഇല്ലത്തൊരു ഭാരതം, എല്ലാസമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഞാൻ പ്രവർത്തിക്കും.

ഗാന്ധിജി.

Type Setted At Printec Computer Graphics, Charummoodu-690 505
Printed at **VIDYA OFFSET PRINTERS** Pathanamthitta ✆ 323661, 323587